# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജനുവരി 26 | ദീപം 55 | നാളം 46 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# വിദേശസർവകലാശാലകൾക്കു പരവതാനി വിരിക്കുംമുമ്പ്



ഡോ. റൂബിൾരാജ്

**2020** ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ (NEP 2020) ചുവടുപിടിച്ച്, ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസമ്പ്രദായം രാജ്യാന്തരവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (UGC) കരടുനയരേഖ (University Grants Commission Setting up and Operation of Campus of Foreign Higher Educational Institutions in India Regulations, 2023) പ്രസിദ്ധീകരിച്ചതാണ് ഈ രംഗത്തെ ചൂടുള്ള വാർത്ത. എന്നാൽ, ഇതു തികച്ചും അപ്രതീക്ഷിതമായ വാർത്തയല്ലതാനും. ഇന്ത്യയുടെ 'വിശ്വഗുരു' സ്ഥാനം തിരികെപ്പിടിക്കാനും ഇന്ത്യയെ ആഗോളപഠനലക്ഷ്യകേന്ദ്രമാക്കാനും ഉതകുന്ന രീതിയിൽ ഇന്ത്യയിലെ മികച്ച സർവകലാശാലകളെ വിദേശത്ത് കാമ്പസ് തുറക്കാനും മുന്തിയ വിദേശ സർവകലാശാലകളെ ഇന്ത്യയിൽ പ്രവർത്തിക്കാൻ അനുവദിക്കാനുമുള്ള നയം 2020 ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗംതന്നെയായിരുന്നു.

ഇന്ത്യയിലെ സ്വയംഭരണ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള പ്രത്യേക നിയന്ത്രണ, ഭരണക്രമമായിരിക്കും വിദേശസർവകലാശാലകൾക്കും ബാധകമായിരിക്കുകയെന്നത് കരടുനയരേഖ വ്യക്തമാക്കുന്നുണ്ട്.

ലക്ഷ്യം: ഉന്നതവിദ്യാഭ്യാസത്തിന് അന്താരാഷ്ട്ര മാനം നൽകുക, തങ്ങൾക്കു താങ്ങാവുന്ന ഫീസിൽ വിദ്യാർഥികൾക്ക് വിദേശബിരുദങ്ങൾ ലഭ്യമാക്കുക, ഒപ്പം ഇന്ത്യയെ ആകർഷകമായ അന്താരാഷ്ട്ര പഠനദിശാകേന്ദ്രമാക്കുക എന്നീ ലക്ഷ്യങ്ങളാണ് കരടു രേഖയിൽ കാണാനാവുന്നത്.

കോഴ്സുകൾ: എല്ലാ വിഷയങ്ങളിലും ബിരുദ, ബിരുദാനന്തര, ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ കോഴ്സുകളും മറ്റു പ്രോഗ്രാമുകളും നടത്തി ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് മുതലായവ നൽകാനുള്ള അനുവാദമാണ് വിദേശസർവകലാശാലകൾക്കു ലഭിക്കുക.



യുജിസിയുടെ അംഗീകാരത്തോടെ മാത്രമേ വിദേശസർവകലാശാലകൾക്ക് ഇന്ത്യയിൽ കാമ്പസുകൾ ആരംഭിക്കാനാവൂ. അപേക്ഷിക്കുന്ന സമയത്ത് ലോകത്തിലെ മികച്ച 500 സർവകലാശാലകളുടെ പട്ടികയിൽ ഇടംപിടിച്ചിരിക്കണം, കൂടാതെ, സ്വദേശത്ത് മികച്ചത് എന്ന ഖ്യാതിയും ഉണ്ടായിരിക്കണം. ▶8

# ആകുലതകൾക്കു നടുവിൽ ലോകസാമ്പത്തികരംഗം



റ്റി.സി. മാത്യു

**വ**ളരെ മോശമായ കാലത്തേക്കാണു ലോകം പ്രവേശിച്ചിരിക്കുന്നത് എന്നാണു പൊതുവിലയിരുത്തൽ. 2022 ന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന ശുഭപ്രതീക്ഷ 2023 ന്റെ ആരംഭത്തിൽ ഇല്ല. ഇതിനർഥം കൂടുതൽ ദുരിതപൂർണമാകും ലോകാവസ്ഥ എന്നല്ല. സാമ്പത്തികകാര്യങ്ങളിൽ പ്രവചനങ്ങൾ പാളുന്നതാണു കണ്ടുവരുന്നത്. പ്രവചനങ്ങൾ പറയുന്നതു നല്ലതായാലും ചീത്തയായാലും അതാണു കണ്ടുവരുന്നത്. അതുകൊണ്ട് മോശം എന്ന പ്രവചനം നല്ലതിലേക്കു വഴിതുറക്കുമെന്ന് ആഗ്രഹിക്കാം.

ഐഎംഎഫ്, ലോകബാങ്ക്, സമ്പന്നരാജ്യങ്ങളുടെ കൂട്ടായ്മയായ ഒഇസിഡി തുടങ്ങിയവ എല്ലാം പറയുന്നത് ഒന്നുതന്നെ. '2022 മോശമായിരുന്നു. 2023 കൂടുതൽ മോശമാകും. 2024 ലേ ആശ്വാസത്തിനു വക തുടങ്ങൂ.'

### മാന്ദ്യത്തിലേതുപോലെ ജീവിതം

ആഗോളവളർച്ച സംബന്ധിച്ച ഐഎംഎഫ് നിരീക്ഷണങ്ങൾ ഇങ്ങനെ: 2021-ൽ 6.0 ശതമാനം വളർന്ന ലോകം 2022-ൽ 3.2 ശതമാനം മാത്രം വളർന്നു എന്നാണു നിഗമനം. 2023 -ൽ വളർച്ച 2.7 ശതമാനമായി കുറയുമെന്നു കരുതുന്നു. നേരത്തേ കണക്കാക്കിയിരുന്നത് 2.9 ശതമാനം വളർച്ചയാണ്.

വിലക്കയറ്റം സംബന്ധിച്ച ഐഎംഎഫ് വിലയിരുത്തൽ ഇങ്ങനെ (ശതമാനത്തിൽ): 2021 - 4.7, 2022 - 8.8, 2023 - 6.5, 2024 - 4.1. വളർച്ചയുടെ ഇരട്ടിയിലേറെയാകും വിലക്കയറ്റം. അതായത്, ജനങ്ങളുടെ ജീവിതനിലവാരം കുറയും.

2023 ൽ വളരെയേറെ ജനങ്ങൾക്കു സാമ്പത്തികസാഹചര്യം ഒരു മാന്ദ്യകാലത്തേതുപോലെയാകുമെന്ന് ഐഎംഎഫ് റിപ്പോർട്ടിൽ എഴുതിയത് ഈ സാഹചര്യത്തിലാണ്. പുതുവത്സരദിനത്തിൽ ഐഎംഎഫ് മേധാവി ക്രിസ്റ്റലീന ജോർജിയേവ പറഞ്ഞതു മൂന്നിലൊരു ഭാഗം ജനങ്ങൾ മാന്ദ്യത്തിലാകും എന്നത്രേ.

ലോകബാങ്കും ഇതിനടുത്തു വരുന്ന വിധമാണ് കാര്യങ്ങൾ എന്നു പറഞ്ഞുവയ്ക്കുന്നു. ആഗോളവളർച്ച 1.7 ശതമാനമേ വരൂ എന്നാണു ജനുവരിയിൽ ലോകബാങ്ക് നടത്തിയ വിലയിരുത്തലിൽ പറയുന്നത്. നേരത്തേ മൂന്നു ശതമാനം വളർച്ച പ്രതീക്ഷിച്ചതാണ്.

### നാലു സാഹചര്യങ്ങൾ

ഇക്കൊല്ലം നാലു വ്യത്യസ്ത സാഹചര്യങ്ങൾ ആഗോളതലത്തിൽ ഉണ്ടാകാം.

ആഗോളമാന്ദ്യം ഒഴിവാകുന്നു. എങ്കിലും വളർച്ച തീരെ കുറവാകുന്നു. യുക്രെയ്ൻ യുദ്ധം തുടരുന്നു. വിലക്കയറ്റം സാവധാനം മാത്രം കുറയുന്നു. ഉയർന്ന പലിശ തുടരുന്നു. മാന്ദ്യം ഒഴിവാകുന്നതു കഴിച്ചാൽ മോശമായ അവസ്ഥയാണിത്.

യൂറോമേഖലയും യുകെയും മാന്ദ്യത്തിൽ വീഴുന്നു. ചൈനയിലും യുഎസിലും വളർച്ച കുറവാകുന്നു. യുക്രെയ്ൻ യുദ്ധം തുടരുന്നു. വിലക്കയറ്റം കുറയുന്നില്ല. ക്രൂഡ് ഓയിൽ വില കയറുന്നു. ഡോളർ ദുർബലമാകുന്നു.

ഏറ്റവും മോശമായ അവസ്ഥ. വളർച്ച സംബന്ധിച്ച ഇപ്പോഴത്തെ നിഗമനങ്ങൾ തെറ്റുന്നു. ലോകത്തിലെ ദരിദ്രരാജ്യങ്ങൾ കൂടുതൽ ദരിദ്രമാകും. വികസ്വരരാജ്യങ്ങളുടെ വികസനം നാമമാത്രമാകും.

യുക്രെയ്ൻ യുദ്ധം സമാധാനപരമായി തീരുന്നു. യൂറോപ്പിൽ മുരടിപ്പ് മാറി വളർച്ച വരുന്നു. ക്രൂഡ് ഓയിൽ, ഭക്ഷ്യധാന്യ - ഭക്ഷ്യയെണ്ണ വിലകൾ താഴുന്നു. വിലക്കയറ്റം അതിവേഗം കുറയുന്നു. 2024 ആദ്യം പലിശ കുറയുമെന്ന പ്രതീക്ഷ പടരുന്നു.പ്രതീക്ഷിക്കാവുന്ന ഏറ്റവും നല്ല അവസ്ഥ. വികസ്വരരാജ്യങ്ങൾക്കു കൂടിയ വളർച്ചത്തോതു പ്രതീക്ഷിക്കാം. ▶12

# ഒരേയൊരു കീരവാണി



ളാക്കാട്ടൂർ പൊന്നപ്പൻ

**ബാ**ഹുബലിയുടെ വൻവിജയത്തെത്തുടർന്ന് തെലുങ്കുസിനിമയിലൂടെ ലോകം കീഴടക്കിയ ഇന്ത്യൻ ഡയറക്ടർ, 49 കാരനായ എസ്.എസ്. രാജമൗലി ഒരുക്കിയ ആർ.ആർ.ആർ. എന്ന അദ്ഭുതപടത്തിലെ അതിശയിപ്പിക്കുന്ന സീനുകളെക്കുറിച്ചോ മികച്ച സംവിധാനത്തെക്കുറിച്ചോ ഒന്നുമല്ല ഇപ്പോൾ സിനിമാലോകം സംസാരിക്കുന്നത്. ആർആർആർലെ ത്രസിപ്പിക്കുന്ന താളവേഗമുള്ള തെന്നിന്ത്യൻ ഡപ്പാങ്കുത്ത് സ്റ്റൈൽ 'നാട്ടു നാട്ടു നാട്ടു' എന്ന പാട്ടിനെക്കുറിച്ചും അതിന്റെ സംഗീത സംവിധായകനായ എം.എം. കീരവാണിയെക്കുറിച്ചുമാണ്.

മികച്ച ഗാനത്തിനുള്ള ഈ വർഷത്തെ ഗോൾഡൻ ഗ്ലോബ് പുരസ്കാരം ലോസ് ആഞ്ചൽസിലെ ബെവർലി ഹിൽസിൽ നടന്ന വർണാഭമായ ചടങ്ങിൽ എം.എം. കീരവാണിയെന്ന മരതകമണി ഏറ്റുവാങ്ങുമ്പോൾ ഗോൾഡൻ ജൂബിലി അവാർഡ്സ് 2023 ബെസ്റ്റ് ഒറിജിനൽ സോങ് എന്ന ചരിത്രനേട്ടം പിടിച്ചുവാങ്ങുകയായിരുന്നു. പോപ് സംഗീതറാണിമാരായ ടെയ്‌ലർ സ്വിഫ്റ്റ്, റിഹാനാ തുടങ്ങിയവരുടെ പാട്ടുകളോട് അവസാന റൗണ്ടുവരെ മത്സരിച്ചാണ് ഈ പുരസ്കാരം നേടിയത്. ഇതേ പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ എ.ആർ. റഹ്മാനാണ്. അതൊരു ബ്രിട്ടീഷ് ചിത്രമായിരുന്നു. എന്നാൽ, ഇംഗ്ലീഷിതര ഭാഷയ്ക്കുള്ള ആദ്യ പുരസ്കാരം ഈ തെലുങ്കുഗാനത്തിനാണു ലഭിക്കുന്നത്. തെന്നിന്ത്യക്കാർക്ക് ഏറെ അഭിമാനിക്കാനുള്ള വകയുണ്ട്.

ഇനി ഈ ഗാനത്തെക്കുറിച്ച്. നാട്ടു നാട്ടു ഗാനത്തിന്റെ രചയിതാവ് ചന്ദ്രബോസാണ്. കീരവാണിയുടെ മകൻ കാലഭൈരവ, രാഹുൽ സിപ്ലിഗഞ്ച് എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചത്. അതിനു നൃത്തച്ചുവടുവച്ചത് ചിരഞ്ജീവിയുടെ മകൻ റാം ചരണും എം.റ്റി. രാമറാവുവിന്റെ മകൻ ജൂണിയർ എം.റ്റി.ആറും ഒലീവിയ മോറീസുമാണ്. സിനിമയുടെ ഉള്ളടക്കത്തെയും മറ്റു ജീവസ്സുറ്റ ഘടകങ്ങളെയുമൊക്കെ നിഷ്പ്രഭമാക്കി നാട്ടു നാട്ടു ഈണമൊരുക്കിയ കീരവാണി രാജ്യത്തിന്റെ കൈയടി നേടുന്നതായി സംഗീതലോകം വിലയിരുത്തുന്നു. എ.ആർ. റഹ്മാനുശേഷം വിശ്രുതരും പ്രഗല്ഭരുമായ അനേകം സംഗീതജ്ഞരെ പിന്തള്ളിയാണ് കീരവാണി അവാർഡു നേടുന്നത്. ഹോളിവുഡിനെക്കഴിഞ്ഞ് മറ്റൊന്നുമില്ലെന്നു കരുതുന്ന സിനിമാക്കാർക്ക് ഒരു കനത്ത പ്രഹരമാണ് ഈ അവാർഡ്.

ആകർഷകമായ റിഥം ബീറ്റുകളാണ് ഈ ഗാനത്തെ യുവാക്കളുടെ ഹരമാക്കി മാറ്റിയതെന്ന് കീരവാണി പറഞ്ഞിട്ടുണ്ട്. ഏതായാലും ഇതോടെ ദക്ഷിണേന്ത്യൻപടങ്ങൾ ഇന്ത്യയിലാകെ തരംഗമാകുന്ന സ്ഥിതിവിശേഷം കൂടി വന്നുചേർന്നു. റിലീസ് ചെയ്ത ദിവസംതന്നെ ആഗോളതലത്തിൽ ഏറ്റവുമധികം കളക്ഷൻ നേടിയ ചിത്രം (1200 കോടി കഴിഞ്ഞവർഷം). ഇതിന്റെ ഹിന്ദിപ്പതിപ്പ് നെറ്റ് ഫ്ളിക്സിൽ



ഏറ്റവും ജനപ്രീതിനേടിയ ഇന്ത്യൻ സിനിമ എന്ന ബഹുമതിയും നേടി. കാല-ദേശ-ഭാഷാ- വർഗ-മത വേർതിരിവിന് അതീതമാണ് സംഗീതമെന്ന് നാട്ടു നാട്ടു തെളിയിക്കുന്നു. ഭാഷയോ അർഥമോ അറിയാത്തവർപോലും ഇതേറ്റുപാടുമ്പോൾ സംഗീതം - അതൊന്നു മാത്രമാണ് അവർ നെഞ്ചേറ്റുന്നത്.

ഇനി, കീരവാണിയെക്കുറിച്ച് നമ്മൾ കൂടുതൽ അറിയണം. കൊഡൂരി ശിവശക്തി ദത്തയുടെയും ശ്രീവല്ലിയമ്മയുടെയും മകനായ മരതകമണിയെന്ന ചെറുപ്പക്കാരൻ സിനിമയുടെ വെള്ളിവെളിച്ചത്തിൽ മതിമയങ്ങി ആന്ധ്രയിൽനിന്ന് ചെന്നൈയിലെത്തുമ്പോൾ പ്രമുഖ സംഗീതസംവിധായകൻ ബി.എ. ചിദംബരനാഥിന്റെ മകൻ രാജാമണിയെ പരിചയപ്പെടുന്നു. അതൊരു വഴിത്തിരിവായി. രാജാമണിയുടെ ശിഷ്യത്വം സ്വീകരിച്ച് മൂന്നുവർഷത്തോളം കഴിഞ്ഞു. 1990 ൽ കൽക്കിയെന്ന തെലുങ്കുചിത്രത്തിന്റെ സ്വതന്ത്രസംഗീത സംവിധായകനായി. പക്ഷേ, പടം പുറത്തുവന്നില്ല. എന്നാൽ, അധികം താമസിയാതെ ചെയ്ത 'മനസ്സു മമത' 'ക്ഷണാക്ഷണം' എന്നീ സിനിമകൾ സൂപ്പർഹിറ്റുകളായി. 1994 ൽ 'ക്രിമിനൽ' എന്ന പടത്തിലൂടെ ഹോളിവുഡിലേക്കും കടന്നു.

ചെറുപ്പത്തിലേ ഗായകനായിരുന്നതിനാൽ അച്ഛൻ, മരതകമണിയെ കീരവാണി എന്നും വിളിച്ചിരുന്നു. കിളിമൊഴി എന്നർഥം. ആ പേര് പിന്നീട് പതിയുകയായിരുന്നു. കർണാടകസംഗീതത്തിലെ 72 മേളകർത്താരാഗങ്ങളിൽ 21-ാം രാഗമാണ് കീരവാണി. മനോഹരമായ ആ രാഗത്തെ അന്വർഥമാക്കും മകനെന്ന് അച്ഛൻ കരുതിയത് പാഴായില്ല. തെലുങ്കും തമിഴും കവച്ചുവച്ച് അദ്ദേഹം മലയാളത്തിലേക്കു കടക്കുമ്പോൾ മലയാളികൾക്ക് ഓർത്തുവയ്ക്കാൻ കുറെ നല്ല മെലഡികൾ ലഭിച്ചു. മഞ്ഞുവീണ പുൽത്താരയിൽ, മേലേമാനത്തെ തേര്, പൊന്നമ്പിളിക്കൊമ്പിലെ, തുമ്പീ നിൻമോഹം, കിളിപാടുമേതോ, തരളിതരാവിൽ, ശിശിരകാലമേഘ, താഴമ്പൂമുടിമുടിച്ച്, യയയായാദവാ, ശശികലചാർത്തിയ ദീപാവലയം ഇതൊക്കെ അവയിൽ ചിലതു മാത്രം.

മരതകമണി എന്ന പേരിൽ ഇദ്ദേഹത്തിന്റെ പാട്ടുകൾ റേഡിയോയിലൂടെ വന്നുകൊണ്ടിരുന്ന കാലം. മദ്രാസിലെ വടപളനിയിലുള്ള മരിയൻ സ്റ്റുഡിയോയിൽ എന്റെ ഒരാൽബത്തിലെ രണ്ടു ഗാനങ്ങൾ വിനീത് ശ്രീനിവാസനെക്കൊണ്ടു റെക്കോർഡു ചെയ്യിക്കാൻ ഞാൻ പോയിരുന്നു. അന്നു സ്റ്റുഡിയോയിൽ വന്ന കറുത്തുതടിച്ച ഒരു മനുഷ്യനെ ചൂണ്ടി വിനീത് പറഞ്ഞു, ഇതാണു മരതകമണിയെന്ന്! ആരാധനാഭാവത്തോടെ ഞാൻ വിഷ് ചെയ്തപ്പോൾ അടുത്തിരുത്തി അല്പം കുശലം തമിഴിലും മലയാളത്തിലും സംസാരിച്ചതും, വിനീത് പാടിയ എന്റെ പാട്ടുകേട്ട് തംബ് ഉയർത്തിക്കാട്ടിയതും എല്ലാം ഇത്തരുണത്തിൽ ഓർത്ത് ഞാൻ ആഹ്ലാദിക്കുന്നു. ആ മരതകമണിയാണ് ഈ കീരവാണി എന്നിപ്പോൾ അറിയുമ്പോൾ എന്റെ അദ്ഭുതാഹ്ലാദത്തിന് അതിരില്ല. പ്രതിഭാശാലിയായ ഇദ്ദേഹത്തിന്റെ എത്രയോ പാട്ടുകൾ ഇനി നമ്മൾ കേൾക്കാനിരിക്കുന്നു. ഈ ലോകപ്രസിദ്ധ സംഗീതശിരോമണിക്ക് നമുക്കും കൊടുക്കാം ഒരു നല്ല പൂച്ചെണ്ടും കൈയടിയും! ■

# വിൽപ്പത്രം ഒരു നിയമപരമായ പ്രഖ്യാപനം



അഡ്വ. സി. ലിനറ്റ് SKD

നിയമവീഥി

**ഒ**രു വ്യക്തിയുടെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്ന നിയമപരമായ പ്രഖ്യാപനമാണ് വിൽപ്പത്രം. അയാളുടെ സ്വത്തുവകകൾ കൈകാര്യം ചെയ്യുന്ന ഒന്നോ അതിലധികമോ വ്യക്തികളുടെ പേരുകൾ, മരണശേഷം അയാളുടെ സ്വത്ത് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉണ്ടാവുക. അത്തരമൊരു വിൽപ്പത്രം തയ്യാറാക്കുന്ന വ്യക്തി ആണ് ടെസ്റ്റേറ്റർ എന്നറിയപ്പെടുന്നത്.

ഒരു വിൽപ്പത്രം വളരെ പ്രധാനപ്പെട്ട ഒരു നിയമരേഖയാണ്. കാരണം, അതു വീണ്ടും ആലോചിക്കാൻ കഴിയാത്ത ഒരു വ്യക്തിയുടെ ആഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. ഒരാളുടെ മരണശേഷം അയാളുടെ സ്വത്തുവകകൾ, അയാളുടെ വിൽപ്പത്രം ഇല്ലെങ്കിലോ വിൽപ്പത്രം സാധുതയുള്ളതല്ലെന്നു കണ്ടെത്തുകയോ ചെയ്താൽ, സ്വത്തു വിഭജിച്ച്, അനന്തരാവകാശനിയമങ്ങൾ അനുസരിച്ചു കൈമാറും. വിൽപ്പത്രത്തിന്റെ 'നിർവാഹകനായി' ഒരാളെ നാമനിർദേശം ചെയ്യുന്നു. ഈ എക്സിക്യൂട്ടർ വിൽപ്പത്രത്തിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങൾ പാലിക്കുകയും അതനുസരിച്ച് അതിലെ സ്വത്ത് വിതരണം ചെയ്യുകയും വേണം. ഒരു വിൽപ്പത്രം എഴുതുമ്പോൾ, ശരിയായ നടപടിക്രമത്തിനു സാക്ഷികളുടെ സാന്നിധ്യം ആവശ്യമാണ്.



ടെസ്റ്റേറ്ററുടെ മരണശേഷം അയാളുടെ ആഗ്രഹങ്ങൾ നിറവേറ്റുന്ന വ്യക്തിയാണ് എക്സിക്യൂട്ടർ എന്നറിയപ്പെടുന്നത്.

വിൽപ്പത്രത്തിൽ എക്സിക്യൂട്ടറെ ഒരു ഗുണഭോക്താവായി നാമകരണം ചെയ്തേക്കാം, എന്നാൽ, ഒരു ഗുണഭോക്താവിനും വിൽസാക്ഷിയാകാൻ അനുവാദമില്ല.

**പ്രൊബേറ്റ്:** യോഗ്യതയുള്ള ഒരു കോടതിയുടെ മുദ്രയിൽ സാക്ഷ്യപ്പെടുത്തിയ വിൽപ്പത്രത്തിന്റെ പകർപ്പ് എന്നാണ് പ്രൊബേറ്റ് അർഥമാക്കുന്നത്. കോടതിയുടെ ഈ മുദ്ര, വിൽപ്പത്രത്തിലെ നിർവാഹകൻ എന്നു പേരിട്ടിരിക്കുന്ന വ്യക്തിക്ക്, വിൽപ്പത്രത്തിൽ എഴുതിയിരിക്കുന്ന നിർദേശങ്ങൾ നടപ്പിലാക്കുന്നതിനും സ്വത്ത് വിതരണം ചെയ്യുന്നതിനും അധികാരം നൽകുന്നു. ഇത് ഒരു എക്സിക്യൂട്ടറുടെ അധികാരത്തിന്റെ ഔദ്യോഗികതെളിവാണ്.

എല്ലാ വിൽപ്പത്രത്തിനും ഒരു പ്രൊബേറ്റ് ആവശ്യമുണ്ടോ?

ബന്ധപ്പെട്ട വ്യക്തിയുടെ മരണശേഷം, ടെസ്റ്റേറ്റർ സൃഷ്ടിച്ചേക്കാവുന്ന വിൽപ്പത്രത്തിന്റെ സാധുത നിർണയിക്കാൻ കോടതിയിൽ ഒരു നടപടിക്രമം ആരംഭിക്കാം. ഇത് ഒരു പ്രൊബേറ്റ് പ്രൊസീഡിങ് എന്നറിയപ്പെടുന്നു. ഇത് നിയമപരമായ ആവശ്യകതകൾ നിറവേറ്റും. മിക്ക കേസുകളിലും, പ്രൊബേറ്റ് സമയത്ത്, 'സാക്ഷിയുടെ തെളിവ്' എന്ന സത്യവാങ്മൂലത്തിൽ സാക്ഷ്യപ്പെടുത്താനോ ഒപ്പിടാനോ കുറഞ്ഞത് ഒരു സാക്ഷിയെ വിളിക്കുന്നു. പ്രോബേറ്റിൽ വിൽപ്പത്രം അസാധുവാണെന്നു വിധിക്കുകയാണെങ്കിൽ, ഒരു വിൽപ്പത്രം ഒരിക്കലും തയ്യാറാക്കിയിട്ടില്ലെന്ന മട്ടിൽ മറ്റു നിയമങ്ങൾക്കു കീഴിൽ അനന്തരാവകാശം സംഭവിക്കും.

സാധുവായ ഒരു വിൽപ്പത്രത്തിനുള്ള വ്യവസ്ഥകൾ:

വിൽപ്പത്രം നടപ്പാക്കുന്നതിന്, ആ വ്യക്തി പ്രായപൂർത്തിയായ ആളായിരിക്കണം. നല്ല മാനസികാരോഗ്യം ഉള്ള ആളായിരിക്കണം. ഇത്തരത്തിൽ സമ്പൂർണയോഗ്യതയുള്ളവനായിരിക്കണം.

വിൽപ്പത്രം രേഖാമൂലമുള്ളതായിരിക്കണം. അത് നടപ്പിലാക്കുന്ന വ്യക്തി അത് സ്വന്തം ഇച്ഛാശക്തിയിൽനിന്നും നല്ല മാനസികാവസ്ഥയിൽ നിന്നുമാണ് ഉണ്ടാക്കുന്നതെന്നു പ്രസ്താവിക്കേണ്ടതുണ്ട്.

വിൽപ്പത്രം നടപ്പിലാക്കുന്നയാൾ ഒപ്പിടുകയും രണ്ടു സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തുകയും വേണം.

എന്നിരുന്നാലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിൽപ്പത്രം ഒപ്പിടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല.

നിയമപ്രകാരമുള്ള വിൽപ്പത്രം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ■

# ഡിജിറ്റൽ ബാങ്കിങ് കേളികൊട്ടുമായി കേരളം



അഡ്വ. അപർണ എം.

**കേ**രളത്തെ സംബന്ധിച്ചിടത്തോളം വലിയൊരു അഭിമാനമുഹൂർത്തമാണിത്. ഇന്ത്യയിൽത്തന്നെ ബാങ്കിങ് ഇടപാടുകൾ പരിപൂർണമായും ഡിജിറ്റലാക്കുന്ന ആദ്യ സംസ്ഥാനം എന്ന ബഹുമതി കേരളത്തിനു ലഭിച്ചിരിക്കുന്നു. പുതുവർഷം പിറക്കുമ്പോൾത്തന്നെ ഉണ്ടായ ശ്രദ്ധേയമായ പുരോഗമനപ്രഖ്യാപനമാണിത്. മുഖ്യമന്ത്രി പിണറായി വിജയനാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ജില്ലാടിസ്ഥാനത്തിൽ പറഞ്ഞാൽ തൃശൂർ ജില്ലയാണ് പൂർണമായും ഡിജിറ്റൽ ബാങ്കിങ് നടപ്പാക്കിയത്. പിന്നീട് കേരളം മുഴുവൻ വ്യാപിക്കുകയായിരുന്നു.

**ഡിജിറ്റൽ ബാങ്കിങ് എന്നാൽ?**

ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ, യുപിഐ (യൂണിഫൈഡ് പെയ്മെന്റ് ഇന്റർഫെയ്സ് – ഒരു ബാങ്ക് അക്കൗണ്ടിൽനിന്നു മറ്റൊരാളുടെ അക്കൗണ്ടിലേക്ക് പണം അയയ്ക്കാൻ സഹായിക്കുന്ന സാങ്കേതികവിദ്യ) ക്യു.ആർ. കോഡ്, മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ്, ആധാർ അടിസ്ഥാനമാക്കിയുള്ള സാമ്പത്തികക്രയവിക്രയം എന്നിങ്ങനെ ഡിജിറ്റൽ സംവിധാനത്തിൽ പണം അയയ്ക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിനെയാണ് പൊതുവായി ഡിജിറ്റൽ ബാങ്കിങ് എന്നു പറയുന്നത്. റിസർവ് ബാങ്കും സംസ്ഥാന ലീഡ് ബാങ്ക് സമിതിയും സംയുക്തമായാണ് ഈ നേട്ടത്തിലേക്കുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംയോജിപ്പിച്ചത്. ഏതാണ്ട് 3.6 കോടി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ഡിജിറ്റൽ സംവിധാനത്തിലേക്കാക്കാൻ സംസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്. അതിൽ ഒരു കോടി 75 ലക്ഷം അക്കൗണ്ടുകളും വനിതകളുടേതാണ് എന്നതാണ് എടുത്തുപറയേണ്ട സവിശേഷത. അതോടൊപ്പം 718 ലക്ഷം കറന്റ് അക്കൗണ്ടുകളുമുണ്ട്. കേരളത്തിലെ ഉയർന്ന സാക്ഷരതയും ഡിജിറ്റൽ സേവനങ്ങളുടെ ലഭ്യതയുമാണ് ഈ നേട്ടത്തിനു വഴിതെളിച്ചതെന്നു പറയാം.

**തുടക്കം എടിഎം**

1960 കളിൽത്തന്നെ ലോകത്ത് എടിഎം സംവിധാനവും കാർഡുകളുമുണ്ടായിരുന്നു. എങ്കിലും അതു സാർവത്രികമായിരുന്നില്ല. 1980 കാലഘട്ടത്തിലാണ് വിദേശരാജ്യങ്ങളിൽ സാധാരണ പൗരന്മാർക്കും വ്യാപകമായി ഈ സേവനം ലഭ്യമായിത്തുടങ്ങിയത്. എന്നാൽ, 1996 എത്തിയപ്പോഴേക്കും ലോകം പൂർണമായും ഇന്റർനെറ്റ് വലയത്തിനുള്ളിലായിക്കഴിഞ്ഞു. ഇന്ത്യയിലും ഈ രംഗത്ത് വലിയ കുതിച്ചുചാട്ടമാണുണ്ടായത്. 2000 ആയപ്പോഴേക്കും ബ്രോഡ് ബാൻഡ്, ഇ-കൊമേഴ്സ് എന്നിവ ഇന്ത്യയിലും ആധുനികീകരിക്കപ്പെട്ടു. ഇത് ഡിജിറ്റൽ ബാങ്കിങ്പോലെയുള്ള നവീനസമ്പ്രദായങ്ങളിലേക്കുള്ള മാറ്റം എളുപ്പമാക്കി.

**ഡിജിറ്റൽ ബാങ്കിങ് സാധ്യതകളും വെല്ലുവിളികളും**

പരമ്പരാഗതസംവിധാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ഡിജിറ്റൽ ബാങ്കിങ് ഏറെ സൗകര്യപ്രദമാണെന്നു കാണാം. സമയലാഭം, ധനലാഭം എന്നിവയാണു പ്രധാനം. ചെറിയ സാമ്പത്തികാവശ്യങ്ങളിൽപ്പോലും ബാങ്കിനെ ആശ്രയിക്കേണ്ട സ്ഥിതിയായിരുന്നു നേരത്തേ ഉണ്ടായിരുന്നത്. എടിഎം വന്നപ്പോൾ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായി. എങ്കിലും എടിഎം സേവനം ലഭ്യമാകുന്ന സ്ഥലത്തെത്തണം എന്ന പരിമിതി അതിനും ഉണ്ടായിരുന്നു. പല സ്ഥലങ്ങളിലും അത് ഉണ്ടാകണമെന്നുമില്ല. എന്നാൽ, അത്തരം പരിമിതികൾക്കപ്പുറം പരിധിയില്ലാത്ത ക്രയവിക്രയസ്വാതന്ത്ര്യമാണ് ഡിജിറ്റൽ ബാങ്കിങ് ഉപഭോക്താവിനു നൽകുന്നത്. ഭൂമിയുടെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ എല്ലാ സാമ്പത്തികാവശ്യങ്ങളും നിറവേറ്റാൻ കഴിയുന്നു.

**ലാഭം ആർക്ക്?**

ഡിജിറ്റൽ സംവിധാനം ബാങ്കിനും ഉപഭോക്താവിനും ഒരുപോലെ സൗകര്യപ്രദമാണെങ്കിലും ബാങ്കുകൾക്ക് കൂടുതൽ ലാഭകരമാണ് എന്നതാണു വാസ്തവം. സ്റ്റാഫുകളുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നതിലൂടെ ലഭിക്കുന്ന ലാഭമാണ് ഒന്നാമത്. വ്യക്തികളെയും കടലാസിനെയും ആശ്രയിച്ചുള്ള പ്രവർത്തനങ്ങൾ ഒരുപാടു സമയനഷ്ടം വരുത്തുന്നതുമാണ്. തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത കൂടുന്നത് മനുഷ്യപ്രയത്നത്തിലാണെന്നതും കണക്കിലെടുക്കേണ്ടതുണ്ട്.

**സാമ്പത്തികകുറ്റകൃത്യങ്ങൾ**

പരിധിയില്ലാത്ത സ്വാതന്ത്ര്യവും സൗകര്യവും നൽകുന്നതാണ് ഡിജിറ്റൽ ബാങ്കിങ് എങ്കിലും കുറ്റവാസനയുള്ളവർ ഈ സൗകര്യം ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നുള്ള കാര്യവും ഓർമിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച മുന്നറിയിപ്പ് സമ്പൂർണ ഡിജിറ്റൽ പ്രഖ്യാപനവേളയിൽത്തന്നെ മുഖ്യമന്ത്രി നൽകിക്കഴിഞ്ഞു. സാങ്കേതികരംഗത്തുമാത്രമല്ല, ഏതു മേഖലയിലും കുറ്റവാസനയുള്ളവർ കടന്നുകയറുമെന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ, ഡിജിറ്റൽബാങ്കിങ് രംഗത്തെ കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പക്ഷേ, ഇത് ഒരു പരിധിവരെയേ ഫലപ്രദമാകുകയുള്ളൂ എന്നതാണു വാസ്തവം. ഡിജിറ്റൽ രംഗത്ത് സർക്കാർ എന്തു മുൻകരുതൽ എടുത്താലും അതിനെയൊക്കെ മറികടക്കാൻ കുറ്റവാളികൾക്കു കഴിയും എന്നതു യാഥാർഥ്യം മാത്രമാണ്. കാരണം, അതീവ ബുദ്ധിമാന്മാരും കഴിവുള്ളവരുമാണ് സൈബർ കുറ്റങ്ങളുടെ ലോകത്തുള്ളത്. ഇവിടെ ചെയ്യാൻ കഴിയുന്നത് വ്യക്തികൾ അവരവർക്കുതന്നെ സുരക്ഷ ഒരുക്കുക എന്നതാണ്. അതായത്, നമ്മുടെ വ്യക്തിഗതക്രയവിക്രയങ്ങൾ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിയുമായി പങ്കിടാതിരിക്കുക. മൊബൈൽ ഫോണിൽ വരുന്ന സന്ദേശങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുക. ഏതു സന്ദേശവും അതു ബാങ്കിന്റെ പേരിലാണെങ്കിലും അതിന്റെ നിജസ്ഥിതി മനസ്സിലാക്കാതെ ആശയവിനിമയം നടത്തരുത്. എപ്പോഴും ഓർമിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ക്രയവിക്രയം സംബന്ധിച്ചുള്ള കാര്യങ്ങളാണ്. പിൻനമ്പരോ ഒന്നും ഒരു ബാങ്കും ഫോണിൽ വിളിച്ചോ മെസേജ് അയച്ചോ ഒന്നും ഉപഭോക്താവിനോടു ചോദിക്കില്ല. അങ്ങനെ വരുന്ന അന്വേഷണങ്ങളും അറിയിപ്പുകളും ഒന്നും ശരിയായ രീതിയിലുള്ളതായിരിക്കില്ല.













**ഡിജിറ്റൽ ബാങ്കിങ് ഭാവിയിൽ**

സമ്പൂർണ ഡിജിറ്റൽ ബാങ്കിങ് യാഥാർഥ്യമാകുമ്പോഴും ചില സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നതും കാണാതിരുന്നുകൂടാ. വ്യത്യസ്തമായ ബാങ്കിങ് ഇടപാടുകളിൽ ഒരെണ്ണമെങ്കിലും ഡിജിറ്റൽ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതു കണക്കിലെടുത്താണ് സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന പദവിക്ക് കേരളം അർഹമായിരിക്കുന്നത്. എന്നാൽ, ഒരു വ്യക്തിയുടെ എല്ലാ ബാങ്കിങ് ആവശ്യങ്ങളും നിറവേറ്റാൻ തക്ക രീതിയിൽ ഇനിയും ഈ സംവിധാനം പുരോഗമിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുള്ളവർക്ക് ഒരുപോലെ ഇതിന്റെ പ്രയോജനം ലഭ്യമാകണമെങ്കിൽ ഇന്റർനെറ്റ് സൗകര്യം കൂടുതൽ വ്യാപകവും സാർവത്രികവും ആകേണ്ടതുണ്ട്. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ചിടത്തോളം ഇന്നത്തെ വർദ്ധിച്ച ഇന്റർനെറ്റ് നിരക്ക് താങ്ങാൻ പ്രയാസമാകും. മറ്റൊന്ന് ഉൾഗ്രാമങ്ങളിൽ ഇന്റർനെറ്റ് സേവനം ഇപ്പോഴും സാർവത്രികവും കാര്യക്ഷമവുമായിട്ടില്ല എന്നതാണ്. ഈ പ്രശ്നങ്ങൾകൂടി പരിഹരിക്കുമ്പോൾ മാത്രമേ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന ആശയം പൂർണരൂപത്തിൽ പ്രായോഗികമാകുകയുള്ളൂ.

**കെ. ഫോൺ യാഥാർഥ്യമായാൽ**

മുൻസൂചിപ്പിച്ച പ്രശ്നങ്ങൾ മുമ്പിൽ കണ്ടുകൊണ്ടാണ് സർക്കാർ കെ.ഫോൺ പദ്ധതി സാർവത്രികമാകുമെന്നു പ്രഖ്യാപിച്ചിരിക്കുന്നത്. ഇതു യാഥാർഥ്യമായാൽ നിലവിലെ പ്രശ്നങ്ങൾക്കു പരിഹാരമാകും. പക്ഷേ, ഏറ്റവും കുറഞ്ഞ നിരക്കിൽ അഥവാ താഴ്ന്ന വരുമാനക്കാർക്ക് തീർത്തും സൗജന്യമായി ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കാൻ സർക്കാർസംവിധാനം ഉണ്ടാകേണ്ടിവരും. നിലവിൽ അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുമെന്നാണ് ഔദ്യോഗികമായി അറിയാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ വരുംനാളുകളിൽ എല്ലാവർക്കും എല്ലാക്കാര്യങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഡിജിറ്റൽ ബാങ്കിങ് സംവിധാനം മാറുകയും ചെയ്യും. അതുമൂലം തീർച്ചയായും കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ കഴിയുന്ന പുരോഗതിയായിരിക്കും ഉണ്ടാകാൻ പോകുന്നത്.

■

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# സ്വഭാവവൈശിഷ്ട്യത്തിന്റെ പൊൻതൂവൽ



ജോസ് വഴുതനപ്പിള്ളി

എന്താണ് കുലീനത്വവും സ്വഭാവ മഹിമയും? സർവോത്തമമായ ചില സ്വഭാവമഹിമകളുള്ള, ആദർശധീരരും സന്മാർഗികവും സാംസ്കാരികവുമായ ഉയർന്ന നിലവാരം പുലർത്തുന്നവരുമായ വ്യക്തികളുടെ സവിശേഷതയെയാണ് നാം ഈ വാക്കുകളിലൂടെ അർഥമാക്കുക. സമ്പത്തുണ്ടായതുകൊണ്ടോ അല്ലെങ്കിൽ മികച്ച ആകാരസൗഷ്ഠവം ഉള്ളതുകൊണ്ടോ ഒരാൾ കുലീനസ്വഭാവക്കാരനാകുന്നില്ല. വംശപാരമ്പര്യം ഉള്ളതുകൊണ്ടോ ശ്രേഷ്ഠകുടുംബത്തിൽ ജനിച്ചതുകൊണ്ടോ പൊന്നിന്റെ നിറം കിട്ടിയതുകൊണ്ടോ ഒന്നും നാം ഇവിടെ വിവക്ഷിക്കുന്ന കുലീനത്വമോ സ്വഭാവമഹിമയോ ഒരാൾക്കും ലഭിക്കുന്നില്ല. ലളിതമായിപ്പറഞ്ഞാൽ, ഇത് ഒരു വ്യക്തിയുടെ സ്വഭാവശുദ്ധിയെയാണ്, സന്മാർഗികമൂല്യങ്ങളെയാണ്, അന്തസ്സിനെയാണു ധ്വനിപ്പിക്കുക. നിങ്ങളുടെ വ്യക്തിത്വത്തോട് ഒട്ടിനിൽക്കുന്ന ഒരുത്തമം സുഗന്ധമാണിത്. അതു നിങ്ങളെ വേറിട്ടു നിറുത്തുന്നു; ചുറ്റുമുള്ളവരെ നിങ്ങളിലേക്കാകർഷിക്കുന്നു. നിങ്ങളുടെ മാന്ത്രികവലയത്തിൽ വന്നുനില്ക്കാൻ മറ്റുള്ളവർക്കും ആഗ്രഹം തോന്നുന്നു. ഇതൊന്നും ഒരു നടനത്തിലൂടെയോ പൊയ്മുഖം സൃഷ്ടിച്ചുകൊണ്ടോ സാധ്യമല്ല. ഇത് ഉള്ളിൽ നിന്നുതന്നെ വരണം. ഒരു പഴമൊല്ലുണ്ട്: “വ്യക്തിത്വത്തെ തിരിച്ചറിയുന്നതും സാക്ഷ്യപ്പെടുത്തുന്നതും നിങ്ങളുടെ സത്പ്രവൃത്തികളാലാണ്.'' ചില നന്മകൾ നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാകുന്നു. അതനുസരിച്ച് അതിനോട് അലിഞ്ഞുചേർന്ന കുലീനതയെയും വ്യക്തിത്വത്തെയും മറ്റുള്ളവർ മാനിക്കാൻ തുടങ്ങുന്നു. ഇക്കാലത്തു ജീവിതത്തിൽ കുലീനതയും സ്വഭാവമഹിമയും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഒരു നല്ല വ്യക്തിയാകുവാൻ നന്മയെ നാം ഉൾക്കൊള്ളണം; തിന്മയെ അകറ്റിനിറുത്തണം; നിന്ദ്യമായ പ്രവൃത്തികൾ ഉപേക്ഷിക്കണം.



### കുലീനത പ്രത്യക്ഷമാക്കാം

ഭാരതത്തിലും ലോകത്തിന്റെ പല രാജ്യങ്ങളിലും ഒരു ആംബുലൻസ് ചീറിപ്പാഞ്ഞുപോകുന്ന രംഗം കാണുമ്പോൾ ചിലരെങ്കിലും കുരിശുവരയ്ക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതു കണ്ടിട്ടുണ്ട്. അപരിചിതരായ ആർക്കോ എന്തോ അത്യാഹിതം സംഭവിച്ചിരുന്നു. ജീവിതത്തിനും മരണത്തിനുമിടയിൽ ഒരു ജീവൻ പെൻഡുലമാടുന്നു. നമുക്കപ്പോൾ ആകെ ചെയ്യാവുന്നതു പ്രാർഥിക്കുക എന്നതു മാത്രമല്ലേ? സത്യംപറഞ്ഞാൽ എത്രയോ വർഷങ്ങൾ ഞാൻ ഇതൊന്നും ചെയ്യാൻ മെനക്കെടാതെ കടന്നുപോയി. എന്നാൽ, ഇന്നിപ്പോൾ ഞാൻ ഉറപ്പായും ഒരു നിമിഷമെങ്കിലും കണ്ണടച്ചു പ്രാർഥിക്കും.

മദർ തെരേസ കാണിച്ചുതന്ന കാരുണ്യത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ട് നാം കഴിവുപോലെ അനാഥാലയങ്ങളെ തുണയ്ക്കണം.

ദരിദ്രകുടുംബങ്ങൾക്ക്, പ്രത്യേകിച്ചു കുട്ടികളെ വളർത്താൻ ബുദ്ധിമുട്ടുന്നവർക്കുമുമ്പിൽ സഹായഹസ്തം നീട്ടണം. കുട്ടികൾക്ക് വസ്ത്രവും പുസ്തകങ്ങളും കളിപ്പാട്ടങ്ങളും എത്തിച്ചുകൊടുക്കണം.

രോഗികളെ മരുന്നുവാങ്ങാൻ സഹായിക്കണം.

ഒരു ക്യൂവിൽ നിൽക്കുമ്പോൾ പ്രായം ചെന്നവരെ മുമ്പോട്ടുപോകാൻ അനുവദിക്കുക.

എപ്പോഴും വിനയാന്വിതനായി പെരുമാറാൻ പഠിക്കുക. ലിഫ്റ്റിലും മറ്റും വികലാംഗരെ സഹായിക്കാൻ ശ്രദ്ധിക്കുക.

വാഹനം ഓടിക്കുമ്പോൾ ‘ഞാൻ ആദ്യം ഞാൻ ആദ്യം’ എന്നു ചിന്തിക്കാതെ അത്യാവശ്യമെങ്കിൽ മാത്രം ശ്രദ്ധയോടെ ഓവർ ടേക്ക് ചെയ്യുക. കാൽനടക്കാർ റോഡു മുറിച്ചുകടക്കുമ്പോൾ ഒരിക്കലും സ്പീഡ് കൂട്ടരുത്.

ഒരു ഭവനം സന്ദർശിക്കുമ്പോൾ അല്ലെങ്കിൽ നാം ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ കാണുന്ന നല്ല കാര്യങ്ങൾക്ക് അവരെ അഭിനന്ദിക്കുക. പരീക്ഷകൾ പാസ്സാകുന്ന കുട്ടികളെ അഭിനന്ദിക്കുക. സാധ്യമായാൽ എന്തെങ്കിലും പാരിതോഷികങ്ങൾ നൽകുന്നതും ഉചിതമാണ്. അതവർ ജീവിതകാലം മുഴുവൻ ഓർത്തിരിക്കും

ബർത്ത്ഡേയ്ക്കും മറ്റും ചിലപ്പോൾ ആവശ്യത്തിലേറെ ഗിഫ്റ്റുകൾ ലഭിച്ചേക്കാം. അവയൊക്കെ നമുക്ക് ഷെൽട്ടർഹോമുകളിലും മറ്റുമായി കൊടുക്കാം.

### എന്താണ് നാം കുറേപ്പേരെ മാത്രം ഓർത്തിരിക്കുന്നത്?

അമേരിക്കയിൽ എത്രയോ പ്രസിഡന്റുമാർ വന്നുപോയി. അവരിൽ ഒരു ജോൺ എഫ് കെന്നഡിയെ മാത്രം നാം സദാ ഓർമിക്കുന്നു. കാരണം, അദ്ദേഹത്തിന്റെ സത്യസന്ധതയോടെയുള്ള സമീപനങ്ങളാണ്, കുലീനത്വമാണ്, സ്വഭാവവൈശിഷ്ട്യമാണ്.

നാം ചെയ്യുന്ന നല്ല കാര്യങ്ങൾ ചില നല്ല അടയാളങ്ങൾ സൃഷ്ടിക്കുന്നു; ചെയ്യുന്ന പ്രവൃത്തികളിലെല്ലാം തന്റേതായ ഒരു കയ്യൊപ്പു നാം സൃഷ്ടിക്കുന്നു. നമ്മുടെ ഒരു നോട്ടത്തിനും അംഗവിക്ഷേപത്തിനുമൊക്കെത്തന്നെ വലിയ അർഥങ്ങളുണ്ട് - അവയാണ് നമ്മെ നാമാക്കുന്നത്; നമ്മുടെ വ്യക്തിത്വത്തെ നിർവചിക്കുന്നത്.

### ചുറ്റിലും നോക്കുക

ധാരാളം മനുഷ്യർ നമ്മുടെ ഒരു സഹായത്തിനു വേണ്ടി കാത്തിരിക്കുന്നുണ്ട്. ബൈബിളിൽ പറയുംപോലെ, വലതുകരം ചെയ്യുന്നത് ഇടതുകരം അറിയാതിരിക്കട്ടെ. നിങ്ങളെ ഞാൻ സഹായിച്ചതാണ് എന്നു പറഞ്ഞു അവരെ ഒരിക്കലും തലകുനിപ്പിക്കരുത്. നിങ്ങൾ ചെലവാക്കിയ സമയത്തെക്കുറിച്ചോ പണത്തെക്കുറിച്ചോ സംസാരിച്ച് അവരെ മോശക്കാരാക്കരുത്.

കുലീനനായ വ്യക്തി മറ്റുള്ളവർക്കു പ്രചോദനം പകരുന്നു. അവർ എപ്പോഴും ശ്രദ്ധിക്കുക മൂല്യങ്ങളിലാണ്, ഏതൊരു സാഹചര്യത്തിലാണ് മറ്റുള്ളവർക്കു തുണയാകാനാവുക എന്നതിലാണ്. മനുഷ്യത്വപരമായ നല്ലകാര്യങ്ങളിൽ, കാരുണ്യപ്രവൃത്തികളിൽ അവർ വ്യാപൃതരാകാൻ ശ്രമിക്കും.

### നമുക്കു കിട്ടും - ബോണസ്

സത്കർമങ്ങൾ ചെയ്യുന്നതുവഴി ധാരാളം ജീവിതാനന്ദം നാം പോലുമറിയാതെ നമുക്കു ലഭിക്കാൻ തുടങ്ങും. ഈ സത്പ്രവൃത്തികളിലൂടെ നമുക്ക് നിരന്തരമായി, അഭംഗമായി ആനന്ദം ലഭിക്കും. നമ്മുടെ മാനുഷികമൂല്യങ്ങൾക്ക് അതു മാറ്റുകൂട്ടും; ആന്തരികമായ സൗഭാഗ്യം നാം അനുഭവിക്കും. ചിലപ്പോൾ നമുക്കു തോന്നിയേക്കാം നാം ചെയ്യുന്നതിനൊന്നും യാതൊരു വിലയും ആരും കല്പിക്കുന്നില്ല എന്ന്. നിങ്ങൾ നിരുത്സാഹപ്പെടരുതേ, ഈ ലോകത്തിലുള്ളവരെല്ലാം അന്ധന്മാരല്ല. ആരെങ്കിലുമൊക്കെ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ പ്രകീർത്തിക്കാൻ കാണും. നിങ്ങൾ എത്രകണ്ടു സന്തോഷം മറ്റുള്ളവരിലേക്കു പകർന്നുവോ അത്രകണ്ട് അതു നിങ്ങളിലേക്കു തിരിച്ചൊഴുകും എന്നുള്ളതാണ് പ്രപഞ്ചസത്യം.

### മഹത്തായ ചിന്തകൾ ഉണ്ടാവട്ടെ.

പ്രചോദനചിന്തകളുടെ ഉത്സാഹവതിയായ ലേഖിക ഗിഫ്റ്റി അകിറ്റാ വളരെ മനോഹരങ്ങളായ ചില ചിന്തകളിലൂടെ നമ്മുടെ ജീവിതത്തെ മാറ്റിമറിക്കാനുതകുന്ന കാര്യങ്ങൾ പറയുന്നുണ്ട്. നമ്മുടെ ജീവിതം, നമ്മുടെ പ്രവൃത്തികൾ ഇതെല്ലാം മറ്റുള്ളവർ വായിക്കും. സത്പ്രവൃത്തികളാൽ നമുക്കൊരു സുന്ദരലോകം പടുത്തുയർത്താം. ഒരു മരത്തിന്റെ സവിശേഷത നാം അറിയുന്നത് അതിന്റെ ഫലങ്ങൾ നോക്കിയാണ്; മനുഷ്യന്റെ പ്രവൃത്തികളാലാണ് അവൻ അറിയപ്പെടുക. സ്നേഹമില്ലാതെ അധികം നൽകുന്നതിനെക്കാൾ മെച്ചമാണ് സ്നേഹത്തോടെയുള്ള കൊച്ചുസമ്മാനങ്ങൾ. ദൈവകൃപയാലാണ് നമുക്ക് നന്മകൾ ചെയ്യാനാവുന്നത്. പറച്ചിലിൽ കാര്യമില്ല. കാരുണ്യം പ്രവർത്തിക്കാനുള്ളതാണ്. നാം മറ്റുള്ളവരെ സദാ പ്രോത്സാഹിപ്പിക്കണം, പരസ്പരം ബലപ്പെടുത്തണം. അവസരങ്ങൾ കിട്ടുമ്പോഴെല്ലാം അതു പാഴാക്കാതെ സത്പ്രവൃത്തികൾ ചെയ്യണം. മനസ്സിനുള്ളിൽ ഒരു കാന്തവലയമുണ്ട്; അത് നല്ല ചിന്തകളെ ആകർഷിക്കുമ്പോൾ നാം സത്പ്രവൃത്തികൾ ചെയ്യാൻ തുടങ്ങും.

### നീതിബോധം

ഒരു സത്സ്വഭാവിയുടെ മറ്റൊരു അടയാളമാണ് സന്തുലിതമായ ഒരു നീതി ബോധം. അയാൾ എപ്പോഴും ന്യായത്തിന്റെയും നീതിയുടെയും പക്ഷത്തായിരിക്കും നിലകൊള്ളുക. അവർ ഒരിക്കലും സങ്കുചിതനിലപാടു സ്വീകരിച്ചുകൊണ്ട് സ്വന്തക്കാരുടെയോ ചാർച്ചക്കാരുടെയോ സൈഡ് പിടിക്കില്ല.

മറ്റു ചില ഗുണവിശേഷങ്ങൾകൂടി ഇത്തരം ആളുകളിൽ കാണാം. തികഞ്ഞ ആത്മവിശ്വാസത്തോടെ, മാന്യതയോടെ, ദൃഢതയോടെ അവർ കാര്യങ്ങളിൽ ഇടപെടും. പലപ്പോഴും ഫലിതബുദ്ധിയോടെ കാര്യങ്ങളെ ലളിതമായിക്കണ്ട് എല്ലാവരോടും സ്നേഹപൂർവം പെരുമാറുന്നവരാണവർ. കൃത്യസമയത്തുവേണ്ടത് പറയാനും പ്രവർത്തിക്കാനും അവർക്കറിയാം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നവരാണവർ. അവരുടെ സ്നേഹത്തിനു മുമ്പിൽ എതിരാളികൾപോലും കൊമ്പുകുത്തും.

ഇന്നത്തെ സ്വാർഥലോകത്തിൽ നമുക്കെല്ലാം സഹചരരോടുള്ള കാരുണ്യം നഷ്ടമായിരിക്കുന്നു. സ്വഭാവത്തിൽ നാം കൊണ്ടുവരേണ്ട നല്ല ഗുണവിശേഷങ്ങൾ ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. സ്വഭാവവൈശിഷ്ട്യവും കുലീനതയുമൊക്കെ ഒരിക്കൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്നു. ഇതൊക്കെ നഷ്ടപ്പെടാതെ നോക്കേണ്ടത് അടുത്ത തലമുറയാണ്. കിൽറോയ് ഓൾഡ്സ്റ്റർ പറയുന്നു: “നാം ജീവിച്ചുതീർക്കുന്ന ജീവിതത്തിന്റെ കണക്കുകൾ പരിശോധിക്കണം. മരണശയ്യയിൽ ഒഴിച്ചുകൂടാത്ത ഒരു ചോദ്യം സ്വയം ചോദിക്കും - എന്റെ ജീവിതത്തിന്റെ ലക്ഷ്യം എന്തായിരുന്നു? എന്താണ് ഞാൻ നേടിയത്? എന്താണ് എനിക്കു നേടാനാവാതെപോയത്?”

നല്ല സ്വഭാവസവിശേഷതകളും കുലീനതയും ജീവിതത്തിലേക്കു കൊണ്ടുവരാൻ നമുക്കും ആത്മാർഥമായി ശ്രമിക്കാം. നമുക്കും പൊൻതൂവൽ പക്ഷികളാകാം.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

മകനേ, ജീവിച്ചിരിക്കുമ്പോൾ ആത്മശോധന നടത്തുക; ഹാനികരമായതു ചെയ്യരുത്.
പ്രഭാഷകൻ 37:27

**എഡിറ്റോറിയൽ**

# കാക്കിയിട്ട ക്രിമിനലുകൾ കേരളത്തിനു വേണ്ട

ഗുണ്ടകൾ വാഴുന്ന നാടായി കേരളം മാറിത്തുടങ്ങിയിട്ടു നാളുകളേറെയായി. ഗുണ്ടാസംഘങ്ങൾ സംസ്ഥാനത്തു തേർവാഴ്ച നടത്തുമ്പോഴും സമാധാനം കാർന്നുതിന്നുന്ന ഇക്കൂട്ടരെ കയ്യാമം വയ്ക്കാനോ നിലയ്ക്കുനിർത്താനോ പൊലീസിനു കഴിയാതെപോകുന്നതു രൂക്ഷവിമർശനത്തിനു കാരണമാകുന്നു. ഗുണ്ടകൾക്കു തണലൊരുക്കുന്ന ക്രിമിനലുകൾ പൊലീസ്സേനയിൽ തലപ്പത്തുൾപ്പെടെയുണ്ടെന്ന കണ്ടെത്തൽ വർത്തമാനകേരളത്തിൽ ഭീതിദമായ വെല്ലുവിളിയുയർത്തുന്നു.

പൊലീസ്സേനയിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കർശനമായി നേരിടണമെന്നും ആരോപണവിധേയരായവർക്കെതിരേ അച്ചടക്കനടപടിയുണ്ടാവണമെന്നും മുഖ്യമന്ത്രി ഈയിടെയെന്നല്ല, ആവർത്തിച്ചു നിർദേശിക്കുന്നുണ്ടെങ്കിലും, സേനയിലെ ചിലരെങ്കിലും അവർക്കു കാവലൊരുക്കുന്നതാണ് കേരളത്തിന്റെ ദുരന്തം. ഇത്തരം പൊലീസുദ്യോഗസ്ഥർക്കൊപ്പം രാഷ്ട്രീയക്കാരുടെ നെറികെട്ട ചങ്ങാത്തംകൂടിയാകുമ്പോൾ ഗുണ്ടകൾക്ക് യഥേഷ്ടം വിളയാടാനും ഭരണം കൈയിലെടുക്കാനും ബുദ്ധിമുട്ടുണ്ടാവില്ല. ക്രമസമാധാനം വഷളാകുന്നതോടെ ഭീതിയുടെയും ഭീഷണിയുടെയും മുൾമുനയിലാവുന്നത് പാവം ജനം!

പൊലീസ്സേനയിൽ 823 ക്രിമിനൽകേസ് പ്രതികളുണ്ടെന്നാണ് സർക്കാർ കണ്ടെത്തൽ. ഇത് അമ്പത്തയ്യായിരം അംഗങ്ങളുള്ള സേനയുടെ 1.56 ശതമാനം വരും. ഇവരിൽ മോഷണം മുതൽ വധശ്രമംവരെയുള്ള കേസുകളിൽ പ്രതികളായവരുണ്ടെന്നു വരുമ്പോൾ ജനം എങ്ങനെ പേടിക്കാതിരിക്കും? സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം, കസ്റ്റഡിമരണം, ഒരേ കുറ്റം ആവർത്തിക്കൽ, സ്ത്രീപീഡനം, കൈക്കൂലിക്കേസ്, അഴിമതി തുടങ്ങിയ കുറ്റകൃത്യങ്ങളിൽപ്പെട്ടവർ ഉൾപ്പെടുന്ന ലിസ്റ്റ് ഈയിടെ ആഭ്യന്തരവകുപ്പ് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുകയുണ്ടായി. സ്ഥിരമായി ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ അയോഗ്യരാക്കുന്ന പൊലീസ് ആക്ടിലെ സെക്ഷൻ 86 പ്രകാരം ക്രിമിനലുകളെ പുറത്താക്കുന്ന നടപടി സർക്കാർ ഈ രംഗത്താരംഭിച്ച ശുദ്ധീകരണപ്രക്രിയയുടെ ഭാഗമാണ്. സമൂഹത്തിനു ഭീഷണിയായ ക്രിമിനലുകളെയും ഗുണ്ടകളെയും അഴിക്കുള്ളിലാക്കാൻ ആർജ്ജവവും ഇച്ഛാശക്തിയുമുള്ള ഒരു സർക്കാരിനെയാണ് കേരളജനത അധികാരത്തിലെത്തിച്ചതെന്നു ഭരണക്കാർ മറക്കാതിരിക്കണം. ക്രിമിനലുകളെ ശമ്പളം കൊടുത്തു പോറ്റേണ്ടിവരുന്നത് ഭരണവ്യവസ്ഥിതിയുടെ 'ബാധ്യത'യാകുമ്പോൾ, സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി ജോലി ചെയ്യുന്ന ആയിരക്കണക്കിനു പൊലീസുകാർക്ക് അതു താങ്ങാനാവാത്ത നാണക്കേടാണെന്നുകൂടി സർക്കാർവൃത്തങ്ങൾ മനസ്സിലാക്കണം.

സംസ്ഥാനത്ത് ഗുണ്ടകളുടെ വിളയാട്ടം തുടർക്കഥയാകുമ്പോൾ ഗുണ്ടാബന്ധമുള്ള പൊലീസുദ്യോഗസ്ഥർ ക്രമസമാധാനച്ചുമതലയിൽ തുടരുന്നത് ജനമനസ്സിൽ അശാന്തി പരത്തുന്നു. ക്രിമിനലുകളെ പിടികൂടാനുള്ള ഓരോ നീക്കവും പാളിപ്പോകുന്നതിന്റെ പിന്നിൽ കാക്കിക്കുള്ളിലെ ക്രിമിനലുകളുടെയും ഗുണ്ടാമാഫിയയുടെയും അവിശുദ്ധ കൂട്ടുകെട്ടാണെന്നത് പകൽപോലെ വ്യക്തം.

പൊലീസ്സേനയുടെ ശുദ്ധീകരണം, രാഷ്ട്രീയനേതാക്കളുടെ വാചകക്കസർത്തുകൾക്കുമപ്പുറം അടിമുടി യാഥാർഥ്യമാകുന്ന ഒരു വിപ്ലവകാലം വിദൂരമല്ലെന്നു വിശ്വസിക്കാനാണ് കേരളജനതയ്ക്കിഷ്ടം. ക്രിമിനലുകളെ പൊക്കിയതിന്റെയും തളച്ചതിന്റെയും എണ്ണം പറഞ്ഞ് ഭരണ,പ്രതിപക്ഷകക്ഷികൾ മാധ്യമങ്ങൾക്കുമുമ്പിൽ വീരസ്യംകൊള്ളുന്ന കാലം പഴങ്കഥയാവണം. കാക്കിയിട്ട ക്രിമിനലുകളെ കാക്കുന്ന ഒരു ഭരണവ്യവസ്ഥിതി ജനാധിപത്യകേരളം ഇച്ഛിക്കുന്നില്ലെന്ന് ജനനന്മയാഗ്രഹിക്കുന്ന നേതാക്കൾ തിരിച്ചറിയണം. ക്രിമിനലുകൾ ക്രമം തെറ്റിക്കുന്ന കേരളത്തിന്റെ മണ്ണിൽ സമാധാനാന്തരീക്ഷം വീണ്ടെടുക്കാൻ കർമശേഷിയുള്ള ഒരു പൊലീസ്സേനയാണു വേണ്ടത്. പൊലീസും രാഷ്ട്രീയക്കാരും കുറ്റവാളികൾക്കു കുടപിടിക്കുന്ന സാമൂഹികാന്തരീക്ഷം സംജാതമായാൽ, സാധാരണക്കാരായ മനുഷ്യർക്ക് അതു ദുരന്തസമാനമാണ്. വീർപ്പുമുട്ടുന്ന അത്തരക്കാരുടെ വിശ്വാസം ആർജിക്കാൻ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് ഉത്തരവാദിത്വമുണ്ടാവണം. കാക്കിക്കുള്ളിലെ ക്രിമിനലുകൾ കേരളത്തിന്റെ കാവൽക്കാരാവേണ്ടെന്ന് ജനം മുറവിളികൂട്ടുന്ന ഒരു കാലം വിദൂരമല്ലെന്ന വിചാരം സർക്കാരിനുണ്ടായാൽ നന്ന്. ■

# പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സുവർണജൂബിലി സമാപിച്ചു



*ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് ഫിലോസഫിയുടെ സുവർണജൂബിലി സമാപനസമ്മേളനം കാർമൽഗിരി സെമിനാരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.*

ആലുവ: ആലുവ മംഗലപ്പുഴ, കാർമൽഗിരി പൊന്തിഫിക്കൽ സെമിനാരികളിലെ ദൈവശാസ്ത്ര, തത്ത്വശാസ്ത്രപഠനങ്ങൾക്കു നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആലുവയുടെ (പിഐഎ) സുവർണജൂബിലി വർഷസമാപനം ജനുവരി 17 ന്കാർമൽഗിരി കാമ്പസിൽ നടന്നു.

വരാപ്പുഴ ആർച്ചുബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. വൈകിട്ട് 4 ന് പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കെസിബിസി പ്രസിഡന്റും പിഐഎ ചാൻസലറുമായ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ബിഷപ് ഡോ. ജോസഫ് കരിയിൽ, മാർ പോളി കണ്ണൂക്കാടൻ, ഡോ. അലക്സ് വടക്കുംതല തുടങ്ങിയവർ പ്രസംഗിച്ചു.

കത്തോലിക്കാസഭയിലെ വിവിധ റീത്തുകൾ ഒരുമിച്ചുനടത്തുന്ന ഏക ഗവേഷണ വിദ്യാഭ്യാസസ്ഥാപനമാണു പിഐഎ. ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും ഡോക്ടറൽ ബിരുദവും നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഇതുവരെ ഏകദേശം 6000 പേർ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

# കെസിഎസ്എൽ സംസ്ഥാനകലോത്സവം ചങ്ങനാശേരി അതിരൂപതയ്ക്ക് ഓവറോൾ കിരീടം



തിരുവനന്തപുരം: കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് (കെസിഎസ്എൽ) സംസ്ഥാന കലോത്സവത്തിൽ ഹയർ സെക്കൻഡറി, ഹൈസ്കൂൾ, യുപി വിഭാഗങ്ങളിൽ ചങ്ങനാശേരി അതിരൂപത ഒന്നാമതെത്തി.

325 പോയിന്റോടെ ചങ്ങനാശേരി അതിരൂപത ഓവറോൾ കിരീടം കരസ്ഥമാക്കി. 285 പോയിന്റോടെ കോതമംഗലം രൂപത രണ്ടാം സ്ഥാനത്തും 215 പോയിന്റോടെ ഇടുക്കി രൂപത മൂന്നാം സ്ഥാനത്തുമെത്തി. നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിലെ സർവോദയവിദ്യാലയത്തിൽ നടന്ന സമാപനസമ്മേളനം മലങ്കര സുറിയാനി കത്തോലിക്കാസഭ കൂരിയ മെത്രാൻ ഡോ. ആന്റണി മാർ സിൽവാനോസ് ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം മേജർ മലങ്കര അതിരൂപത വികാരി ജനറാളും കോർപറേറ്റ് മാനേജരുമായ റവ. ഡോ. വർക്കി ആറ്റുപുറത്ത് മുഖ്യസന്ദേശം നൽകി. കെസിഎസ്എൽ സംസ്ഥാന ചെയർമാൻ മാസ്റ്റർ കെ.എസ്. അശ്വിൻ ആന്റോ അധ്യക്ഷത വഹിച്ചു.

കെസിഎസ്എൽ സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രസംഗം നടത്തി. തിരുവനന്തപുരം ലത്തീൻ അതിരൂപത കോർപറേറ്റ് മാനേജർ ഡോ. വൈ. ഡൈസൺ, കെസിഎസ്എൽ സംസ്ഥാന പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, നാലാഞ്ചിറ സർവോദയ വിദ്യാലയ പ്രിൻസിപ്പൽ ജയിംസ് ടി. ജോസഫ് തുടങ്ങിവർ പ്രസംഗിച്ചു.

ജനറൽ കൺവീനർ ഫാ. നെൽസൺ വലിയവീട്ടിൽ സ്വാഗതവും സംസ്ഥാന ഓർഗനൈസർ മനോജ് ചാക്കോ നന്ദിയും പറഞ്ഞു.

# പ്രാവുകളും വേട്ടക്കാരനും

▪ സത്യൻ താന്നിപ്പുഴ



മനസ്സിൽ നല്ല ചിന്തയുള്ളവർ നല്ല പ്രവൃത്തികൾ ചെയ്യും. നല്ല പ്രവൃത്തികൾ ചെയ്യുന്നവർക്കു മനസ്സിനു നല്ല സന്തോഷം ഉണ്ടാകും. അശോകനു പക്ഷികളോടും മൃഗങ്ങളോടും മനുഷ്യരോടുമെല്ലാം നല്ല സ്നേഹമാണ്.

അശോകന്റെ വീടിന്റെ അടുത്ത് ഒരു സർക്കാർ പ്രൈമറി സ്കൂൾ ഉണ്ട്. സ്കൂളിന്റെ മുൻവശത്ത് ഒരു പേരാൽമരം. സ്കൂളിന്റെ മുകളിലും പേരാൽമരത്തിലും രാവിലെ നിറയെ പ്രാവുകളെ കാണാം. ക്ലാസ് തുടങ്ങിയാൽ ഒരു പ്രാവിനെപ്പോലും അവിടെ കാണുകയില്ല. എല്ലാം തീറ്റതേടി അകലെപ്പോയിരിക്കും.

അശോകൻ രാവിലെ സഞ്ചിയിൽ അരിമണിയുമായി ആലിൻ ചുവട്ടിൽ ചെല്ലും. അശോകനെ കാണുമ്പോൾ പ്രാവുകൾ പറന്ന് അരികിൽ വരും. സഞ്ചിയിൽ നിന്ന് അരിവാരി പ്രാവുകൾക്കു കൊടുക്കും. പ്രാവുകൾ അരിമണികൾ കൊത്തിതിന്ന് കുറൂ... കുറൂ... എന്ന് ശബ്ദമുണ്ടാക്കി പറന്നു മാറിയിരിക്കും.

അശോകന്റെ തോളിലും വന്നിരിക്കും. അയാൾ പ്രാവുകളെ സ്നേഹത്തോടെ തലോടും. ഉപദ്രവിക്കുകയില്ല. പ്രാവുകൾക്ക് അശോകനെ വലിയ ഇഷ്ടമാണ്. പ്രാവുകളോടുള്ള അശോകന്റെ സ്നേഹം ഒരു വേട്ടക്കാരൻ കാണാറുണ്ട്. വേട്ടക്കാരൻ പ്രാവുകളെ കെണിവച്ചു പിടിക്കാൻ എന്താണ് മാർഗം എന്നന്വേഷിച്ചു നടന്നപ്പോഴാണ് അശോകനും പ്രാവുകളും തമ്മിലുള്ള ചങ്ങാത്തം കണ്ടത്.

പിറ്റേദിവസം അശോകൻ തിരിച്ചുപോയിക്കഴിഞ്ഞ് വേട്ടക്കാരൻ സഞ്ചിയിൽ അരിമണിയുമായിച്ചെന്നു. അരി വാരി നിലത്തു തൂവി. ഇത് പ്രാവുകൾ കണ്ടു. ഒരു പ്രാവുപോലും ഇറങ്ങിവന്ന് അരിമണി കൊത്തിയെടുത്തില്ല. വേട്ടക്കാരൻ ഡൗ... ഡൗ.... എന്ന് പ്രാവുകളെ വിളിച്ചു. പ്രാവുകൾ പേടിച്ച് അകലേക്കു കൂട്ടത്തോടെ പറന്നുപോയി.

പിറ്റേദിവസവും വേട്ടക്കാരൻ അരിമണിയുമായി ചെന്നു. ഇപ്രാവശ്യം അശോകന്റെ വേഷത്തിലാണ് ചെന്നത്. നല്ല വെള്ളമുണ്ടും വെള്ളഷർട്ടും കൈയിൽ വെള്ളസഞ്ചിയും തലയിൽ വെള്ള ടവ്വലും കെട്ടിയിരുന്നു. ഈ വേഷത്തിലായിരുന്നു അശോകൻ എല്ലാ ദിവസവും വന്നിരുന്നത്. ഈ വേഷത്തിൽ ചെന്നപ്പോൾ പ്രാവുകൾ താഴെയിറങ്ങി വന്നു. വേട്ടക്കാരൻ അരിമണി വാരി വിതറി. പ്രാവുകൾ അരിമണി കൊത്തിപ്പെറുക്കിത്തിന്നു.

പിറ്റേദിവസവും അശോകൻ പോയശേഷം വേട്ടക്കാരൻ അശോകന്റെ വേഷത്തിൽ വന്ന് അരിമണി വിതറി. പ്രാവുകൾ വന്നു അരിമണി കൊത്തിത്തിന്നു. ഇതു പതിവായി. അപ്പോൾ പ്രാവുകൾ ഭയരഹിതരായി വേട്ടക്കാരന്റെ അടുത്തുവരാൻ തുടങ്ങി. ഒരു പ്രാവിനെ വേട്ടക്കാരൻ പിടിച്ച് സഞ്ചിയിലാക്കി. അതോടെ മറ്റു പ്രാവുകൾ പറന്നുപോയി.

വേട്ടക്കാരന്റെ ലക്ഷ്യം പ്രാവുകളെ പിടിച്ചുകൊണ്ടുപോയി കറിവച്ചു കഴിക്കുക എന്നതായിരുന്നു. പിറ്റേദിവസവും അയാൾ വന്ന് അരിമണി വാരിവിതറി. പ്രാവുകൾ താഴെയിറങ്ങിവന്നില്ല. അയാളെ കണ്ടപ്പോൾത്തന്നെ പ്രാവുകൾ കൂട്ടത്തോടെ പറന്നുപോയി.

ഒരു പ്രാവശ്യം നന്മയുടെ മുഖം കാണിച്ച് നിഷ്കളങ്കരെ പറ്റിക്കാൻ കഴിഞ്ഞേക്കാം. അധികകാലം നന്മയുടെ മുഖം ധരിച്ച് മറ്റുള്ളവരെ പറ്റിക്കാൻ കഴിയില്ല. ■

കവിത / ജിന്റോ ജെ. പൊട്ടയ്ക്കൽ

# കാറ്റു പറഞ്ഞത്



കുളിരേകിയരികത്തണഞ്ഞോരിളംകാറ്റ്
കാതിൽ പറഞ്ഞതെന്ത്?

ചങ്കു പകുത്തെന്നെ പുത്രനായ് സ്നേഹിക്കും
ദൈവമെനിക്കുണ്ടെന്നോ!

സ്വർഗീയസൗഭാഗ്യമെനിക്കായുപേക്ഷിച്ച
സ്നേഹമാണീശോയെന്നോ!

നിത്യസഹായമായെന്നെപ്പാലിക്കുന്ന
ആത്മനെൻ കൂടെയെന്നോ!

നീലമേലങ്കിയാലെന്നെപ്പൊതിയുന്ന
മേരിയെന്നമ്മയെന്നോ!

തിരുക്കുടുംബത്തെ സ്നേഹിച്ചുപാലിച്ച
യൗസേപ്പെൻ താതനെന്നോ!

സ്വർഗീയവീഥിയിലെന്നെ നയിക്കുന്ന
സഭയെന്റെ പുണ്യമെന്നോ!

ലോകത്തെപ്പാടേയുപേക്ഷിച്ച ശുദ്ധർ തൻ
ഗണമെന്റെ ചുറ്റുമെന്നോ!

കുരിശുമരണത്തിന്നൊടുവിലെനിക്കായി
നിത്യമാമുയിർപ്പുണ്ടെന്നോ!

ശത്രുവിനെപ്പോലും മിത്രമായ്ക്കാണാനാ-
ണെന്നെ വിളിച്ചതെന്നോ!

വലതുകരണത്തിന്നടിയേറ്റാലുടനടി
കാട്ടണമിടതുമെന്നോ!

അന്നന്നു വേണ്ടുന്നോരാഹാരം മാത്രമേ
ചോദിക്കേണ്ടുള്ളൂവെന്നോ!

ലോകസുഖത്തിൽപ്പെടാതെയാത്മാവിനെ
സൂക്ഷിച്ചിടേണമെന്നോ!

ഇത്രയുമെന്നോടു പറയാനണഞ്ഞത്
റൂഹായല്ലാതെയാര്!

# ബുദ്ധിക്കും ഓർമശക്തിക്കും തിപ്പലി

കാർഷികം

ജോഷി മുഞ്ഞനാട്ട്

നിരവധി ഔഷധഗുണങ്ങൾ നിറഞ്ഞ തിപ്പലി, കുരുമുളകിന്റെയും വെറ്റിലക്കൊടിയുടെയും വർഗത്തിൽപ്പെട്ട ചെടിയാണ്. വിളഞ്ഞുപാകമായ കറുത്തുണങ്ങിയ തിരികൾക്കുവേണ്ടിയാണ് ഇവ കൃഷി ചെയ്യുന്നത്.

കേരളത്തിലെ മണ്ണും കാലാവസ്ഥയും ഇതിന്റെ കൃഷിക്കു യോജിച്ചതുതന്നെ. 'പൈപ്പർ ലോങ്ഗം' എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ മരുന്നുചെടി 'പൈപ്പറേസി' കുടുംബത്തിൽപ്പെടുന്നു.

തിപ്പലിയുടെ ചിനപ്പുകളോ തണ്ടുകളോ മുറിച്ചെടുത്തും വിളഞ്ഞുപാകമായ അരികൾ പാകിയും ഇവ നട്ടുവളർത്താം. പോളിത്തീൻ കവറിൽ മണ്ണ്, ചാണകപ്പൊടി എന്നിവ നന്നായി ചേർത്ത മിശ്രിതം നിറച്ച് അതിൽ വേണം തൈകൾ നടാൻ. ഈ തൈകൾ മഴ നനയാത്ത സ്ഥലത്തേക്കു മാറ്റിവയ്ക്കണം. തയ്യാർ ചെയ്ത തൈകളിൽനിന്ന് ഏറ്റവും യോജിച്ച 'തൈകൾ' നടാൻ ഉപയോഗിക്കാം. ജൂലൈ മുതൽ നവംബർവരെ തൈകൾ നടാൻ യോജിച്ച സമയമാണ്. തൈകൾ തമ്മിൽ ആവശ്യമായ അകലം നൽകിവേണം നടാൻ. നല്ലവണ്ണം ശ്രദ്ധിച്ചാൽ ആദ്യവർഷംതന്നെ ചിനപ്പുകൾ പൊട്ടി നന്നായി വളരും. കുരുമുളകിന്റെപോലെ കണ്ണിപൊട്ടി അതിൽ അരളുകൾ ഉണ്ടാകുന്നു. ഈ അരളുകളിൽ പൂവും തുടർന്ന് കടുകുമണി വലിപ്പത്തിൽ കായും ഉണ്ടാകും. കായ്കൾ പഴുക്കുമ്പോൾ പച്ചനിറം മാറി കറുത്തനിറമാകും. അപ്പോൾ പറിച്ചുണക്കി സൂക്ഷിക്കാം.

ദീർഘകാലവിളയാണ് തിപ്പലി. പഴയ തണ്ടുകൾ മുറിച്ചുകളഞ്ഞ് ചുവടിളക്കി വളമിട്ട് പരിചരിച്ചാൽ പതിറ്റാണ്ടുകൾ ഒരേ ചെടിയിൽനിന്ന് ആദായകരമായി വിളവെടുക്കാൻ കഴിയും. വേനൽക്കാലങ്ങളിൽ നനച്ചുകൊടുത്താൽ കൂടുതൽ നന്നായി വളരുകയും മികച്ച ആദായം ലഭിക്കുകയും ചെയ്യും. പുതയിടൽ നടത്തുന്നതും ഉചിതമാണ്. വർഷത്തിൽ രണ്ടോ മൂന്നോ തവണയെങ്കിലും കളയെടുപ്പും വളപ്രയോഗവും നടത്തണം. വളമായി ചാണകപ്പൊടി, കമ്പോസ്റ്റ്, എല്ലുപൊടി, മറ്റ് ജൈവവളങ്ങൾ എന്നിവ നൽകിയാൽ മതിയാകും.



ഈർപ്പം കടക്കാത്ത സംഭരണികളിൽ നന്നായി ഉണങ്ങിയ തിപ്പലി കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാം.

തിപ്പലി, ചെറുതിപ്പലി, ഹസ്തിത്തിപ്പലി, വൻതിപ്പലി, കുഴിത്തിപ്പലി, കാട്ടുതിപ്പലി, അത്തിത്തിപ്പലി, നീർതിപ്പലി, ഉണ്ടത്തിപ്പലി എന്നിങ്ങനെ വിവിധ ഇനങ്ങളുണ്ട്. ഓരോ പ്രദേശത്തും ഏറ്റവും യോജിച്ചയിനങ്ങൾ തിരഞ്ഞെടുത്ത് കൃഷി നടത്താം. ആയുർവേദം, സിദ്ധ - യുനാനി എന്നീ വൈദ്യമുറകളിൽ ഒരു വിശിഷ്ട ഔഷധമൂലികയായി തിപ്പലിയെ കാണുന്നു. തിപ്പലി കഴിക്കുന്നത് ബുദ്ധിശക്തിയും ഓർമശക്തിയും വർധിക്കാൻ സഹായിക്കും. ഇവയെ 'ത്രികടുകി'ന്റെ (ചുക്ക്, മുളക്, തിപ്പലി) കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദഹനശക്തി വർദ്ധിപ്പിക്കുന്നതിനു തിപ്പലിക്കു കഴിവുണ്ട്. 'പിപ്പല്യാസവ'ത്തിലെ പ്രധാന ഔഷധം തിപ്പലിയാണ്.

വാതം, കഫം, ചുമ തുടങ്ങിയവയ്ക്ക് പ്രതിവിധിയായി തിപ്പലി ഉപയോഗിക്കുന്നു. രുചിയെ ഉണ്ടാക്കുകയും ഹൃദയപ്രസാദം വരുത്തുകയും ചെയ്യുന്ന ഒന്നുകൂടിയാണ് തിപ്പലി. ഉണങ്ങിയ തിപ്പലി നിരവധി രോഗങ്ങൾക്കു പ്രതിവിധിയായി തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു. ■




ജനുവരി 29
ദനഹാക്കാലം
നാലാം ഞായർ

സംഖ്യ 11:23 – 35
ഏശ 46:5 – 13
ഹെബ്രാ 7:23 – 28
യോഹ 2:1 – 11

# നിത്യവും നൂതനവുമായ ഈശോയുടെ ബലി





ഡോ. ജോസഫ് കരികുളം

മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ കേന്ദ്രബിന്ദു ദൈവപുത്രനായ ഈശോമിശിഹായാണ്. അവന്റെ ജനനവും പരസ്യജീവിതവും പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും ദൈവത്തിന്റെ വലതുഭാഗത്തുള്ള തുടർജീവിതവും അടയാളപ്പെടുത്തുന്ന രക്ഷയുടെ വഴിയാണ് മനുഷ്യന്റെ നിത്യരക്ഷയുടെ നിദാനം. ഇക്കാര്യം സഭാമാതാവ് വീണ്ടും നമ്മളെ ഓർമിപ്പിക്കുകയാണ് ഇന്നത്തെ വായനകളിലൂടെ.

മനുഷ്യന്റെ രക്ഷയുടെ കേന്ദ്രഭാഗം പാപങ്ങളുടെ മോചനമാണ്. പാപമോചനത്തിലൂടെ ദൈവത്തിന്റെ മഹത്വത്തിലേക്ക്, നിത്യജീവനിലേക്ക് തിരികെപ്രവേശിക്കുന്ന അവസ്ഥ. പഴയനിയമത്തിൽ, പാപപരിഹാരത്തിനായി വിവിധ ബലികൾ അർപ്പിച്ചിരുന്നു. ജെറുസലേം ദൈവാലയത്തിന്റെ പ്രധാന ഉദ്ദേശ്യംതന്നെ പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കുക എന്നതായിരുന്നു. അതിനായി പുരോഹിതന്മാരും നിയമിക്കപ്പെട്ടിരുന്നു. ചുരുക്കത്തിൽ, പാപവും അതിന്റെ മോചനവും ദൈവചിന്തയുടെ ഭാഗംതന്നെയാണ്. പാപം മനുഷ്യനെ ദൈവത്തിൽനിന്നകറ്റുമെന്നും ഉത്തമമനസ്താപവും വീണ്ടും പാപം ചെയ്യുകില്ലെന്നുള്ള തീരുമാനവും യഥാർഥ പ്രായശ്ചിത്തവുംവഴി ദൈവത്തിലേക്കു തിരികെയെത്തുകയും ചെയ്യാം എന്നുള്ളതും ആത്മരക്ഷയുമായി ബന്ധപ്പെട്ട മനുഷ്യന്റെ തിരിച്ചറിവുകളാണ്.

പക്ഷേ, മനുഷ്യൻ നടത്തുന്ന പാപപരിഹാരബലികൾ അതിൽത്തന്നെ പൂർണമല്ലായിരുന്നു. കാരണം, തെറ്റു ചെയ്യുന്നത് ഒരുവൻ, അതിനു പരിഹാരം അനുഷ്ഠിക്കുന്നത് പുരോഹിതൻ, ബലിവസ്തുവായിത്തീരുന്നത് ഒരു വസ്തുവോ മൃഗമോ പക്ഷിയോ! അതു നിയമത്താൽ നിർമിക്കപ്പെട്ട സംവിധാനമായിരുന്നു. ഈ രീതിക്ക് ഈശോമിശിഹാ വരുത്തുന്ന മാറ്റമാണ് ഇന്നത്തെ ലേഖനത്തിന്റെ (ഹെബ്രാ. 7:23–28) പ്രതിപാദ്യം. ഈശോമിശിഹാ 'തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലിയർപ്പിച്ചിരിക്കുന്നു' (7:27). ഈ ബലിയോടെ ഇനി പാപപരിഹാരത്തിനായി മറ്റൊരു ബലിയുടെ ആവശ്യകതയില്ല. കാരണം, ഈശോയുടെ ഈ ബലി എന്നേക്കുമുള്ളതാണ്, നിത്യനൂതനവുമാണ്.

എന്നേക്കുമുള്ളതാണെന്നു (eternal) പറയുമ്പോൾ അത് ദൈവത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ട സത്യമാണ്. നിത്യനായുള്ളവൻ ദൈവം മാത്രമാണ്. അതുകൊണ്ട്, ബലി നിത്യമാണെന്നു പറയുമ്പോൾ ദൈവംതന്നെയാണ് ഈ ബലി അർപ്പിക്കുന്നതെന്നു വ്യക്തമാകുന്നു. നിത്യനൂതനമായ (eternal new) ബലി എന്ന പ്രയോഗം ദൈവത്തിന്റെ അനന്തസാധ്യതകളെ സൂചിപ്പിക്കുന്നു. ഈശോയുടെ ബലിതന്നെയായ പരിശുദ്ധ കുർബാന എപ്പോഴൊക്കെ, എവിടെയൊക്കെ അർപ്പിക്കപ്പെട്ടാലും ദൈവത്തിന്റെ അനന്തതയിൽ അത് ആവർത്തിക്കപ്പെടാത്ത ഈശോയുടെ ബലിതന്നെയാണ്. തലേദിവസം നാം അർപ്പിച്ച ബലിയുടെ ആവർത്തനമല്ലത്, അതേ ബലിതന്നെയാണ്.

ഈശോമിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച് ഒരേ സമയം ബലിയർപ്പകനും ബലിവസ്തുവുമായി മാറുന്നു. ഈശോയുടെ ഈ ബലിക്ക് ആത്മീയവും ഭൗമികവുമായി ആവശ്യമായതെല്ലാം ദൈവം തന്റെ നിത്യതയിൽ സാധിച്ചു നൽകുന്നു. കാനായിലെ വിവാഹവിരുന്നിൽ (യോഹ. 2: 1-11) കുറവുവരുന്ന വീഞ്ഞ് ഉത്പാദിപ്പിക്കാനാവശ്യമായ അധ്വാനം അവിടുന്ന് തന്റെ നിത്യതയിൽ ചെയ്തുതീർക്കുന്നുണ്ട് എന്ന വ്യാഖ്യാനം, ഈശോ തന്റെ ജീവിതത്തിൽ അദ്ഭുതങ്ങൾ ചെയ്യുന്നതെങ്ങനെയെന്നു വെളിവാക്കുന്നു. ഈശോയുടെ ഓരോ അദ്ഭുതവും ആയാസരഹിതമായ പ്രവൃത്തികളല്ല. ഒറ്റ നോട്ടത്തിൽ, ഒറ്റ വാക്കിൽ ഈശോ അദ്ഭുതങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അവയ്ക്കെല്ലാം ആവശ്യകമായ അധ്വാനം അവൻ തന്റെ നിത്യതയിൽ ചെയ്തുതീർത്തിട്ടുണ്ടാകും.

ഇതൊക്കെ ഇങ്ങനെതന്നെയാണ് എന്നതിന് എന്തു തെളിവാണുള്ളത്? ദൈവത്തിന്റെ അപരിമേയമായ ശക്തിയെക്കുറിച്ചും അവിടുത്തെ അനന്തസാധ്യതകളെക്കുറിച്ചുമുള്ള ശക്തമായ തെളിവുകൾ നൽകുന്നത് പഴയ ഉടമ്പടിയുടെ ഗ്രന്ഥമാണ്. ഇന്നത്തെ രണ്ടു പഴയ ഉടമ്പടി വായനകളും (സംഖ്യ 11:23–35; ഏശ. 46:5–13) ഇക്കാര്യമാണ് സൂചിപ്പിക്കുന്നത്. കടലിൽനിന്നുള്ള കാറ്റിൽ കാടപ്പക്ഷികളെ ഉൾക്കൊള്ളിക്കാൻ കഴിയുന്നവനാണ് ദൈവം (സംഖ്യ 11:31–35). അതുകൊണ്ടു രക്ഷിക്കാനാവാത്തവിധം കർത്താവിന്റെ കരങ്ങൾ കുറുകിപ്പോയിട്ടില്ല (സംഖ്യ 11:23) എന്ന് ജനം, പ്രത്യേകിച്ച് ജനത്തിന്റെ തലവനായ മോശ, ഓർത്തിരിക്കണമായിരുന്നു.

ഒരു നിമിഷം അവിടുത്തെ കൂടെനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്ന ജനം, അടുത്ത നിമിഷം, പലപ്പോഴും അവരുടെ ഭൗതികാഗ്രഹങ്ങൾ സാധിക്കാതെ വരുമ്പോൾ, ദൈവത്തെ തള്ളിപ്പറയുന്നു, കുറ്റപ്പെടുത്തുന്നു. അത് മനുഷ്യന്റെ അഹന്തയാണ്. അതിനാൽ, ദൈവം ഇസ്രായേൽജനത്തെ ഓർമപ്പെടുത്തുന്നു "പഴയ കാര്യങ്ങൾ ഓർക്കുവിൻ" (ഏശ. 46:9 a). പഴയകാര്യങ്ങൾ ദൈവത്തിന്റെ സാമീപ്യത്തെയും കരുതലിനെയും സംരക്ഷണത്തെയും ജനത്തെ ഓർമിപ്പിക്കണം. "ഞാനാണ് ദൈവം; ഞാനല്ലാതെ മറ്റൊരുവനില്ല. ഞാൻതന്നെ ദൈവം. എന്നെപ്പോലെ മറ്റാരുമില്ല" (ഏശ. 46:9). ദൈവം സ്വയം പ്രശംസ നടത്തുന്ന ഒരു പൊങ്ങച്ചക്കാരനാണെന്നു വിചാരിക്കരുത്. മറിച്ച്, സകല സൃഷ്ടികൾക്കും, പ്രത്യേകിച്ച് മനുഷ്യന് ആവശ്യമായതും അതിലപ്പുറവും നൽകാൻ കഴിവുള്ളവനാണ് താൻ എന്ന കാര്യം സൃഷ്ടികളുടെ അറിവിലേക്കായി അവിടുന്ന് പ്രഖ്യാപിക്കുകയാണ്. ഇതു മനസ്സിലാക്കി, ആ ദൈവത്തോടു ചേർന്നുനിന്നാൽ രക്ഷയുടെ അനുഭവം നമുക്കുമുണ്ടാകും. ■

## ഓർമച്ചെപ്പ്

ജോർജുകുട്ടി താവളം

ഓർമതൻ ചെപ്പിൽത്തിളങ്ങുന്ന മുത്തുക-
ളോരോന്നു മെല്ലെത്തെളിഞ്ഞുവന്നു.
ബാല്യകാലത്തിൻ സ്മരണകൾക്കപ്പുറം
ചേലൊത്ത മറ്റൊന്നും കണ്ടതില്ല.
ആ വഴിത്താരയിൽ വീണ്ടും ചരിക്കുവാ-
നാവുകയില്ലെന്നതോർത്തിടുമ്പോൾ
നഷ്ടസൗഭാഗ്യങ്ങളോരോന്നുമെണ്ണുവാ-
നിഷ്ടം മനസ്സിൽ നിറഞ്ഞിടുന്നു.
അച്ഛനുമമ്മയും സോദരരൊക്കെയും
സ്വച്ഛമായ് സ്നേഹം ചൊരിഞ്ഞ കാലം
ഓരോ കുറുമ്പുകൾ കാട്ടുന്ന നേരവും
ചാരേനിന്നമ്മ ചിരിച്ച കാലം.
അച്ഛനുമായിക്കബഡികളിച്ചതി-
ലിച്ഛപോലെന്നും ജയിച്ച കാലം
കൂട്ടുകാർ ചേർന്നെറിഞ്ഞൊരത്തിരി മാമ്പഴം
കട്ടുതിന്നോടിക്കളിച്ച കാലം
നിത്യവും തോഴർ പിണങ്ങിയിണങ്ങിയും
വിദ്യാലയത്തിൽപ്പഠിച്ചകാലം
ഒക്കെയും മാധുര്യമൊട്ടും കുറഞ്ഞിടാ-
തുൾക്കാമ്പിനാനന്ദമേകിടുന്നു.
വിസ്മൃതിക്കാവില്ലൊരിക്കലും പുല്കുവാൻ
വിസ്മിതമാകുമീ രംഗമൊന്നും
ഓമനിച്ചീടുവാനെന്നും കൊതിക്കയാ-
ണോർമകൾ തന്നതാം ബാല്യകാലം.



# വിദേശസർവകലാശാലകൾക്കു പരവതാനി വിരിക്കുംമുമ്പ്

(ഒന്നാം പേജ് തുടർച്ച)

ഇന്ത്യയിൽ കാമ്പസുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വിദേശസർവകലാശാലകൾ നോൺ റീഫണ്ടബിൾ പ്രോസസിങ് ഫീസ് സഹിതം യുജിസിക്ക് അപേക്ഷ സമർപ്പിക്കണം. കൂടാതെ, സൗകര്യങ്ങൾ, ഫാക്കൽറ്റി, ഫീസ്ഘടന, അക്കാദമിക് പ്രോഗ്രാമുകൾ, കോഴ്സുകൾ, കരിക്കുലം, സാമ്പത്തികശേഷി മുതലായ കാര്യങ്ങളും യുജിസിയെ അറിയിക്കണം. ഇവയ്ക്കു പുറമേ, ഇന്ത്യയിൽ നൽകുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരം, വിദേശത്തുള്ള പ്രധാന കാമ്പസിന്റേതിനു തുല്യമായിരിക്കുമെന്നും ഇവിടെ നൽകുന്ന ബിരുദങ്ങൾ തുടർവിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനും മറ്റെല്ലാ ആവശ്യങ്ങൾക്കും മെയിൻ കാമ്പസിൽനിന്നു നൽകുന്ന ബിരുദത്തിനു സമമാണെന്നും ഉറപ്പുനൽകുന്ന ഒരു സാക്ഷ്യപത്രവും സമർപ്പിക്കേണ്ടതാണ്.

യുജിസി നിശ്ചയിക്കുന്ന ഒരു സ്റ്റാൻഡിങ് കമ്മിറ്റിയായിരിക്കും വിദേശ സർവകലാശാലകളുടെ സ്ഥാപനം, പ്രവർത്തനം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളും പരിശോധിക്കുക. സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് രണ്ടു വർഷത്തിനുള്ളിൽ കാമ്പസ് തുടങ്ങാനുള്ള അംഗീകാരം യുജിസി നൽകും. തുടക്കത്തിൽ പത്തുവർഷം പ്രവർത്തിക്കാനുള്ള അംഗീകാരമാണു നൽകുക. തുടർപ്രവർത്തനത്തിനുള്ള അംഗീകാരവും യുജിസിയാണു നൽകേണ്ടത്. അതിഥിസർവകലാശാലകൾക്കു സ്വദേശി, വിദേശി വിദ്യാർഥികളെ പ്രവേശിപ്പിക്കാനാവശ്യമായ നടപടിക്രമവും മാനദണ്ഡവും സ്വയം തീരുമാനിക്കാം. സുതാര്യവും ന്യായവുമായ ഫീസ് ഘടനയും സ്വയം നിർണയിക്കാം. ഇത്തരം കാര്യങ്ങളെല്ലാം പ്രതിപാദിക്കുന്ന പ്രോസ്പെക്റ്റസ് പ്രവേശനത്തിന് 60 ദിവസംമുമ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിബന്ധനയും കരടുരേഖയിൽ പരാമർശിക്കുന്നുണ്ട്. ആവശ്യക്കാർക്കു മുഴുവനായോ ഭാഗികമായോ സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

അധ്യാപകനിയമനത്തിനുള്ള സ്വാതന്ത്ര്യം അതിഥിസർവകലാശാലയ്ക്കാണ്. അധ്യാപകരുടെ യോഗ്യത, ശമ്പളസ്കെയിൽ, സർവീസ് നിബന്ധനകൾ എല്ലാം അവർക്കു തീരുമാനിക്കാം. അധ്യാപകരുടെ യോഗ്യത മെയിൻ കാമ്പസിലെ അധ്യാപകർക്കു തുല്യമായിരിക്കണം.



വിദേശസർവകലാശാലകൾക്ക് ഓൺലൈൻ കോഴ്സുകളോ ഡിസ്റ്റൻസ് എജ്യുക്കേഷൻ കോഴ്സുകളോ നടത്താൻ അനുവാദമില്ല. അവർ നൽകുന്ന ബിരുദങ്ങൾ ഇന്ത്യൻ സർവകലാശാലകൾ നൽകുന്ന തത്തുല്യബിരുദങ്ങൾക്കു സമമായിരിക്കണം. ഇന്ത്യയുടെ ദേശീയതാത്പര്യങ്ങൾക്കു വിരുദ്ധമായ ഒരു പ്രോഗ്രാമുകളും നടത്തരുത്. മാതൃസ്ഥാപനത്തിലേക്കോ മറ്റു വിദേശരാജ്യങ്ങളിലേക്കോ ഉള്ള റിക്രൂട്ടിങ് കേന്ദ്രമായി മാറരുതെന്ന നിബന്ധനയും കരടുരേഖ മുമ്പോട്ടുവയ്ക്കുന്നുണ്ട്. ഫെമാ (Foreign Exchange Management Act) അനുസരിച്ചാവണം സാമ്പത്തികകാര്യക്രയവിക്രയങ്ങൾ.

വിദ്യാർഥികളുടെ താത്പര്യസംരക്ഷണാർഥം, ഒരു കോഴ്സോ പ്രോഗ്രാമോ കാമ്പസോ യുജിസിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ അവസാനിപ്പിക്കാൻ വിദേശസർവകലാശാലയ്ക്കു കഴിയില്ല. ഏതെങ്കിലും കാരണവശാൽ നിർത്തേണ്ടിവന്നാൽ വിദ്യാർഥികൾക്കു തുടർപഠനത്തിനുള്ള സൗകര്യം വിദേശസർവകലാശാല ചെയ്തുകൊടുക്കേണ്ടതാണ്. ഈ നിബന്ധനകൾക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ സർവകലാശാലയുടെ അംഗീകാരം സസ്പെൻഡ് ചെയ്യാനോ പിൻവലിക്കാനോ പെനാൽറ്റി ചുമത്താനോ ഉള്ള അംഗീകാരം യുജിസിയിൽ നിക്ഷിപ്തമാണ്.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാവുന്നതാണ് വിദേശസർവകലാശാലകളുടെ കടന്നുവരവ്. ഇതിനു വഴിയൊരുക്കുന്ന കരട് വേണ്ടത്ര ഉൾക്കാഴ്ചയില്ലാതെയാണു ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന ആക്ഷേപം ഉന്നയിക്കാമെങ്കിലും ചില നല്ല വശങ്ങൾ കാണാതിരിക്കാനാവില്ല.

2030 ഓടെ ഉന്നതവിദ്യാഭ്യാസരംഗത്തെ GER (Gross Enrolment Ratio) 50 ശതമാനം ആക്കണമെന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ പുതിയ ധാരാളം സ്ഥാപനങ്ങൾ നാം ആരംഭിച്ചേ മതിയാവൂ. സർവീസ് മേഖലയായ വിദ്യാഭ്യാസത്തിൽനിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്കം പോകുന്ന യാഥാർഥ്യം നിലനിൽക്കുമ്പോൾ വിദേശസർവകലാശാലകളുടെ കടന്നുവരവ് ലക്ഷ്യം നേടുന്നതിനു സഹായകരമാകും. വിദേശസർവകലാശാലകൾക്കു ബെഞ്ച്മാർക്കിങ്ങും ശാസ്ത്രീയമായ ഗുണനിലവാരമാനദണ്ഡങ്ങളും ഉള്ളതുകൊണ്ട്, നമ്മുടെ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുമെന്നതിൽ സംശയമില്ല. വിദേശവാസം കാംക്ഷിക്കുന്ന വിദ്യാർഥികൾക്ക് വിദേശസർവകലാശാലകളുടെ ബിരുദം ഗുണകരമാവും.

ബ്യൂറോ ഓഫ് എമിഗ്രേഷന്റെ കണക്കനുസരിച്ച് 2022 നവംബർ 30 വരെ 6,48,678 ഇന്ത്യൻ വിദ്യാർഥികളാണ് സ്റ്റുഡന്റ്സ് വിസയിൽ വിദേശത്തു പോയിരിക്കുന്നത്. വിദേശത്തു പഠിക്കാനും താമസിക്കാനുമുള്ള വലിയ തുക എജ്യൂക്കേഷൻ ലോണായി എടുത്താണ് കൂടുതൽപേരും കടൽകടന്നത്. അവരിൽ 25-30 ശതമാനത്തിനെങ്കിലും അത്രയും പണം മുടക്കാതെ സ്വദേശത്ത് അതേ ബിരുദം കരസ്ഥമാക്കാനാവും. കുറെ കുടുംബങ്ങളെങ്കിലും കടക്കെണിയിൽനിന്നു രക്ഷപ്പെടും.

വിദേശസർവകലാശാലകൾ കടന്നുവരുമ്പോൾ പിടിച്ചുനിൽക്കണമെങ്കിൽ ഇപ്പോഴുള്ള സ്ഥാപനങ്ങൾ അവരുടെ ഇൻഫ്രാസ്ട്രക്ചർ വിപുലപ്പെടുത്തുകയും ഗുണനിലവാരം ഉറപ്പാക്കുകയും വേണം. ചുരുക്കത്തിൽ, ആരോഗ്യപരമായ മത്സരത്തിനു വഴിയൊരുങ്ങും. അനേകം വിദ്യാർഥികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും.

ഇന്ത്യയിലെത്തുന്ന വിദേശസർവകലാശാലകൾ തമ്മിലും മത്സരം കടുക്കും എന്നതുകൊണ്ട് ഏറ്റവും മികച്ച അധ്യാപകരും അതിനൂതനസൗകര്യങ്ങളും മുൻനിർത്തിയാവും അവർ പ്രവർത്തിക്കുക. കാലഘട്ടം ആവശ്യപ്പെടുന്ന കോഴ്സുകളും മുന്തിയ ലാബ് സൗകര്യങ്ങളും വേഗവും കൃത്യതയുമെല്ലാം അവയുടെ മുഖമുദ്രകളാവും. നമ്മുടെ വിദ്യാർഥികൾ അതിന്റെയെല്ലാം ഗുണഭോക്താക്കളാകും.

അഞ്ചു പേരുടെയെങ്കിലും പിഎച്ച്.ഡി. വാർത്തകളില്ലാതെ ഒരു മലയാളപത്രവും ഇന്ന് പുറത്തിറങ്ങില്ല. അവരിലെ സമർഥർക്കു സ്വാശ്രയകോളജിലെ മിനിമം വേതനത്തിൽനിന്നു മോക്ഷം പ്രാപിച്ച് വിദേശസർവകലാശാലകളിൽ ഇടം കണ്ടെത്താനാവും. അധ്യാപകരെ മാത്രമല്ലല്ലോ ജോലിക്കാവശ്യം. അനധ്യാപകരായും സപ്പോർട്ടിങ് സ്റ്റാഫായും നിരവധിപേർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതയുമുണ്ട്.

പുതിയ സർവകലാശാലകളിൽ വിദേശികൾക്കൊപ്പമിരുന്നു പഠിക്കാൻ സ്വദേശികൾക്കും അവസരമൊരുങ്ങും. അവിടെ മത്സരബുദ്ധിയും സഹകരണവും സാംസ്കാരികപകർത്തലും നടക്കും. നമ്മുടെ കുട്ടികളുടെ വ്യക്തിത്വവളർച്ചയ്ക്കും അഭിരുചിക്കും കാഴ്ചപ്പാടുമാറ്റത്തിനുമൊക്കെ ഈ സഹപഠനം വഴിതുറക്കാം.

സമ്പന്നരാജ്യങ്ങളിലേക്കു വിദ്യാഭ്യാസത്തിനുവേണ്ടി പോകാൻ സാമ്പത്തികസ്ഥിതി അനുവദിക്കാത്ത രാജ്യങ്ങളിലെ കുട്ടികൾക്ക് അവരുടെ സ്വപ്നസർവകലാശാലയിലെ അതേ വിദ്യാഭ്യാസം ചെലവു കുറഞ്ഞ് ഇന്ത്യയിൽ ലഭിക്കുമ്പോൾ ഇന്ത്യ അവരുടെ പഠനലക്ഷ്യകേന്ദ്രമാകാം. ഇന്ത്യയെ ഒരു വിദ്യാഭ്യാസ ഹബ്ബായും ഗ്ലോബൽ നോളജ് സൂപ്പർ പവറായും രൂപാന്തരപ്പെടുത്താൻ ലക്ഷ്യമിടുന്ന 2020 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ വീക്ഷണം ത്വരിതപ്പെടുത്തുന്നതിനു കരടുരൂപം സഹായകരമാവും.

കരടുരൂപം സമ്മാനിക്കുന്ന ആശകൾക്കും പ്രതീക്ഷകൾക്കുമൊപ്പം ചില ആശങ്കകളും ഉയരുന്നുണ്ട്. വേണ്ടത്ര ഗൃഹപാഠം ചെയ്തിട്ടാണോ ഈ കരടുരൂപം തയ്യാറാക്കിയതെന്ന സംശയം വായനയിൽ ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റപ്പെടുത്തുവാനാവില്ല. വെറും ഏഴു പേജിലാണ് നമുക്കിതു ലഭ്യമായിരിക്കുന്നത്. പൊതു അഭിപ്രായംകൂടി സമാഹരിച്ച് വിപുലപ്പെടുത്തുകയാണോ ലക്ഷ്യം അതോ പ്രതികരണങ്ങളും വിമർശനങ്ങളും അറിയാനുള്ള ഒരു ടെസ്റ്റ് ഡോസ് മാത്രമാണോ ഇത്?

തുടർപഠനത്തിനു വിദ്യാർഥികൾ വിദേശരാജ്യം ലക്ഷ്യമിടുന്നത് ഡിഗ്രിസമ്പാദനത്തിനു മാത്രമല്ല. പഠനശേഷം കുറച്ചുവർഷങ്ങൾ വർക്ക് പെർമിറ്റ് നേടി അവിടെ തുടരാനും സാധിക്കുമെങ്കിൽ പി.ആർ. നേടാനുമാണ് അവരുടെ പദ്ധതി. വിദേശത്തുപോകുന്ന കേരളീയയുവജനങ്ങളിൽ 60 ശതമാനം ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാണെന്നു കാണിക്കുന്ന ഒരു സർവേഫലം പുറത്തുവന്നിരുന്നു. വിദേശത്തു ലഭിക്കുന്ന പാർട്ട്ടൈം ജോലിസാധ്യതയും തൊഴിൽ മാന്യതയും നമ്മുടെ കുട്ടികളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങളാണ്. അവ ഉപേക്ഷിച്ച് അവർ നാട്ടിൽ തുടരുമോ? കാലം ഉത്തരം പറയണം.

വിദ്യാഭ്യാസത്തിന്റെ രാജ്യാന്തരവത്കരണം സ്വകാര്യവത്കരണമായി മാറിയേക്കാം. സ്വകാര്യ സ്ഥാപനങ്ങൾക്കു ഗോൾ പോസ്റ്റില്ലാതെ കളിക്കാനുള്ള ഇടങ്ങളായി ഉന്നതവിദ്യാഭ്യാസരംഗം മാറാം. വിദേശസ്ഥാപനങ്ങളുടെ സ്വാധീനം ശക്തമാകുമെന്നതിനാൽ നിലവിലെ നിയമങ്ങൾ അവർക്കനുകൂലമായി മാറ്റിയെടുക്കാനുള്ള ശ്രമങ്ങളിൽ അവർ വിജയിക്കാനുള്ള സാധ്യത കൂടുതലാണ്. ഈ രംഗത്തെ സംഘർഷം രാജ്യാന്തരപ്രശ്നമായി മാറാമെന്നതുകൊണ്ട് കേന്ദ്രസർക്കാരിന്റെ തന്ത്രപരമായ നിശ്ശബ്ദതയും പ്രശ്നമാകാം.

നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്ത് നിലവിലുള്ള സംവരണതത്ത്വങ്ങളും ന്യൂനപക്ഷാവകാശങ്ങളും വിദേശസർവകലാശാലകൾ പാലിക്കണമെന്നതിനു കരടിൽ യാതൊരു നിർദേശവുമില്ല. തൽഫലമായി സംവരണതത്ത്വങ്ങൾ അട്ടിമറിക്കപ്പെടാം.

സ്വകാര്യസർവകലാശാലകളിലെ ഫീസ് നമ്മുടെ അപ്പർ, അപ്പർ മിഡിൽ, മിഡിൽ എന്നീ ക്ലാസുകൾക്കു മാത്രമാകും വഹിക്കാനാവുക. മറ്റുള്ളവർ ലോണിനെ ആശ്രയിക്കുകയോ തദ്ദേശസ്ഥാപനങ്ങളിൽ പ്രവേശനം നേടുകയോ ചെയ്യണം. ഇത് സമൂഹത്തിലെ അസമത്വം വർദ്ധിപ്പിക്കാൻ ഇടയാക്കും. പ്രവേശനമാനദണ്ഡങ്ങൾ തീരുമാനിക്കാനുള്ള പൂർണസ്വാതന്ത്ര്യം വിദേശ സർവകലാശാലകൾക്കുള്ളതുകൊണ്ട് സാമ്പത്തികം മെറിറ്റിനെ അട്ടിമറിക്കാം.

വിദേശസർവകലാശാലകൾ മിക്കവാറും നഗരകേന്ദ്രീകൃതമായിരിക്കും. മറിച്ചു നിർദേശങ്ങളൊന്നുമില്ലാത്തതുകൊണ്ട് നഗരത്തിലായിരിക്കും അവരുടെ ആസ്ഥാനം. അങ്ങനെ വരുമ്പോൾ, ഗ്രാമത്തിലെ കുട്ടികൾക്കു പ്രവേശനം പ്രയാസകരമാവും. തദ്വാരാ, നഗരവും ഗ്രാമവും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന സാഹചര്യം സംജാതമാവുകയും ചെയ്യും.

വിദേശസർവകലാശാലകളുടെ കടന്നുവരവ് നമ്മുടെ സർക്കാർ-സ്വകാര്യസർവകലാശാലകൾക്കും കലാലയങ്ങൾക്കും ഭീഷണിയാവും. ഇപ്പോൾത്തന്നെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളും പോസ്റ്റ് നഷ്ടവും ഭയാനകമായി വർദ്ധിക്കും.

വിദേശകാമ്പസുകളിൽ അനുവദനീയമായ സംസ്കാരം നമ്മുടെ വിദ്യാർഥികളും സ്വാംശീകരിക്കും. നാം അഭിമാനിക്കുന്ന ആർഷഭാരതസംസ്കാരവും പെരുമാറ്റശൈലിയും തകിടംമറിയും. ഇവ അപകടകരമായ ഒരു സാംസ്കാരികവിടവ് സൃഷ്ടിക്കും.

വിദ്യാഭ്യാസകാര്യത്തിൽ സ്വന്തമായ വീക്ഷണമുള്ള ഒരു സംസ്ഥാനമാണ് കേരളം. ഇവിടെ സ്വകാര്യവിദ്യാഭ്യാസത്തെക്കാൾ പൊതുവിദ്യാഭ്യാസത്തിനാണു മുൻതൂക്കം. സർക്കാരിന്റെ നയങ്ങളും അപ്രകാരമാണ്. കൂടാതെ, വിദേശസ്ഥാപനങ്ങളോടുള്ള ചിറ്റമ്മസമീപനവും എത്ര വിദേശസർവകലാശാലകളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കും? കാത്തിരുന്നു കാണാം.

■

# ജീവിതം 'ഷോക്കേസി'ൽ വയ്ക്കാനുള്ളതല്ല



പ്രഫ. റോസ്‌ലിന്റ് ജോർജ്

**ചൂ**ളംവിളിയോടെ പാഞ്ഞുവന്ന ട്രെയിൻ പ്ലാറ്റ്ഫോം പിടിച്ചതോടെ ഭിക്ഷക്കാരൻ സമ്പന്നർ യാത്ര ചെയ്യുന്ന ബോഗിയിലേക്ക് ഓടിക്കയറി. അവജ്ഞയോടെ നോക്കുമെങ്കിലും കിട്ടിയാൽ വിലയുള്ള നോട്ടുകിട്ടും. തിങ്കളാഴ്ചകളിൽ ട്രെയിനിന്റെ പ്രത്യേക കൂപ്പെയിൽ യാത്ര ചെയ്തിരുന്ന അതിസമ്പന്നനെന്നു തോന്നുന്ന ഒരാൾ ഭിക്ഷയൊന്നും കൊടുത്തിരുന്നില്ലെങ്കിലും യാചകനെ നോക്കി പുഞ്ചിരിക്കുമായിരുന്നു. ഒരു ദിവസം ധൈര്യം സംഭരിച്ച് യാചകൻ ചോദിച്ചു: “അങ്ങെന്താണ് എനിക്കു ഭിക്ഷയൊന്നും തരാത്തത്?'' സമ്പന്നൻ ഉത്തരം നല്കിയതിങ്ങനെ: “നോക്കൂ, ഞാനൊരു ബിസിനസുകാരനാണ്. ലാഭം നോക്കി മാത്രമേ ഞാൻ ബിസിനസു ചെയ്യാറുള്ളൂ. ഞാൻ നിനക്കു ഭിക്ഷ തന്നാൽ എനിക്കു തിരിച്ചുതരാൻ നിന്റെ പക്കൽ എന്തുണ്ട്?'' “ഞാൻ വെറുമൊരു ഭിക്ഷക്കാരൻ, അങ്ങേക്കു ഞാനെന്തു തരാൻ?” “നോക്കൂ, റെയിൽ പാളത്തിനിരുവശത്തും എന്തുമാത്രം കാട്ടുപൂക്കൾ; എന്തു ഭംഗിയാണ വയ്ക്ക്; നിനക്ക് അതിൽനിന്ന് ഒരു പൂവെങ്കിലും ഇറുത്ത് എനിക്കു തന്നുകൂടേ?”

യാചകൻ അടുത്ത തിങ്കളാഴ്ചയ്ക്കായി കാത്തിരുന്നു. പതിവിനു വിപരീതമായി വളരെ ഉത്സാഹത്തോടെ രാവിലെ തന്നെ എണീറ്റ് കുളിച്ചു വൃത്തിയായി, തലേന്ന് അലക്കിയിട്ട വേഷവും ധരിച്ച് പൂക്കളിറുക്കാൻ പാളത്തിന്റെ വശങ്ങളിലൂടെ നടന്നു. സമ്പന്നൻ പറഞ്ഞത് എത്ര സത്യം. എന്തുമാത്രം ഭംഗിയുള്ള പൂക്കൾ! അവയിൽനിന്ന് ഏറ്റവും ഭംഗിയുള്ള ഒരു പൂവ് തണ്ടോടെ ഇറുത്തെടുത്ത് സമ്പന്നന്റെ അടുത്തുചെന്നു. പതിവു പുഞ്ചിരിയോടെ പൂവ് സ്വീകരിക്കുകയും പോക്കറ്റിൽനിന്നു വിലയുള്ള ഒരു നോട്ട് പ്രതിഫലമായി നല്കുകയും ചെയ്തു. പിറ്റേതിങ്കളാഴ്ച യാചകൻ സമ്പന്നനു നല്കിയത് ഒരു ബൊക്കെയായിരുന്നു. പ്രതിഫലമായി ആദ്യം കിട്ടിയതിന്റെ പത്തിരട്ടി വിലയുള്ള നോട്ടും. യാചകൻ നല്കിയ പൂക്കളുടെയും ബൊക്കെയുടെയും ഭംഗി കൂടുന്നതനുസരിച്ച് നോട്ടിന്റെ അളവും മൂല്യവും കൂടിക്കൂടി വന്നു.

പതിവുപോലെ ഒരു തിങ്കളാഴ്ച. യാത്രയിൽ യാചകനെ പ്രതീക്ഷിച്ചിരുന്ന സമ്പന്നന് അയാളെ കാണാൻ കഴിഞ്ഞില്ല. അയാൾക്ക് എന്തുപറ്റിയിരിക്കും? അസുഖം വല്ലതും? അതോ വല്ല അപകടവും? കാലം കടന്നുപോയി; സമ്പന്നന്റെ ഓർമയിൽനിന്നു തന്നെ യാചകൻ അപ്രത്യക്ഷനായി.

ഏതാനും വർഷങ്ങൾക്കു ശേഷം കൂപ്പെയിലേക്കു കയറിവന്ന അതിസമ്പന്നനെന്നു തോന്നിപ്പിക്കുന്ന ഒരാൾ പുഞ്ചിരിയോടെ സമ്പന്നന്റെ എതിർവശത്തായി ഇരുന്നു. തന്റെ സ്റ്റാറ്റസിനു ചേർന്ന അയാളെ ഹസ്തദാനം ചെയ്ത്, താങ്കളാരാണ്? ഇതിനുമുമ്പു പരിചയപ്പെട്ടിട്ടില്ലല്ലോ എന്നു പറഞ്ഞപ്പോൾ പുതിയ യാത്രക്കാരൻ സമ്പന്നനോടു പറഞ്ഞു; അങ്ങേക്ക് എന്നെ പരിചയമില്ല; പക്ഷേ, എനിക്ക് അങ്ങ് സുപരിചിതനാണ്. വർഷങ്ങൾക്കുമുമ്പ് അങ്ങയുടെമുമ്പിൽ ഭിക്ഷയ്ക്കായി ഞാൻ കൈനീട്ടിയിട്ടുണ്ട്. ഇന്ന് ഞാനീ നിലയിൽ നില്ക്കുന്നത് അങ്ങ് എന്നോടു ചോദിച്ച ഒരു ചോദ്യമായിരുന്നു. നിന്റെ പക്കൽ എന്തുണ്ട്? റെയിൽപാളത്തിനിരുവശത്തുനിന്നും നല്ല നല്ല പൂക്കൾ ഇറുത്ത് ഞാനങ്ങേക്കു തന്നു. ഭിക്ഷയായിട്ടല്ല പ്രതിഫലമായിട്ടാണ് അങ്ങെനിക്കു നോട്ടുകൾ തന്നത്. അധ്വാനത്തിന്റെയും അംഗീകാരത്തിന്റെയും പ്രതിഫലം. അങ്ങയുടെ പ്രോത്സാഹനം എനിക്ക് ആത്മവിശ്വാസമേകി. ഭിക്ഷയാചിക്കുന്നതിനുപകരം ജോലി ചെയ്ത് സ്വന്തമായി വരുമാനം കണ്ടെത്തുന്നതിലായി എന്റെ ശ്രദ്ധ. പട്ടണത്തിലെ പൂക്കടകളിൽ ചെന്ന് ചിലയിനം പൂക്കളും ഇലകളും ഞാൻ വിലയ്ക്കു നല്കാൻ തുടങ്ങി. നാട്ടിലെ പല കുടുംബങ്ങളും പൂക്കൾ വില്ക്കുന്നതായി ഞാൻ മനസ്സിലാക്കി. താമസംവിനാ ഞാൻ പൂക്കച്ചവടത്തിൽ ഒരു ഇടനിലക്കാരനായി. ഇതിനിടയിൽ സമ്പാദ്യശീലവും എന്നിലേക്കു കടന്നുവന്നു. ദിവസങ്ങളും ആഴ്ചകളും മാസങ്ങളുമായി സ്വരൂപിച്ച പണംകൊണ്ട് ഞാനൊരു കൊച്ചുപൂക്കട തുടങ്ങി. എന്റെ ചെറിയ ബിസിനസ് വലിയ ബിസിനസിലേക്കു വഴി തെളിച്ചപ്പോൾ എന്നെപ്പോലെ ഭിക്ഷ യാചിച്ചു നടന്ന പലർക്കും ഞാൻ ജോലി നല്കി. അങ്ങേക്കറിയാമോ ഇന്ന് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പൂക്കച്ചവടം ഞാനാണു നടത്തുന്നത്. ഇവിടെ മാത്രമല്ല, സംസ്ഥാനത്തിനു പുറത്തും വിദേശരാജ്യങ്ങളിലും എന്റെ സ്ഥാപനത്തിന്റെ ബ്രാഞ്ചുകളുണ്ട്.

സ്ഥാപനത്തിന്റെ പേരു കേട്ടപ്പോഴാണ് അന്നത്തെ യാചകൻ ഇന്ന് കോടികളുടെ ഉടമയാണെന്നു അയാൾ മനസ്സിലാക്കിയത്.

നിന്റെ (നിങ്ങളുടെ) പക്കൽ എന്തുണ്ട്? ഈ ചോദ്യം ആദ്യമായി നാം കേൾക്കുന്നത് വി. ബൈബിളിൽനിന്നാണ്. തന്റെ വചനം കേൾക്കാൻ തടിച്ചുകൂടിയ ജനങ്ങൾക്കു ഭക്ഷണം നല്കാൻ, “നിങ്ങളുടെ പക്കൽ എന്തുണ്ട് എന്ന് ശിഷ്യരോടായി ചോദിച്ച ചോദ്യം. യേശുവിന്റെ വാക്കുകൾ കേൾക്കാൻ വന്ന ഒരു ബാലന്റെ പക്കൽനിന്നു സംഘടിപ്പിച്ച അഞ്ചപ്പവും രണ്ടു മീനും; അതായിരുന്നു ശിഷ്യർ യേശുവിനെ ഏല്പിച്ചത്. അവർ നല്കിയ 'ചെറുതിനെ'യാണ് ഈശോ ആയിരങ്ങളായി വർധിപ്പിച്ചതും, അയ്യായിരം പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം നല്കിയ ശേഷം പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചതും.

ലിയോ ടോൾസ്റ്റോയി ഈ സംഭവത്തെ കാണുന്നത് ഈശോ നടത്തിയ ഒരു അദ്ഭുതത്തെക്കാളേറെ ഒരു പങ്കുവയ്ക്കലിന്റെ സന്ദേശമായിട്ടാണ്. ബാലന്റെ പക്കലെ അഞ്ചപ്പംതന്നെ പങ്കുവയ്ക്കലിന്റെ സന്ദേശമാണു നല്കുന്നത്. ഒരു ബാലനു കഴിക്കാൻ അഞ്ച് അപ്പം ആവശ്യമില്ല. തന്റെ അടുത്തിരിക്കുന്ന ആർക്കെങ്കിലും ഭക്ഷണമില്ലെങ്കിൽ അപരനുകൂടി നല്കാനാകും അത്രയും ഭക്ഷണം അവൻ എടുത്തിരിക്കുക. ഈശോ ചെയ്തതാവട്ടെ, പങ്കുവയ്ക്കാൻ കൊണ്ടുവന്ന ആ ചെറിയ ഭക്ഷണത്തെ വളരെ വലുതാക്കി ആയിരങ്ങൾക്കു വിതരണം ചെയ്തു.

നിന്റെ പക്കൽ എന്തുണ്ട്? ദൈവം അന്നും ഇന്നും എന്നും ചോദിക്കുന്ന ചോദ്യം. ഓരോ മനുഷ്യനും നല്കിയിരിക്കുന്ന താലന്തുകൾ. അത് സമയമാവാം, അറിവാകാം, കഴിവാകാം, ആരോഗ്യമാവാം, സമ്പത്താവാം, നേതൃത്വപാടവമാവാം, ഊർജസ്വലതയാവാം, പാരമ്പര്യമാവാം, സംസ്കാരമാവാം... അങ്ങനെ പലതും. നിന്റെ കൈകളിൽ വിശ്വസ്തതയോടെ ഞാനേല്പിച്ച താലന്തുകൾ നീ എത്ര കണ്ടു വർധിപ്പിച്ചു? ഈ ചോദ്യത്തിനുള്ള ഉത്തരമാണല്ലോ ഓരോ മനുഷ്യനും അവസാനമായി നല്കേണ്ടത്.

ടോഡ് ഹെൻട്രി എന്ന പ്രസിദ്ധനായ എഴുത്തുകാരൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ഭൂമിയിലെ ഏറ്റവും സമ്പന്നമായ സ്ഥലം ഏതാണ്? സാമ്പത്തിക സൈനികശക്തിയായ അമേരിക്കയാണോ? അല്ല; സ്വർണഖനികളുടെ നാടായ സൗത്ത് ആഫ്രിക്കയാണോ? അല്ല. എണ്ണപ്പാടങ്ങളുടെ നാടായ ഗൾഫ്? അല്ല. ജൈവസമ്പത്തുനിറഞ്ഞ മലനിരകളുള്ള ഇന്ത്യ? അല്ല. പിന്നെ ഏതാണ്ട് ഭൂമിയിലെ ഏറ്റവും സമ്പന്നമായ സ്ഥലം? അത് സെമിത്തേരിയാണ്. അവിടുത്തെ ശവകുടീരങ്ങളിലാണ് കണക്കില്ലാത്തവിധം സമ്പത്ത് കുഴിച്ചുമൂടപ്പെട്ടിരിക്കുന്നത്, ജീവിച്ച നാൾ ഉപയോഗിക്കാതെ വച്ച 'സ്നേഹം' എന്ന വലിയ സമ്പത്ത്; തന്റെ സ്വാർഥതാത്പര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിച്ച 'സമയം'; തനിക്കും വീട്ടുകാർക്കുംവേണ്ടി മാത്രം ഉപയോച്ചു ബാക്കിവന്ന ബാങ്കുനിക്ഷേപങ്ങൾ; അപരന്റെ നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കാതെ മനസ്സിലൊതുക്കിയ അസൂയയുടെ വിത്തുകൾ; തനിക്കു കിട്ടിയ അറിവും കഴിവും തനിക്കുമാത്രം സ്വന്തമെന്നു കരുതിയ മനസ്സുകൾ; ആരോഗ്യവും ഊർജവും തന്റെ കഴിവുകൊണ്ടുമാത്രം നേടിയത് എന്ന മിഥ്യാബോധം... ഇങ്ങനെ പോകുന്നു സെമിത്തേരിയിലെ സമ്പത്തിന്റെ കണക്ക്. തന്നെ ഏല്പിച്ച താലന്തുകൾ വർധിപ്പിക്കാതെ കുഴിച്ചുമൂടിയിരിക്കുന്ന ശവകുടീരങ്ങൾ.

ട്രെയിൻയാത്രയിൽ സമ്പന്നൻ ഭിക്ഷക്കാരനു കൊടുത്തത് ആദ്യമൊരു പുഞ്ചിരിയായിരുന്നു. പുഞ്ചിരിച്ചതുകൊണ്ടാണ് ഭിക്ഷക്കാരന് ധനികനോടു സംസാരിക്കാനുള്ള ധൈര്യം കിട്ടിയത്. തന്നെക്കാൾ താഴ്ന്നവരെ നോക്കി ഒന്നു പുഞ്ചിരിക്കുക; മനുഷ്യനു നല്കിയിരിക്കുന്ന ഏറ്റവും വലിയ താലന്താണത്. പിന്നീട്, ധനികൻ ഭിക്ഷക്കാരനു നല്കിയത് ആത്മവിശ്വാസമാണ്, സ്വന്തമായി പണം സ്വരൂപിക്കാനുള്ള വഴികളാണ്, അധ്വാനത്തിന്റെ മഹത്ത്വമാണ്, പ്രോത്സാഹനമാണ്. അതേ, ജീവിതം 'ഷോകേസി'ൽ വയ്ക്കാനുള്ളതല്ല; അത് സ്നേഹിക്കാനും, പ്രോത്സാഹിപ്പിക്കാനും പങ്കുവയ്ക്കാനുമുള്ളതാണ്.

■

## ഡോക്ടറേറ്റ്



കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് സ്ട്രാറ്റജിക് ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റിൽ ഡോക്ടറേറ്റ് ലഭിച്ച ജോബിൻ എസ്. കൊട്ടാരം. അബ്സൊല്യൂട്ട് ഐ.എ.എസ്. അക്കാദമിയുടെ സ്ഥാപകനും ചെയർമാനുമാണ്.

ചങ്ങനാശേരി ഇത്തിത്താനം സ്വദേശിയാണ്. ഭാര്യ ക്രിസ്റ്റി, മകൻ എയ്ഡൻ.

# ആയിരങ്ങൾക്കു തണലേകിയ ഫെലിക്സച്ചൻ

ഒരു സന്ന്യാസസഭയിലെ അംഗമായിരുന്ന ഫാ. തോമസ് ഫെലിക്സ് സഭയുടെ സഞ്ചാരപഥത്തിനു വികാസം കൂട്ടുകയും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുവേണ്ടി വേറിട്ടൊരു വിദ്യാഭ്യാസരീതി രൂപപ്പെടുത്തുകയും ചെയ്ത കർമയോഗിയാണ്. അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ ആ വിവേകശാലി പതിനായിരങ്ങൾക്കു പുതുജീവനേകി. ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പുറമ്പോക്കിൽ തള്ളാനാവില്ല; മറിച്ച്, ശരിയായ പരിചരണവും പരിശീലനവും നല്കിയാൽ സാധാരണക്കാരെപ്പോലെ ഒരുപക്ഷേ, അവരെക്കാൾ ഉയരത്തിൽ പറക്കാൻ പറ്റുന്നവരാണ് ഭിന്നശേഷിക്കാരായ കുട്ടികളെന്നു തിരിച്ചറിഞ്ഞു ആ ദാർശനികൻ.



ഫാ. വർക്കി ചക്കാലയിൽ CMI

പ്രശസ്ത കവി എൻ.എൻ. കക്കാടിന്റെ 'വഴിവെട്ടുന്നവരോട്' എന്ന കവിത ആരംഭിക്കുന്നത് ഇങ്ങനെയാണ്:

'ഇരുവഴിയിൽ പെരുവഴി നല്ലൂ
പെരുവഴിയേ പോ ചങ്ങാതീ
പെരുവഴി കൺമുമ്പിലിരിക്കെ
പുതുവഴി നീ വെട്ടുന്നാകിൽ
പലതുണ്ടേ ദുരിതങ്ങൾ
പലതുണ്ടേ ദുരിതങ്ങൾ.

ഈ കവിത വേറിട്ട വഴിയേ സഞ്ചരിച്ചു കടന്നുപോയ ഫെലിക്സ് കുറിച്യാപറമ്പിലച്ചനു വേണ്ടി എഴുതിയതാണെന്ന് അച്ചനെ അറിയുന്നവർ പറയും. കാരണം, ഒരു സന്ന്യാസസഭയിലെ അംഗമായിരുന്ന ഫെലിക്സച്ചൻ സഭയുടെ സഞ്ചാരപഥത്തിനു വികാസം കൂട്ടുകയും ലോകം കൈയടിച്ചു സ്വീകരിച്ച വേറിട്ട ഒരു വിദ്യാഭ്യാസരീതി ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കു വേണ്ടി രൂപപ്പെടുത്തുകയും ചെയ്ത കർമയോഗിയാണ്. അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ ആ വിവേകശാലി പതിനായിരങ്ങൾക്കു പുതുജീവനേകി. ബുദ്ധിമാന്ദ്യം സംഭവിച്ചവരെ പുറമ്പോക്കിൽ തള്ളാനാവില്ല; മറിച്ച്, ശരിയായ പരിചരണവും പരിശീലനവും നല്കിയാൽ സാധാരണക്കാരെപ്പോലെ ഒരുപക്ഷേ, അവരെക്കാൾ ഉയരത്തിൽ പറക്കാൻ പറ്റുന്നവരാണ് ഭിന്നശേഷിക്കാരായ കുട്ടികളെന്നു തിരിച്ചറിഞ്ഞ ദാർശനികനാണു ഫെലിക്സച്ചൻ.

കോട്ടയം കടുത്തുരുത്തിയിൽ പ്രശസ്തമായ കുറിച്യാപറമ്പിൽ കുടുംബത്തിൽ വർഗീസ്-മറിയാമ്മ ദമ്പതികളുടെ മകനായി 1936 ഓഗസ്റ്റ് 31 ന് തോമസ് ജനിച്ചു. പഠിക്കാനും ഭാവന ചെയ്യാനും മിടുക്കനായിരുന്നു അവൻ. കടുത്തുരുത്തി സെന്റ് മൈക്കിൾസ് സ്കൂളിൽ നിന്നു പത്താംക്ലാസ് പാസായ തോമസ് വേറിട്ടൊരു ജീവിതം തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. സി.എം.ഐ. സഭയിൽ ഒരു സന്ന്യാസവൈദികനാകാനായിരുന്നു ആ തീരുമാനം. സഭയിൽ ചേർന്ന തോമസ് തന്റെ പേരിന്റെകൂടെ സന്തോഷം എന്നർഥം വരുന്ന ഫെലിക്സ് കൂട്ടിച്ചേർത്ത് ബ്രദർ തോമസ് ഫെലിക്സായി.

കേരളത്തിലും ബാംഗ്ലൂരിലുമായി പഠനം പൂർത്തിയാക്കി അദ്ദേഹം 1964 മേയ് 16 ന് കർത്താവിന്റെ അഭിഷിക്തപുരോഹിതനായി. അധികം താമസിയാതെ ഉപരിപഠനത്തിനായി അമേരിക്കയിലേക്കു പോയി. തിയോളജിയിൽ ഡോക്ടറേറ്റ് എടുത്തു സെമിനാരി പ്രഫസറോ സെക്കുലർ സ്റ്റഡീസിൽ പ്രാവീണ്യം നേടി കോളജ് പ്രഫസറോ ആകുകയായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി എന്തു ചെയ്യാൻ പറ്റും എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. അതിന്റെ ഫലമായി അമേരിക്കയിൽ പിറ്റ്സ്ബർഗിലുള്ള ഡ്യൂക്കേൻ സർവകലാശാലയിൽ ചേരുകയും ഭിന്നശേഷിക്കാരുടെ ജീവിതാവസ്ഥയ്ക്ക് പ്രത്യേക ഊന്നൽ നല്കുന്ന വിഷയത്തിൽ ബിരുദം സമ്പാദിക്കുകയും ചെയ്തു.

പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ ഫെലിക്സച്ചൻ ചങ്ങനാശേരിയിലും കാഞ്ഞിരപ്പള്ളിയിലുമായി തന്റെ പ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചു. എറണാകുളത്ത് കാരയ്ക്കാമുറിയിലും ഒരു സ്ഥാപനം തുറന്നു. 1980 ൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ റിറ്റാർഡേഷൻ (സി.ഐ.എം.ആർ.) എന്ന പ്രസ്ഥാനം തിരുവനന്തപുരത്ത് ആരംഭിച്ചു. അതൊരു ചരിത്രസംഭവത്തിനു നാന്ദിയായിരുന്നു. ചുരുങ്ങിയ സമയം കൊണ്ട് ഈ സ്ഥാപനവും സ്ഥാപനത്തിന്റെ വിദ്യാഭ്യാസസമീപനവും ലോകശ്രദ്ധയാകർഷിച്ചു. സിഐഎംആർ ആവിഷ്കരിച്ച വിദ്യാഭ്യാസരീതിയുടെ പേര് 'ത്രീ സീസ്'' എന്നാണ്. അതായത്, കാര്യഗ്രഹണം (മൂർത്തമായ വസ്തുക്കൾ ഉപയോഗിച്ച് തലച്ചോറ് പഞ്ചേന്ദ്രിയാനുഭവങ്ങൾ നേടുന്നത്), കഴിവുനേടൽ (തുടർച്ചയായ പരിശീലനത്തിലൂടെ പ്രവർത്തനശേഷികൾ വികാസം നേടുന്നത്), സർഗാത്മകത (സ്വതന്ത്രമായി തീരുമാനം എടുക്കാനും വിധിക്കാനും കഴിവു നേടുന്നത്) എന്നിവയിൽ അധിഷ്ഠിതമാണ് ഈ വിദ്യാഭ്യാസസമീപനം. ലോകം വിഭിന്നങ്ങളായ ആകൃതികളുടെയും നിറങ്ങളുടെയും സമുച്ചയമാണ്. ഈ ആകൃതികൾ മൂർത്തങ്ങളാണ്. അതിനാൽ, പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ ഓരോന്നും ഗ്രഹിച്ചെടുക്കാൻ കഴിയുന്നു. ഇതാണ് 'ത്രീ സീസ്' വിദ്യാഭ്യാസസമീപനത്തിന്റെ അടിസ്ഥാനം.

'ത്രീ സീസ് പഠനസമീപനത്തിൽ നാല് അടിസ്ഥാന ആകൃതികളായ വൃത്തം, ദീർഘചതുരം, ത്രികോണം, സമചതുരം എന്നിവയിൽനിന്ന് അക്ഷരങ്ങളും അക്കങ്ങളും രൂപപ്പെടുന്നു. അതേപോലെ ആകൃതികളിലൂടെ അക്കങ്ങൾ പഠിപ്പിക്കുന്നതിനും കഴിയുന്നു. വൃത്തത്തിനകത്ത് എല്ലാ അടിസ്ഥാന ആകൃതികളെയും ഉൾക്കൊള്ളിക്കാൻ സാധിക്കുന്നു. വട്ടം ഒരു പൂർണരൂപമാണ് (സംഖ്യ - 1) ദീർഘചതുരത്തിന് ഒരുപോലെയുള്ള രണ്ടു വശങ്ങളാണുള്ളത് (സംഖ്യ -2), ത്രികോണത്തിന് മൂന്നു വശങ്ങളുണ്ട് (സംഖ്യ 3), സമചതുരത്തിന് 4 വശങ്ങളുണ്ട് (സംഖ്യ 4). അളവുകൾ സംഖ്യകളിൽനിന്നു വികസിക്കുന്നു.

ലോകത്തിലെ സകല വസ്തുക്കളെയും ഈ നാലു രൂപത്തിലേക്കു ചുരുക്കുകയും ഈ നാലു രൂപങ്ങൾ സകല വസ്തുക്കളിലേക്കും വികസിപ്പിക്കുകയും ചെയ്യാം. മണ്ണിൽ പിറന്നുവീഴുന്ന കുഞ്ഞ് ആദ്യം കാണുന്നത് തന്റെ അമ്മയുടെ മുഖമാണ്. അമ്മയുടെ മുഖത്ത് ഈ നാലു രൂപങ്ങളുമുണ്ട്. മൂക്ക് (ത്രികോണം), കണ്ണ് (വട്ടം), നെറ്റി (ദീർഘചതുരം), മുഖം (സമചതുരം). നിലത്തു കമിഴ്ന്നുകിടക്കുന്ന കുഞ്ഞ് കുത്തിവരയ്ക്കുന്നതും ഈ ആകൃതികളാണ്. ഇവിടെ തോമസ് ഫെലിക്സ് എന്ന സമർപ്പിതന്റെ ഭാവനയിൽ മൊട്ടിട്ട സി.ഐ.എം. ആർ എന്ന സ്ഥാപനം വളർന്നുപന്തലിച്ച് അനേകായിരങ്ങൾക്കു തണൽ കൊടുക്കുന്നു. ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി 40000 കുടുംബങ്ങളുമായി ഈ സ്ഥാപനത്തിനു ബന്ധമുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ മാതാപിതാക്കളോടൊപ്പം വീട്ടിൽത്തന്നെ കഴിയണം. വീട്ടിൽ കുട്ടികൾക്കു പരിശീലനം കൊടുക്കാൻ അച്ചൻ തയ്യാറാക്കിയ 'വീടൊരു വിദ്യാലയം' എന്ന പുസ്തകം 11 ഭാഷകളിലായി വിവർത്തനം ചെയ്യപ്പെട്ട് ഈ നാല്പതിനായിരം കുടുംബങ്ങളിലും എത്തിച്ചിരിക്കുന്നു. ഇന്ത്യയിലെ എല്ലാ ഡിഫറന്റ് ലി ഏബിൾഡ് സ്കൂളുകളുടെയും ചാലകശക്തി ഫെലിക്സച്ചന്റെ സിഐഎംആർ എന്ന സ്ഥാപനമാണ്.

ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന അബ്ദുൾ കലാം. സിഐഎംആറിന്റെ സംഭാവനകളെ ഏറെ സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്തിരുന്ന അദ്ദേഹം പ്രസിഡന്റായിരിക്കെ ഏഴു പ്രാവശ്യം തിരുവനന്തപുരത്തുള്ള ഈ സ്ഥാപനത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളോട് ഏറെ കരുതലുണ്ടായിരുന്നു അദ്ദേഹത്തിന്.

വേറിട്ട പാതയിലൂടെ സഞ്ചരിച്ച് കേരളത്തിന്റെ സാമൂഹിക വിദ്യാഭ്യാസരംഗത്തു വിപ്ലവം സൃഷ്ടിച്ച വി. ചാവറയച്ചനാണ് ഫെലിക്സച്ചന്റെ പ്രകാശവും പ്രചോദനവും. പള്ളിയോടൊപ്പം പള്ളിക്കൂടം വേണമെന്ന ചാവറയച്ചന്റെ നിർബന്ധമാണ് കേരളത്തിന്റെ പ്രബുദ്ധതയ്ക്കു നിദാനം. അതിന് ചാവറയച്ചനോടു കേരളജനത നന്ദി പറയണം. ബുദ്ധിമാന്ദ്യമുള്ള മക്കളെ സാധാരണജനത്തിനൊപ്പം നടക്കാൻ സഹായഹസ്തം നീട്ടിയ ഫെലിക്സച്ചനോടു നന്ദിയുള്ള കുടുംബങ്ങളും വ്യക്തികളും എണ്ണിയാൽ തീരില്ല.

■



## പ്രസാദ് കുരുവിള ദേശീയ പ്രസിഡന്റ്



ഇന്ത്യൻ ആന്റി നാർക്കോട്ടിക് മിഷൻ ദേശീയ പ്രസിഡന്റായി നിയമിതനായ പ്രസാദ് കുരുവിള. രാജ്യത്തുടനീളം പ്രവർത്തനമേഖലകളുള്ള ഇന്ത്യൻ ആന്റി കറപ്ഷൻ മിഷന്റെ ലഹരിവിരുദ്ധവിഭാഗമാണ് ആന്റി നാർക്കോട്ടിക് മിഷൻ.

കാൽനൂറ്റാണ്ടായി കേരള കത്തോലിക്കാസഭയുടെ ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ സജീവനേതൃത്വം വഹിച്ചുവരുന്നു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ സംസ്ഥാനസെക്രട്ടറിയായും വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. കെസിബിസി മദ്യവിരുദ്ധസമിതി പാലാ രൂപതയുടെയും കോട്ടയം റീജന്റെയും പ്രസിഡന്റാണ്.



നോവൽ 14 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. ജോയിൻ ചെയ്യാൻ പോകവേ, ട്രെയിനിൽ സ്കൂൾ മാനേജർ ആനന്ദന്റെ മകനെ അവൾ പരിചയപ്പെട്ടു. പിന്നീടവർ നല്ല സുഹൃത്തുക്കളായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. മാനേജർ അവളെ പിരിച്ചുവിട്ടു. അത് വീട്ടിലറിയിക്കാതെ ഇന്ദു വൃദ്ധദമ്പതികൾ മാത്രം താമസിക്കുന്ന ഒരു ക്രൈസ്തവവീട്ടിൽ നുണപറഞ്ഞ് വീട്ടുജോലിക്കുനിന്നു. ഇന്ദുവിന്റെ പെരുമാറ്റത്തിൽ വീട്ടുകാർക്കു സംശയം തോന്നി. അവർ പോലീസിനെ വിളിച്ചുവരുത്തി.

(തുടർന്നു വായിക്കുക)

സബ്ഇൻസ്പെക്ടർ ഗോപിനാഥ് ഇന്ദുലേഖയെ വിശദമായി ചോദ്യം ചെയ്തു. ജോലിയിൽനിന്നു പിരിച്ചുവിടാനുണ്ടായ സാഹചര്യത്തെപ്പറ്റിയും ആരാഞ്ഞു. ഒന്നും ഒളിക്കാതെ നടന്നതെല്ലാം സത്യം സത്യമായി അവൾ വിശദീകരിച്ചു.

"ഹെഡ്മിസ്ട്രസിന്റെ ഫോൺ നമ്പരിങ്ങു താ. ഞാനൊന്നു വിളിച്ചു ചോദിക്കട്ടെ."

ഇന്ദു മുറിയിൽ പോയി മൊബൈൽ എടുത്തു കൊണ്ടുവന്നിട്ടു നമ്പർ പറഞ്ഞുകൊടുത്തു. ഗോപിനാഥ് ആ നമ്പരിൽ വിളിച്ചിട്ട് ഇന്ദുലേഖയെപ്പറ്റി തിരക്കി.

സ്വഭാവദൂഷ്യത്തിന്റെ പേരിലാണു പിരിച്ചുവിട്ടതെന്നും കൂടുതലെന്തെങ്കിലും അറിയണമെങ്കിൽ സ്കൂൾ മാനേജരെ വിളിച്ചു ചോദിച്ചോളൂ എന്നും പറഞ്ഞിട്ട് ഹെഡ്മിസ്ട്രസ് മാനേജരുടെ നമ്പർ കൊടുത്തു.

ഗോപിനാഥ് സിറ്റൗട്ടിലേക്ക് ഇറങ്ങിയിട്ട് മാനേജർ ആനന്ദന്റെ നമ്പർ ഡയൽ ചെയ്തു. ആനന്ദനെ ലൈനിൽ കിട്ടി. സ്വയം പരിചയപ്പെടുത്തിയിട്ട് ഗോപിനാഥ് കാര്യങ്ങൾ വിശദീകരിച്ചു.

"ആ പെണ്ണ് നമ്പർ വൺ പ്രൊസ്റ്റിറ്റ്യൂട്ടാണ് സാർ. ഇവിടെ പല ചെറുപ്പക്കാരുമായിട്ട് അവൾക്കിടപാടുണ്ടായിരുന്നു. ഒടുവിൽ എന്റെ മോനെ വലയിലാക്കാൻ നോക്കി. ഗതികെട്ടാ ഞാനവളെ പിരിച്ചുവിട്ടത്. ഒരു ജോലിക്കും അവളെ വയ്ക്കാൻ കൊള്ളില്ല." ആനന്ദൻ പറഞ്ഞതൊക്കെ ഗോപിനാഥ് മൂളിക്കേട്ടു.

കോൾ കട്ട് ചെയ്തിട്ട് ഗോപിനാഥ് ചാണ്ടിക്കുഞ്ഞിനെ സിറ്റൗട്ടിലേക്കു വിളിച്ചു സ്വരം താഴ്ത്തി പറഞ്ഞു:

"രണ്ടുദിവസംകൂടി അവളിവിടെ നിൽക്കട്ടെ. അപ്പോഴേക്കും വീട്ടീന്ന് ഞാൻ ആളെ വിളിച്ചു വരുത്തി അവരുടെ കൂടെ പറഞ്ഞയച്ചോളാം. അതുവരെ അവൾക്കു ദുർബുദ്ധിയൊന്നും തോന്നാതിരിക്കാൻ നോക്കണം. പഴയതിലും സ്നേഹത്തോടെ പെരുമാറണം. എന്തെങ്കിലും സൂത്രം പ്രയോഗിച്ച് അവളുടെ ഫോൺ വാങ്ങി നിങ്ങൾ കസ്റ്റഡിൽ വച്ചോണം. ഞാൻ പറഞ്ഞിട്ട് കൊടുത്താൽ മതി."

"എന്തെങ്കിലും പ്രശ്നമുണ്ടോ സാർ?"

"ഇല്ല. പക്ഷേ, വീട്ടിൽ നിറുത്താൻ കൊള്ളില്ലാത്ത പെണ്ണാ. നമുക്കിവളെ വേണ്ട. പറഞ്ഞുവിട്ടേക്കാം." യാത്ര പറഞ്ഞിട്ട് ഗോപിനാഥ് വണ്ടിയിൽ കയറി തിരിച്ചു പോയി.

"മൂർക്കൻപാമ്പിനെയാണല്ലോ കർത്താവേ എടുത്തു ശീലേൽ വച്ചത്!" ത്രേസ്യാ സ്വയം പഴിച്ചു.

"എന്തെങ്കിലും സൂത്രം പറഞ്ഞ് അവളുടെ ഫോൺ വാങ്ങി നീ കസ്റ്റഡീൽ വച്ചോണം." ചാണ്ടിക്കുഞ്ഞ് പറഞ്ഞു. ത്രേസ്യാ തലകുലുക്കി.

പോലീസ് സ്റ്റേഷനിൽ മടങ്ങിയെത്തിയ എസ്.ഐ. ഗോപിനാഥ് ഇന്ദുവിന്റെ അനിയത്തി സീതാലക്ഷ്മിയെ വിളിച്ചു. പോലീസാണു വിളിക്കുന്നതെന്നു കേട്ടതും സീതാലക്ഷ്മി പരിഭ്രാന്തയായി. ഇന്ദുലേഖയെപ്പറ്റി ചോദിച്ചപ്പോൾ കാര്യങ്ങൾ എല്ലാം അവൾ വിശദീകരിച്ചു. അച്ഛൻ തളർന്നുകിടക്കുകയാണെന്നു കേട്ടപ്പോൾ ഗോപിനാഥിനു സഹതാപം തോന്നി.

"ഒരു കാര്യം ചെയ്യ്. നിങ്ങൾക്കു വേണ്ടപ്പെട്ട ആരെയെങ്കിലും ഉടനെ തിരുവല്ല പോലീസ് സ്റ്റേഷനിലേക്കു പറഞ്ഞുവിട്. ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്."

"എന്താ സാർ?"



"ഒന്നുമില്ല. ചില കാര്യങ്ങൾ പറയാനാ. അതിവിടെ വരുമ്പം പറയാം. പേടിക്കേണ്ട കാര്യമൊന്നുമില്ല." ഗോപിനാഥ് ഫോൺ കട്ട് ചെയ്തു.

സീതാലക്ഷ്മി പരിഭ്രാന്തയായി. ചേച്ചിക്കു വല്ലതും സംഭവിച്ചോ? ഉടനെതന്നെ അവൾ ഇന്ദുവിന്റെ നമ്പരിൽ വിളിച്ചു. ബെല്ലടിച്ചെങ്കിലും പ്രതികരണമില്ല.

അമ്മയോട് എല്ലാം തുറന്നു പറഞ്ഞാലോ? ഇനിയും ഒളിച്ചുവയ്ക്കുന്നത് അപകടമാണ്. അമ്മ കാര്യങ്ങളൊക്കെ അറിയട്ടെ. പെട്ടെന്ന് ഒരു ഷോക്കുണ്ടാകുമായിരിക്കും. സാരമില്ല. തത്കാലം അച്ഛനോട് ഒന്നും പറയണ്ട. അച്ഛനറിഞ്ഞാൽ പിന്നെ ആ ജീവിതം തീർന്നു.

സീതാലക്ഷ്മി അമ്മയെ വിളിച്ചു മാറ്റി നിറുത്തി കാര്യങ്ങൾ വിശദീകരിച്ചു. ദേവകിയമ്മ താടിക്കു കൈയും കൊടുത്ത് നിലത്തു കുത്തിയിരുന്നുപോയി. അമ്മയെ ആശ്വസിപ്പിച്ചിട്ടു സീത പറഞ്ഞു:

"അച്ഛനോട് ഇപ്പം ഒന്നും പറയണ്ട. എന്താ സംഭവിച്ചതെന്നറിയട്ടെ. നമ്മളിപ്പം ആരെയാ അമ്മേ പോലീസ് സ്റ്റേഷനിലേക്കു പറഞ്ഞുവിടുക?"

"നമുക്ക് ദേവദത്തനെ പറഞ്ഞുവിട്ടാലോ? കൂടെ നീയും ചെല്ല്."

അടുത്ത വീട്ടിലെ ചെറുപ്പക്കാരനാണ് ദേവദത്തൻ. നമ്പൂതിരിച്ചെക്കനാണ്. ദേവകിയമ്മയുടെ ഒരകന്ന ബന്ധുവുംകൂടിയാണ് ദേവദത്തൻ.

പിറ്റേന്ന് ദേവദത്തനോടൊപ്പം ബസിൽ തിരുവല്ല പോലീസ് സ്റ്റേഷനിൽ പോകുമ്പോൾ സീതാലക്ഷ്മിയുടെ മനസ്സിൽ പഞ്ഞിവച്ചാൽ കത്തുന്ന തീയായിരുന്നു. ചേച്ചി വല്ല കേസിലും പ്രതിയായോ? അതോ വല്ല അപകടവും?

ഉച്ചയ്ക്കുമുമ്പേ സ്റ്റേഷനിലെത്തി. വന്ന കാര്യം പറഞ്ഞപ്പോൾ ഒരു പോലീസുകാരൻ ഇൻസ്പെക്ടറുടെ മുറിയിലേക്ക് അവരെ കൊണ്ടുപോയി. ഗോപിനാഥ് ആരോടോ ഫോണിൽ സംസാരിക്കുകയായിരുന്നു. ഇരിക്കാൻ ആംഗ്യം കാട്ടിയതും അഭിമുഖമായി ഇരുവരും ഇരുന്നു.

കോൾ കഴിഞ്ഞതും ഗോപിനാഥ് മൊബൈൽ മേശപ്പുറത്തേക്ക് വച്ചിട്ട് ഇരുവരെയും നോക്കി. സീതാലക്ഷ്മിയാണ് കാര്യങ്ങൾ പറഞ്ഞത്. ഇന്ദുവിന്റെ അനിയത്തിയാണെന്നു കേട്ടപ്പോൾ ഗോപിനാഥ് ചോദിച്ചു:

"നിങ്ങടെ ചേച്ചിയെ സ്കൂളീന്നു പിരിച്ചുവിട്ടകാര്യം അറിഞ്ഞായിരുന്നോ?"

"എന്നോട് ചേച്ചി എല്ലാം പറഞ്ഞിരുന്നു.'

"എന്താ കാരണം?"

"മാനേജരുടെ ഇഷ്ടത്തിനു വഴങ്ങാത്തതുകൊണ്ടാണെന്നു പറഞ്ഞു."

"അതു വിശ്വസിച്ചോ? എന്നാ അതല്ല കാര്യം. സ്വഭാവദൂഷ്യം. ഞാൻ ഹെഡ്മിസ്ട്രസിനെയും മാനേജരെയും വിളിച്ചിരുന്നു. രണ്ടു പേരും ഇതുതന്നെയാ പറഞ്ഞത്. ഇത്രയും വൃത്തികെട്ട ഒരു സ്ത്രീയെ കണ്ടിട്ടില്ലെന്നാ മാനേജരു പറഞ്ഞത്. പെണ്ണിനെ വേഗം കെട്ടിച്ചു വിടാൻ അച്ഛനോടു പറ കേട്ടോ. ഇല്ലെങ്കിൽ പേരുദോഷംകൊണ്ട് നിങ്ങളു കുടുംബം ഒന്നടങ്കം നാറും. നിന്റെ അച്ഛനറിയാമോ അവളിങ്ങനെ വഴിതെറ്റി നടക്വാന്ന്."

സീതാലക്ഷ്മി ഒന്നും മിണ്ടിയില്ല.

"ഒന്നാംതരം ഒരു ജോലി കളഞ്ഞിട്ട് അവൾ വീട്ടുജോലിക്കു നിൽക്കണമെങ്കിൽ ചില്ലറക്കാരിയല്ലെന്ന് അറിയാമല്ലോ. പോരെങ്കിൽ കാണാൻ കൊള്ളാവുന്ന ഒരു പെണ്ണും."

ഗോപിനാഥ് പിന്നെയും ഓരോന്നു കുത്തിക്കുത്തി പറഞ്ഞുകൊണ്ടിരുന്നു. എല്ലാം ദേവദത്തൻ കേൾക്കുന്നുണ്ടല്ലോ എന്ന വിഷമമായിരുന്നു സീതാലക്ഷ്മിക്ക്. ഒടുവിൽ എസ്.ഐ. പറഞ്ഞു:

"പോലീസുകാരെവിട്ട് ഞാനവളെ ഇങ്ങോട്ടു കൊണ്ടുവരാം. കൈയോടെ കൊണ്ടുപൊക്കോണം. ഞങ്ങൾക്കു പണിയുണ്ടാക്കാൻ ഇനി ഈ പരിസരത്തേക്കെങ്ങും വന്നേക്കരുതെന്നു പറഞ്ഞേക്കണം."

സീതാലക്ഷ്മി തലകുലുക്കി. ഗോപിനാഥ് ഒരു പോലീസുകാരനെ വിളിച്ചു നിർദേശം നൽകി. ഒരു വനിതാപോലീസിനെയും കൂട്ടി അയാൾ വണ്ടിയിൽ കയറി ചാണ്ടിക്കുഞ്ഞിന്റെ വീട്ടിലേക്കു യാത്രയായി. സീതയും ദേവദത്തനും വരാന്തയിലേക്കിറങ്ങി കസേരയിൽ ഇരുന്നു.

രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ പോലീസ് വണ്ടിയിൽ ഇന്ദുലേഖ വന്നിറങ്ങി. കൈയിൽ വലിയ ബാഗുമുണ്ടായിരുന്നു. വരാന്തയിൽ സീതാലക്ഷ്മിയെയും ദേവദത്തനെയും കണ്ടപ്പോൾ അവൾക്കു കാര്യം പിടികിട്ടി. വീട്ടിലും നാട്ടിലും എല്ലാം അറിഞ്ഞിരിക്കുന്നു.

പോലീസുകാർ അവളെ എസ്.ഐ.യുടെ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

"അന്വേഷിച്ചപ്പോൾ നിന്റെ സ്വഭാവത്തെക്കുറിച്ചു നല്ല അഭിപ്രായമാ എനിക്കു കിട്ടിയത്. ആനന്ദൻ എല്ലാം എന്നോടു പറഞ്ഞു. അനിയത്തിയുടെ കൂടെ വീട്ടിലേക്കു പൊയ്ക്കോ. ഞങ്ങൾക്കു പണിയൊണ്ടാക്കാൻ ഇനി ഈ നാട്ടിലേക്കെങ്ങും വന്നു പോകരുത്."

ഇന്ദുലേഖ മറുപടി ഒന്നും പറഞ്ഞില്ല. അവളാകെ തകർന്നുനിൽക്കുകയായിരുന്നു. എസ്.ഐ. യുടെ നിർദേശപ്രകാരം പോലീസുകാരൻ ഇന്ദുലേഖയെ കൂട്ടിക്കൊണ്ടുപോയി സീതാലക്ഷ്മിയെ ഏല്പിച്ചു.

മടക്കയാത്രയിൽ സീതാലക്ഷ്മി ഇന്ദുവിനോട് ഒന്നും മിണ്ടിയില്ല. എസ്.ഐ. എന്തൊക്കെ പറഞ്ഞുവെന്നു ചോദിക്കാനുള്ള മാനസിക ധൈര്യവുമില്ലായിരുന്നു ഇന്ദുവിന്.

സീതാലക്ഷ്മിയോടും ദേവദത്തനോടുമൊപ്പം ഇന്ദുലേഖ മടങ്ങി വരുന്നതു കണ്ടപ്പോൾ ദേവകിയമ്മയുടെ നെഞ്ചിടിപ്പുകൂടി. അമ്മയുടെ മുഖത്തേക്കു നോക്കാൻ കരുത്തില്ലാതെ ഇന്ദു അകത്തേക്കു കയറിപ്പോയി.

"എന്താ മോളേ ഉണ്ടായേ?"

അമ്മയുടെ ചോദ്യത്തിനു മറുപടി പറയാതെ സീതാലക്ഷ്മിയും അകത്തേക്കു കയറിപ്പോയി. ദേവകിയമ്മ ദേവദത്തനെ നോക്കി. എന്താണു സംഭവിച്ചതെന്ന ചോദ്യഭാവത്തിൽ.

എസ്.ഐ. ഗോപിനാഥ് പറഞ്ഞ കാര്യങ്ങൾ സ്വരം താഴ്ത്തി ദേവദത്തൻ പറഞ്ഞു. ഒടുവിൽ ഇങ്ങനെ പറഞ്ഞുനിറുത്തി:

"പെണ്ണിനെ വേഗം കെട്ടിച്ചുവിടാൻ അച്ഛനോടു പറയണമെന്നു പ്രത്യേകം പറഞ്ഞു."

ദേവകിയമ്മ തളർന്നിരുന്നുപോയി. ദേവദത്തൻ യാത്ര പറഞ്ഞു പിരിഞ്ഞു.

"ആരാ വന്നേ ദേവകീ?"

അകത്തുനിന്ന് നാരായണൻ നമ്പൂതിരിയുടെ ശബ്ദം.

"ഇന്ദുമോളാ."

"എന്തേ ഇന്ന്? സ്കൂളിൽ പഠിത്തമില്ലേ? അവളെ ഇങ്ങു വിളിച്ചേ."

വേഷംപോലും മാറാതെ കട്ടിലിൽ തളർന്നുകിടക്കുകയായിരുന്നു ഇന്ദുലേഖ. ദേവകി ചെന്നു വിളിച്ചെങ്കിലും അവൾ എണീൽക്കാൻ കൂട്ടാക്കിയില്ല. അച്ഛനെ അഭിമുഖീകരിക്കാനുള്ള കരുത്തുണ്ടായിരുന്നില്ല അവൾക്ക്. ഒടുവിൽ നിർബന്ധത്തിനുവഴങ്ങി അവൾ എണീറ്റ് അച്ഛന്റെ അടുത്തേക്കു ചെന്നു.

"എന്തേ ഇന്നു വന്നേ? സ്കൂളിൽ പഠിത്തമില്ലേ മോളെ?"

"കുറച്ചു ദിവസം അവധിയാ അച്ഛാ." സത്യം പറയാനുള്ള ശക്തിയുണ്ടായില്ല അവൾക്ക്. നാരായണൻ നമ്പൂതിരിയുടെ ഓരോ ചോദ്യത്തിനും നുണപറയുമ്പോൾ അവളുടെ നെഞ്ചകം പൊള്ളുകയായിരുന്നു. ഒരു വിധത്തിലാണ് അവൾ അച്ഛന്റെ മുമ്പിൽനിന്നു രക്ഷപ്പെട്ടത്.

പിറ്റേന്നു രാവിലെ പത്തുമണി കഴിഞ്ഞപ്പോൾ ദേവദത്തന്റെ അച്ഛൻ വാസുദേവൻ കയറിവന്നു. നാരായണൻനമ്പൂതിരിയുടെ അടുത്തുവന്നിരുന്നു കുശലാന്വേഷണം നടത്തിയിട്ടു ചോദിച്ചു:

"ഇന്ദുവിന്റെ ജോലി പോയി അല്ലേ?"

"ജോലി പോകയോ? ആരു പറഞ്ഞു?"

"അവളു കാര്യങ്ങളൊന്നും പറഞ്ഞില്ലേ?"

"ഇല്ല. അവധിയെടുത്തു പോന്നൂന്നാണല്ലോ പറഞ്ഞേ."

"ദത്തനും സീതാലക്ഷ്മിയും കൂടിച്ചെന്ന് അവളെ പോലീസ്സ്റ്റേഷനിൽനിന്ന് കൂട്ടിക്കൊണ്ടു വന്വായിരുന്നു. സീത ഒന്നും പറഞ്ഞില്ലേ?"

"ഇല്ല."

"പത്രത്തിൽ വാർത്ത വരാതിരുന്നതു ഭാഗ്യം. സ്വഭാവദൂഷ്യത്തിനു സ്കൂളീന്ന് അവളെ പിരിച്ചുവിട്ടു. പിന്നെ തിരുവല്ലയിലെ ഒരു വീട്ടിൽ അവളുടെ ജോലിക്കു നിൽക്വായിരുന്നു. ദുർന്നടപ്പിന് അവിടന്ന് പോലീസ് പിടിച്ചവളെ കസ്റ്റഡീൽ വച്ചിരിക്കുകയായിരുന്നു. ഇന്നലെ ദത്തനും സീതയുംകൂടി പോയാ അവളെ കൂട്ടിക്കൊണ്ടുവന്നത്."

നാരായണൻനമ്പൂതിരി ഷോക്കേറ്റപോലെ മരവിച്ചുകിടന്നു പോയി.

(തുടരും)

# ആകുലതകൾക്കു നടുവിൽ ലോകസാമ്പത്തികരംഗം

1-ാം പേജ് തുടർച്ച

4. യുദ്ധം തീരുന്നു. റഷ്യയിൽ ഭരണമാറ്റവും അസ്വസ്ഥതകളും ഉണ്ടാകുന്നു. ക്രൂഡ് ഓയിൽ വില കുറയുകയും പിന്നീടു കൂടുകയും ചെയ്യുന്നു. വിലക്കയറ്റം കുത്തനേ താഴ്ന്നിട്ടു കൂടുന്നു. പലിശ കുറയ്ക്കലിനു തുടക്കമിടുന്നു. ഡോളർ കരുത്തു കൂട്ടുന്നു.

കാര്യങ്ങൾ അസ്വസ്ഥതയിലേക്കു നയിക്കുന്നതിനാൽ ഈ അവസ്ഥ വളർച്ചയെ സഹായിക്കുന്നില്ല.

വിഭക്തലോകത്തു സഹകരിക്കാൻ ഇങ്ങനെയൊരവസ്ഥയിലാണു സിറ്റ്സർലൻഡിലെ ഡാവോസിൽ ലോക സാമ്പത്തിക ഫോറം സമ്മേളനം ആരംഭിച്ചത്. വിഭക്തലോകത്തു സഹകരണം എന്നതാണു 2023 ലെ വിഷയം. ആയിരത്തോളം സ്വകാര്യകമ്പനികൾ പണം മുടക്കി നടത്തുന്ന ഈ സമ്മേളനം 1971 ലാണു തുടങ്ങിയത്. പക്ഷേ, 1990 കൾക്കു ശേഷമാണ് ശ്രദ്ധേയമായി മാറിയത്. ഇപ്പോൾ ഡാവോസിൽ ആയിരിക്കുക എന്നത് ആഗോളമൂലധനത്തിന്റെ സമീപമായിരിക്കുക എന്ന അർഥംതന്നെ കൈവരിച്ചിട്ടുണ്ട്.

രണ്ടു വലിയ വെല്ലുവിളികളാണു ഫോറം ഇപ്പോൾ നേരിടുന്നത്. ഒന്ന്: സമീപകാലത്ത് തിരിച്ചടി നേരിടുന്ന ആഗോളീകരണത്തെ വീണ്ടും സ്വീകാര്യമാക്കുക. രണ്ട്: പരിസ്ഥിതി ആകുലതകളും വികസനവും തമ്മിൽ പൊരുത്തപ്പെടുത്തുക.

**ആഗോളീകരണം കയ്ച്ചപ്പോൾ**

ആഗോളീകരണത്തിന്റെ പ്രധാന ലക്ഷ്യമായിരുന്നു ആഗോളവാണിജ്യം തടസ്സങ്ങളില്ലാത്തതാക്കൽ. ചുങ്കം വഴിയോ നിയന്ത്രണങ്ങൾ വഴിയോ ഉള്ള തടസ്സങ്ങൾ നീക്കാനാണ് ലോകവ്യാപാരസംഘടന (ഡബ്ല്യുടിഒ) തുടക്കം മുതൽ ശ്രമിക്കുന്നത്. അത് ഒറ്റയടിക്ക് എളുപ്പമല്ലാത്തതുകൊണ്ട് പ്രാദേശിക വാണിജ്യ സഖ്യങ്ങൾ ഉണ്ടാക്കുന്നതിലായി വലിയ കയറ്റുമതി രാജ്യങ്ങളുടെ ശ്രദ്ധ.

ഇവയിലെ അനുഭവം ഇന്ത്യ പോലുള്ള രാജ്യങ്ങൾക്കു നിരാശാജനകമായി. 2007-09 ലെ സാമ്പത്തിക മാന്ദ്യവും 2020-22 ലെ കൊവിഡ് മഹാമാരിയും ഇപ്പോൾ യുക്രെയ്ൻ യുദ്ധവും ഈ നിരാശ വർധിപ്പിച്ചു. ആഗോളീകരണത്തിൽനിന്നു മാറുന്നതിനാണു മിക്ക രാജ്യങ്ങളും ഇപ്പോൾ ശ്രമിക്കുന്നത്. ആഗോളീകരണം മുതലെടുത്ത് ചൈന തങ്ങളുടെ തൊഴിലും വ്യവസായങ്ങളും തകർത്തുവെന്നു കരുതുന്ന അമേരിക്ക പോലും അങ്ങനെയായി. ആഗോളീകരണത്തെക്കാൾ കൂടുതൽ പുസ്തകങ്ങളും പ്രബന്ധങ്ങളും ഇപ്പോൾ ഇറങ്ങുന്നത് അപആഗോളീകരണത്തെ (Deglobalization)പ്പറ്റിയാണെന്നതും ശ്രദ്ധേയമാണ്.

ഇന്ത്യയും ആ പാതയിലാണ്. വിശാല വാണിജ്യസഖ്യങ്ങളിൽ ചേർന്ന് വിലപേശൽശേഷി ഇല്ലാതാക്കുന്നത് അപകടകരമാണെന്ന് ഇന്ത്യ മനസ്സിലാക്കുന്നു. ഒറ്റയൊറ്റ രാജ്യങ്ങളുമായി കരാർ ഉണ്ടാക്കുന്നതാണ് കൂടുതൽ സുരക്ഷിതമെന്നും തിരിച്ചറിയുന്നു. ആത്മനിർഭർ ഭാരത് അഥവാ സ്വയംപര്യാപ്ത ഭാരതം അതിന്റെ തുടക്കം. ആർസിഇപി പോലുള്ള ബൃഹദ് സഖ്യങ്ങളിൽനിന്നു വിട്ടുനിൽക്കുന്നത് അതിന്റെ തുടർച്ചയാണ്. ഇറക്കുമതിച്ചുങ്കം വർധിപ്പിക്കുന്നതിനും രണ്ടു മൂന്നു വർഷമായി ഇന്ത്യ മടിക്കുന്നില്ല.

ആഗോളീകരണത്തിന്റെ മരണവിളംബരം ഇവയിലൊന്നുമില്ല എന്നു വേണമെങ്കിൽ വാദിക്കാം. ആഗോളീകരണം തുടങ്ങിയതും വിളംബരം നടത്തിയിട്ടായിരുന്നില്ലല്ലോ എന്നാണു മറുപടി.

**ഇനിയും മാറാത്ത ഇരട്ടത്താപ്പ്**

ആഗോളീകരണത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതുപോലെതന്നെ പ്രയാസമാണ് പരിസ്ഥിതി ആകുലതകളും വികസനാവശ്യങ്ങളും പൊരുത്തപ്പെടുത്തുന്നതും. വികസനത്തിന്റെ പാരമ്യത്തിൽ എത്തിയവർ തങ്ങൾ വരുത്തിയ നാശത്തിനു പരിഹാരം ചെയ്യാൻ ഇന്നും വികസനത്തിന്റെ താഴേത്തട്ടിൽ നിൽക്കുന്നവരെ നിർബന്ധിക്കുന്നതാണ് ആഗോള ചർച്ചകളിൽ കണ്ടുവരുന്നത്. ഈ ഇരട്ടത്താപ്പ് മാറണം. വികസിത രാജ്യങ്ങൾ ഫോസിൽ ഇന്ധന ഉപയോഗം നിയന്ത്രിക്കാതെ വികസ്വര രാജ്യങ്ങളുടെ ഇന്ധന ഉപയോഗം നിയന്ത്രിക്കാനാണു സമ്മർദം. തങ്ങൾ ചെയ്ത നശീകരണത്തിനു നഷ്ടപരിഹാരം നൽകാനും അവർ തയ്യാറില്ല. കാർബൺവമനംകൊണ്ട് നിരന്തരം അന്തരീക്ഷത്തെ മലിനീകരിക്കുന്ന താപവൈദ്യുതനിലയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ജലവൈദ്യുതിയെ നിരാകരിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ അടുത്ത ഭാഗം. ഈ വൈരുധ്യങ്ങൾ മറികടക്കാതെ വിഷയത്തിൽ പ്രസക്തമായ പുരോഗതി ഉണ്ടാകില്ല.

അല്ലെങ്കിൽത്തന്നെ ലോകത്തിലെ സമ്പന്നക്ലബിന്റെ ഈ സമ്മേളനം വികസ്വരരാജ്യങ്ങളുടെ കാതലായ പ്രശ്നങ്ങൾ പഠിക്കുകയോ പരിഹരിക്കുകയോ ചെയ്യുന്ന വേദിയല്ല. വ്യവസായത്തിന്റെ ലാഭക്ഷമത കൂട്ടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്ന വേദിയിൽനിന്ന് റബറിന്റെയോ നാളികേരത്തിന്റെയോ വില കൂട്ടാനുള്ള സൂത്രവാക്യങ്ങൾ പ്രതീക്ഷിക്കാനാവില്ലല്ലോ. ■



കവിത
വി. പി. ജോൺസ്

## ഇരുട്ടിലെ ചിരി

ഇരുളിലെ ചിരിയും
ഇമ വെട്ടാത്ത മിഴികളും
ഓടി വരുന്നോരോർമകൾ
ഒട്ടും പ്രതിരോധിക്കാതെയും
വന്നണയുക വഴിത്താരയിൽ
വഴിക്കണ്ണുമായ് സഖേ
വലച്ചീടായ്ക ചിന്തയെ
വരിവച്ചെത്തിടും വാഴ്‌വിനെ
പരനാരികൾ പലവേള
വലക്കണ്ണികൾ മുറുക്കുമ്പോൾ
വലയിൽ കുടുങ്ങിപ്പോകാതെ
വിരവോടെ ചരിക്കുക!
നിഴലിൻ പ്രതിരൂപങ്ങൾ
നിറങ്ങൾ കോർത്ത മാലകൾ
നിണപ്പാച്ചിൽ പൊറുക്കാതെ
നിനവിൽ വന്നുദിക്കവേ,
ചിരപരിചിതമാം മുഖങ്ങൾ
ചിരിച്ചെത്തിടും നിമേഷത്തിൽ
നിറപുഞ്ചിരി തൂകിയോ
നീ, ഹർഷം വരവേല്പത്
മടമ്പുയർന്ന പാദരക്ഷകൾ
മനംമയക്കും ലാവണ്യവും
അസൂയാലവ അംഗനതൻ
അഭയാസ്ത്രങ്ങളല്ലയോ?
അതേക്കുറിച്ചാരായുവാൻ
അരമാത്ര മെനക്കെടാത്തോർ
കൊണ്ടാലും, കൊണ്ടതറിയാത്ത
കൊറ്റിയെപ്പോൽ തിരുമണ്ടരാം
അരയിലുള്ളരഞ്ഞാണം പോൽ
ആപൽക്കാരിയാം മന്ദബുദ്ധി
അറിവു കെട്ടോർക്കാലംബം
അരക്കാശിൻ വിവരമറ്റോർ
അവർക്കെന്താമവസാനം
അറ്റുപോകില്ലയോ സർവ്വവും
അജ്ഞാനത്തെയഴകേറും
ആഭരണമായ് കരുതുവോർ
ഒന്നും ഒന്നും കൂട്ടുമ്പോൾ
ഒന്നേ ഒന്നെന്നു നിനയ്ക്കുവോർ.




മാത്യൂസ് ആർപ്പൂക്കര




**നെ**റ്റോപ്പസ് എന്ന ശാസ്ത്രനാമത്തിലാണ് എരണ്ട അറിയപ്പെടുക. കാലിലെ മൂന്നു മുൻവിരലുകൾ ചർമപടലംകൊണ്ടു ബന്ധിക്കപ്പെട്ടിരിക്കുന്നു. വേഗത്തിൽ പറക്കാൻ കഴിയുന്ന ഈ പക്ഷി മുങ്ങൽവീരനുംകൂടിയാണ്. കടൽകടന്നു ദേശാടനം നടത്തുന്നവരുമുണ്ട്. നമ്മുടെ കുട്ടനാട്ടിലും മറ്റു ചിലയിടങ്ങളിലും എരണ്ടകളെ കാണാറുണ്ട്. കൂട്ടത്തോടെ ജലോപരിതലത്തിൽ പൊങ്ങിക്കിടന്നാണ് ആഹാരം തേടുക. ആൺപക്ഷിക്കു ചാരനിറവും പെണ്ണിനു പൊട്ടുകളോടുകൂടിയ തവിട്ടുനിറവുമാണ്. ആണിന്റെ കണ്ണിനു ചുറ്റും കറുത്ത വര കാണാം. ആൺപക്ഷിയുടെ ചിറകിന്റെ തൂവലുകൾക്കു കറുപ്പും വെളുപ്പും ഇടകലർന്ന നിറമാണ്. എരണ്ടകളുടെ ഭക്ഷണം ആഴംകുറഞ്ഞ ശുദ്ധജലതടാകങ്ങളിൽ വളരുന്ന ചെടികളും ചെറുമീനുകളുമാണ്. ചിറകുകൾ വിടർത്തി തല വെള്ളത്തിനടിയിലേക്കു മുക്കിക്കൊണ്ട് ആഹാരം തേടുന്ന കാഴ്ച മനോഹരം തന്നെ.

വാലൻ എരണ്ട, വരി എരണ്ട, വെള്ളക്കണ്ണി എരണ്ട, ചൂളൻ എരണ്ട, പച്ച എരണ്ട എന്നിങ്ങനെ പലതരം എരണ്ടകൾ കേരളത്തിൽ കാണാം. ഇവയിൽ പച്ച എരണ്ടയാണ് ഏറ്റവും ചെറുത്.

ടീൽ എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്ന എരണ്ടകൾ താറാവിന്റെ വർഗക്കാരാണ്. കൂട്ടമായി സഞ്ചരിക്കുന്നു. പകൽ വിശ്രമവും രാത്രി ഇര തേടലുമാണ്. സസ്യഭുക്കുകളെന്നു പറയാമെങ്കിലും ചില ഷഡ്പദങ്ങളെയും കീടങ്ങളെയും മീനുകളെയും ആഹരിക്കും. സാധാരണ എരണ്ടകളുടെ ചിറകുകൾ അഴകുള്ളതാണ്. തവിട്ടുനിറമുള്ള കഴുത്തും ചെറുവാലും നീണ്ട ചിറകുകളുമാണുള്ളത്. വാലൻ എരണ്ടകൾ ചിറകുകളിൽ വെളുത്ത വരകളോടുകൂടിയവയാണ്. പുള്ളിക്കൊമ്പൻ എരണ്ടയാവട്ടെ തവിട്ടുനിറക്കാരാണ്. നെഞ്ചിൽ പുള്ളികളുമുണ്ട്.

എരണ്ടകളുടെ കൂടുനിർമാണം ജലസസ്യങ്ങളും പുല്ലും പായലുമൊക്കെ ഉപയോഗിച്ചാണ്. പെൺപക്ഷികൾ മുട്ടയിട്ട് ഇരുപത്തിയൊന്നു ദിവസംകൊണ്ട് മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവരുന്നു.

വേട്ടയാടപ്പെടുന്ന പക്ഷികളുടെ കൂട്ടത്തിൽ എരണ്ടയും കടൽപ്പുള്ളും കാവയും തിത്തിരിയുമൊക്കെപ്പെടുന്നു. നമുക്കു പ്രയോജനം മാത്രം ചെയ്യുന്ന ഇത്തരം കൊച്ചുപക്ഷികളോട് ക്രൂരത കാട്ടുന്നതാണ് അവരുടെ വിനോദം! ■



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# കൈവിട്ട ഗാനരചന

'മനുസ്മൃതി'യിലെ പ്രശസ്തമായ ശ്ലോകത്തിന്റെ രണ്ടു വരികൾ ചൊല്ലിക്കൊണ്ട് ആരംഭിക്കുന്ന ഒരു ഗാനം ഈയിടെ പ്രദർശനത്തിനു വന്ന 'അവൾക്കൊപ്പം' എന്ന ചിത്രത്തിൽ കേൾക്കാം. ആ ശ്ലോകമിതാണ്:

"യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാഃ"

തുടർന്നുള്ള ഗാനത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ചിത്രത്തിന്റെ സംവിധായകനായ എ.യു. ശ്രീജിത്ത് കൃഷ്ണയാണ്. ജയേഷ് സ്റ്റീഫന്റെ സംഗീതത്തിൽ ലേഖ ആർ. നായർ പാടിയിരിക്കുന്നു. ഈ എടുത്തെഴുതിയ ശ്ലോകത്തെത്തുടർന്നു കേൾക്കുന്ന ഗാനത്തിന്റെ വരികൾ ഇങ്ങനെയാണ്:

"നിഴലായ് നിന്റെ മിഴിയിൽ
സൂര്യനണയും കാലമിനി
നിന്റെയരികെ
കഥയോ കനവോ അവളിനി
യൊരു പഴമൊഴിയോ
അവളറിയാതെയിനി
നാമെന്നും
അവൾക്കൊപ്പം - അവൾ
ക്കൊപ്പം - അവൾക്കൊപ്പം."

ഈ ചിത്രത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലും എന്ന ചോദ്യങ്ങൾക്കൊന്നും വലിയ പ്രസക്തിയില്ല. പാട്ടെഴുത്തുകാരന്റെ ഉള്ളിൽ മുളപൊട്ടിയ ആശയം പൂർണരൂപത്തിൽ ഗാനത്തിന്റെ വരികളിൽ പ്രതിഫലിക്കുന്നില്ല. അതുകൊണ്ട് ഗാനം കേൾക്കുമ്പോൾ അർഥവത്തായില്ല എന്ന തോന്നൽ നമുക്കുളവാകുന്നു. ഇത്തരം ഗാനങ്ങൾ ആദ്യശ്രവണമാത്രയിൽത്തന്നെ നമ്മെ പിടിച്ചുലയ്ക്കണം. ഒരു ഉദാഹരണം മാത്രം പറയാം. 'പണിതീരാത്ത വീട്' എന്ന ചിത്രത്തിലെ "കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച കാവ്യഭാവനേ" എന്ന ഗാനം കേൾക്കുമ്പോൾ അക്ഷരാർഥത്തിൽത്തന്നെ നാം പ്രകമ്പനംകൊള്ളും. കലാസൃഷ്ടി ആസ്വാദകരിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ഫലമാണത്.

"ഓളങ്ങളാം ഭാവങ്ങളിൽ
അവളെന്നും തീരാസ്വപ്നക്കടലായി
കനലെരിയും നാളെത്തി കഥ
പറയും
കാലം പോയി ഓരോ നോവും
മണ്ണിൽ മഴയായി
അവൾക്കൊപ്പം-അവൾക്കൊ
പ്പം-അവൾക്കൊപ്പം"

ഗാനം ലിറിക്കൽ വീഡിയോ എന്ന നിലയിൽ യൂട്യൂബിലും മറ്റും ലഭ്യമാണ്. സംസ്കൃതത്തിൽ വിരചിതമായ 'മനുസ്മൃതി'യിലെ ശ്ലോകം അതിൽ എടുത്തെഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

"എത്ര നാര്യസ്തു പൂജ്യന്തേ
രമന്ത തത്ര ദേവതഃ"

നാരിമാരെ പൂജിക്കുന്നിടത്ത് ദേവതമാർ പ്രസാദിക്കും എന്നർഥം. പക്ഷേ, 'എത്ര' , 'ദേവതഃ' എന്നിങ്ങനെ മാറ്റിയെഴുതിയാൽ ഇപ്പറഞ്ഞ അർഥം ലഭിക്കുമോ? മൂലകൃതിയോടു നീതി പുലർത്തേണ്ട ബാധ്യത ആർക്കുമുണ്ടെന്ന കാര്യം വിസ്മരിക്കാതിരിക്കുക. അവ തോന്നിയതുപോലെ എടുത്തെഴുതാൻ പാടില്ലതന്നെ. ഇവിടെ സ്ത്രീക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഓർമിപ്പിക്കാനാണ്. അപ്പോൾ വിഷയാധിഷ്ഠിതമായ ഒരു ഗാനത്തിന് ചിത്രത്തിൽ സാധ്യതയേറെയുണ്ട്. അങ്ങനെ കുറിച്ചതാണ് മുകളിൽക്കാണുന്ന ഗാനം. 'അവളുടെ' മിഴിയിൽ സൂര്യനണയും എന്ന പ്രസ്താവം കുറച്ചു കടുത്തുപോയി. അതു നിഴലായിട്ടാണെന്നു പറഞ്ഞത് അതിനേക്കാൾ കടുപ്പം. ഗാനം കലാസൃഷ്ടിയാകുമ്പോൾ പ്രയോഗിക്കുന്ന വാക്കുകളുടെ അർഥവും ഔചിത്യവും രചയിതാവ് ചിന്തിച്ചേ മതിയാകൂ. കാലം ഇനി അവളുടെ അരികെയെത്തും എന്ന സങ്കല്പം കൊള്ളാം. കഥയോ കനവോ അവളിനിയൊരു പഴമൊഴിയോ

വാക്കുകൾകൊണ്ടുള്ള ഗിമിക്കു കാട്ടാൻ മടിയില്ലാത്തവരാണ് പുത്തൻകൂറ്റുകാരായ പാട്ടെഴുത്തുകാർ. അടിസ്ഥാനപരമായി ഗാനരചയിതാവല്ലെങ്കിലും ശ്രീജിത്ത് കൃഷ്ണയും ആ കുറുക്കുവഴിതന്നെ തിരഞ്ഞെടുത്തിരിക്കുന്നു. പരസ്പരം വിഘടിച്ചുനില്ക്കുന്ന ആശയങ്ങളാണ് ഇവിടെ ഓരോ വരിയിലും അദ്ദേഹം കൊണ്ടുവന്നിട്ടുള്ളത്. അവ ഗാനത്തിന് ഗുണത്തേക്കാളേറെ ദോഷമായിത്തീരുന്നു.

'അവളുടെ' യഥാർഥ വേദന, അവൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവളിലെ അവളെ കണ്ടെത്തൽ ഇവയൊന്നും ഗാനത്തിന്റെ വിഷയങ്ങളായി മാറിയിട്ടില്ല. 'അവൾക്കൊപ്പം' എന്നു കൂടക്കൂടെ ആണയിട്ടതുകൊണ്ടെന്തു കാര്യം? ജയേഷ് സ്റ്റീഫന്റെ സംഗീതം ശരാശരിക്കും താഴെയായിപ്പോയി. ലേഖ ആർ. നായർ മികച്ച ഗായികയാണ്. പക്ഷേ, ഈ ഗാനം പാടിയിരിക്കുന്നത് ഒട്ടും മെച്ചമായിട്ടല്ല. അതിന്റെ ഉത്തരവാദിത്വവും സംഗീതസംവിധായകനാണ്. ഒന്നാന്തരം ഗാനം പിറക്കേണ്ട സന്ദർഭത്തെ മൂവരും (ഗാനരചയിതാവ്, സംഗീതസംവിധായകൻ, ഗായിക) ചേർന്ന് നശിപ്പിച്ചിരിക്കുന്നു. ഇത്തരം പ്രവൃത്തികൊണ്ടാണ് ഇന്നത്തെ ഗാനങ്ങൾക്കൊന്നും ദീർഘായുസ് ലഭിക്കാതെ പോകുന്നത്. ശാന്തം പാപം!

■

## കാഴ്ചപ്പാട്

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



കവിയാണു താനെന്ന് അയാൾ അവകാശപ്പെട്ടു.

ഋഷിയെപ്പോലെ എന്തും കടന്നുകാണേണ്ട വ്യക്തിയാണല്ലോ കവി. അതുകൊണ്ട്, ഒരു വിഷയമെടുത്തിട്ട് ആരോ ചോദിച്ചു:

''ഇക്കാര്യത്തിൽ എന്താണ് താങ്കളുടെ കാഴ്ചപ്പാട്?"

അവിടെയും ഇവിടെയും തൊടാതെയുള്ള മറുപടിയായിരുന്നു അയാളുടേത്. ഒന്നും കടന്നുകാണാൻ അയാൾക്കു കഴിയില്ലെന്നു വ്യക്തമായി.

കാഴ്ചയിൽ കവിയായി തോന്നാമെങ്കിലും, കാഴ്ചപ്പാടില്ലാത്ത അയാൾ കവിയല്ലെന്ന കാഴ്ചപ്പാടിലാണിപ്പോൾ സമൂഹം.

## ഈശോ FROM THE BIBLE 38

# പരിഹാസം



ഫാ. തോമസ് പാട്ടത്തിൽചിറ CMF

പടയാളികൾക്കും പരിസേവകർക്കും പരിഹാസപാത്രമായി പ്രത്തോറിയത്തിൽ അവൻ നിന്നു. കാട്ടുജന്തുക്കളുടെ കൂട്ടത്തിലകപ്പെട്ട ഒരു ആട്ടിൻകുട്ടിയെപ്പോലെ ആ കാപാലികരുടെ ക്രൂരവിനോദങ്ങൾക്ക് ആ ഇരവിൽ അവൻ ഇരയായി. പുച്ഛം പൂണ്ട നോട്ടവും പഥ്യമല്ലാത്ത പദപ്രയോഗങ്ങളുംകൊണ്ട് അവർ അവനെ അങ്ങേയറ്റം അവഹേളിച്ചു. തന്റെ വാക്കുകളെ വൈദ്യമാക്കിയവന്റെ നേർക്ക് വാക്കുകളുടെ വാൾത്തലകൾ വീശി അവർ വിനോദിച്ചു. മൊഴിയേകൊണ്ട് സുഖപ്പെടുത്തിയവനെ മൊഴിമുനകൾകൊണ്ട് അവർ മുറിപ്പെടുത്തി. നാവിന്റെ കെട്ടുകളഴിച്ചവനെ നാവുകളാൽത്തന്നെ അവർ നിന്ദിച്ചു. അപസ്തുതികൾ പാടി അപമാനിച്ചു. ഒരു കോമാളിയുടെ മുമ്പിലെന്നപോലെ അവന്റെ മുമ്പിൽ പ്രണമിച്ചു നമസ്കരിച്ചു. മനുഷ്യനെന്ന മാന്യതപോലും അവർ അവന് അനുവദിച്ചില്ല. അസഭ്യവർഷത്തിന്റെ അങ്കിയുടുപ്പിച്ചു. അവനെ അണിയിച്ച അരുണവസ്ത്രവും കൈയിൽ കൊടുത്ത ഞാങ്ങണയും പരിഹാസത്തിന്റെ പര്യായങ്ങളായി. ഭാരമുള്ള ഒരു പരിഹാസഹാരംതന്നെ അവർ അവനെ ചാർത്താതെ ചാർത്തി. തന്നെ ചുറ്റിപ്പിടിച്ച ചാട്ടവാറുകളിലെ ചീളുകളും കുന്തമുനകളുമൊക്കെ ഏല്പിച്ചതിനെക്കാൾ കഠോരമായ വേദന അവരുടെ നാവിൻതുമ്പുകളിൽനിന്ന് അവൻ അനുഭവിച്ചു. എന്നിട്ടും, പൊടിക്കുഞ്ഞിനെപ്പോലും പരിഹസിക്കരുതെന്നു പഠിപ്പിച്ചവൻ അവയെല്ലാം സൗമ്യമായി സഹിച്ചു.



ചില 'പ്രത്തോറിയം' അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാവും. നിന്ദനമേറ്റു നാം ഒന്നുമല്ലാതായിപ്പോയ നിമിഷങ്ങൾ. പടുത്തുയർത്തിയ നിലയും വിലയുമൊക്കെ പൊടുന്നനേ പുഴയൊഴുക്കിൽപ്പെട്ടുപോയ അവസ്ഥ. വട്ടപ്പേരുള്ള കളിപ്പാട്ടമായി മറ്റുള്ളവർക്കുമുമ്പിൽ മാറിയ അവസരങ്ങൾ. സ്വകുടുംബത്തിലും സമൂഹത്തിലും പ്രവർത്തനമേഖലകളിലും അപമാനിക്കപ്പെട്ടതിന്റെ വ്രണങ്ങൾ ഇന്നും കരിയാതെ കിടക്കുന്നുണ്ടാവാം. അവയൊന്നും നമ്മുടെ രക്ഷകന്റേതിന്റെ ഒരംശം പോലും ഉണ്ടാവില്ല. അത്രമാത്രം അവാച്യമായ അവഹേളനത്തിന്റെ വഴിയിലൂടെയാണ് അവൻ നടന്നുനീങ്ങിയത്. നമ്മെ അപമാനിച്ചവരോടു നിരുപാധികം പൊറുക്കാം. ഒപ്പം, ആരെയെങ്കിലും പരിഹസിച്ചിട്ടുണ്ടെങ്കിൽ പശ്ചാത്തപിക്കാം. പരിഹാസമല്ല, പരിമളഹാസമാണ് നസ്രായനെ നായകനാക്കിയിട്ടുള്ള നമുക്ക് ഇണങ്ങുന്നത്. ഒരുത്തരെയും അവഹേളിക്കരുത്. വാക്കുകളെ വാക്കത്തിയാക്കാതെ വൈദ്യമാക്കുക. സകലരിലും ദൈവികസാന്നിധ്യമുണ്ട്. സകലരെയും നമ്മേക്കാൾ മേന്മയുള്ളവരായി കാണാം. മറ്റുള്ളവരിൽ നമ്മുടെ മുഖം കാണാൻ കഴിഞ്ഞാൽ അവരെ അപമാനിക്കാൻ നമുക്കാവില്ല. കുറവുകളുടെ പേരിൽ ആരെയും അവഹേളിക്കാതിരിക്കാം. വാക്കുകളെ വിശുദ്ധീകരിക്കാം. നിന്ദനവാക്കുകളുടെയല്ല, വന്ദനവചസുകളുടെ കലവറയാകട്ടെ ഇനിമുതൽ നമ്മുടെ വായ്. അധരങ്ങളുടെ അശുദ്ധിയെ അകറ്റാം. അതിനായി വചനപാരായണത്തെ ആശ്രയിക്കാം.

■

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

11



ഫാ. കുര്യാക്കോസ് നരിതൂക്കിൽ



# വിവാഹമോചിതർ കർത്താവിനെ ആരാധിക്കട്ടെ

**വി**വാഹമോചിതർക്കു സഭയിൽ വീണ്ടും വിവാഹിതരാകാൻ സാധിക്കുകയില്ല എന്നത് സഭയുടെ പഠനമാണ്. എന്നാലത് അംഗീകരിക്കാൻ ആധുനിക പൊതുസമൂഹം ഒരുക്കമല്ല. കർത്താവിനോടുള്ള വിശ്വസ്തതകാരണത്താൽ സഭയ്ക്ക് ഈ പ്രബോധനത്തിനു മാറ്റം വരുത്താനാവില്ല. വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമാക്കിയാണ് സഭ ഈ പ്രബോധനം മുറുകെപ്പിടിക്കുന്നത്. ഇസ്രായേലിൽ മോചനപത്രം എഴുതി ഭാര്യയെ ഉപേക്ഷിക്കുന്നതിനു നിയമം അനുവദിച്ചത് അവരുടെ ഹൃദയകാഠിന്യം കൊണ്ടാണെന്ന് കർത്താവ് പറയുകയും വിവാഹത്തിന്റെ അവിഭാജ്യത അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു. ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുവളെ സ്വീകരിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നുവെന്നും ഈശോ പഠിപ്പിച്ചു.

സ്വർഗരാജ്യത്തെപ്രതിയും നിത്യസമ്മാനത്തിനു യോഗ്യരാകുന്നതിനുമായി ത്യാഗങ്ങൾ ഏറ്റെടുക്കാൻ ഒരു വിശ്വാസി തയ്യാറാകണം. ദൈവനാമത്തിൽ ബഹുമാനത്തോടും ശാന്തമായും എന്നാൽ, വ്യക്തമായും കൃത്യമായും ഈ പ്രബോധനം കൈമാറാൻ സഭയ്ക്കു കടമയുണ്ട് എന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.

**കർശനനിലപാടിനു കാരണം**

മനുഷ്യന്റെ കഴിവുകളെ അതിലംഘിക്കുന്ന ദുഷ്കരമായ ഒരു ദൗത്യമാണ് സഭയ്ക്ക് ഈ ലോകത്തിൽ നിറവേറ്റാനുള്ളത്. ആധുനിക പാശ്ചാത്യലോകം കേൾക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും വിവാഹത്തെ സംബന്ധിച്ചതുൾപ്പെടെയുള്ള എല്ലാ വിശ്വാസസത്യങ്ങളും വ്യക്തമായി പഠിപ്പിക്കാൻ സഭയ്ക്കു കടമയുണ്ടെന്ന് കർദിനാൾ സറാ എടുത്തുപറയുന്നു. കർത്താവിന്റെ മനുഷ്യാവതാരം, തിരുവുത്ഥാനം, വിശുദ്ധകുർബാനയിലെ യഥാർഥസാന്നിധ്യം, മാമ്മോദീസാവഴി ലഭിക്കുന്ന നവജീവൻ തുടങ്ങിയ എല്ലാ വിശ്വാസസത്യങ്ങളും ലോകത്തിനുമുമ്പിൽ പ്രഘോഷിക്കേണ്ടതു സഭയാണ്. അതുപോലെതന്നെ, ദൈവം യോജിപ്പിക്കുന്ന ദിവ്യമായ വിവാഹബന്ധം വേർപെടുത്താൻ പാടില്ല; അതു വേർപെടുത്തി തുടർന്ന് ഏർപ്പെടുന്ന പുനർവിവാഹങ്ങൾ വാസ്തവമല്ലെന്നും അവർ നയിക്കുന്ന ജീവിതം സുവിശേഷവാക്യങ്ങൾപ്രകാരം വ്യഭിചാരം ചെയ്യരുത് എന്ന കല്പനയുടെ ലംഘനമാണെന്നു(മത്താ. 19:9)മുള്ള സഭയുടെ നിലപാടിനെ കഠിനവും യാഥാസ്ഥിതികവും അസ്വീകാര്യവുമായി ലോകം കരുതുന്നു. എന്നാലും സഭയ്ക്ക് നിശ്ശബ്ദത പാലിക്കാൻ സാധ്യമല്ല. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി. 9:17). സഭയ്ക്ക് ഈശോമിശിഹാ പഠിപ്പിച്ചതിനു വിരുദ്ധമായി ഒന്നും പഠിപ്പിക്കാൻ സാധ്യമല്ല.

അടുത്തതായി, കർദിനാൾ സറാ വിവാഹമോചനം നടത്തി വീണ്ടും വിവാഹിതരാകുന്നവർക്ക് വിശുദ്ധകുർബാന സ്വീകരിക്കാൻ സാധിക്കുകയില്ല എന്നു വ്യക്തമാക്കുന്നു. അവർ തുടർന്നും സഭയുടെ മക്കളാണ്. സഭ അവരെ സ്നേഹിക്കുകയും ചെയ്യുന്നു. "എന്നാൽ, വീണ്ടും വിവാഹിതരായ വിവാഹമോചിതർക്ക് വിശുദ്ധ കുർബാന നല്കുന്ന വൈദികൻ സഭയെയും കർത്താവായ ഈശോയെയും ഒറ്റിക്കൊടുക്കുന്നു. ലോകത്തിനു മുമ്പിൽ കാരുണ്യമുള്ളവനും തുറവുള്ളവനും സന്മനസ്സുള്ളവനും എന്ന പരിഗണനയാകുന്ന മുപ്പതു വെള്ളിനാണയങ്ങൾക്കായി ഈശോയെ ഒറ്റിക്കൊടുക്കുകയല്ലേ?" എന്നാണ് കർദിനാൾ സറാ ചോദിക്കുന്നത്. ഈ പറയുന്ന കാരുണ്യം തെറ്റായ കാരുണ്യമാണെന്നു ഗ്രന്ഥകർത്താവ് പറയുകയും പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഉദ്ധരിക്കുകയും ചെയ്യുന്നു!

"വിവാഹിതരോട് ഞാൻ – ഞാനല്ല, എന്റെ കർത്താവുതന്നെ – കല്പിക്കുന്നു: ഭാര്യ ഭർത്താവിൽനിന്നു വേർപിരിയരുത്. അവൾ വേർപിരിയുന്നെങ്കിൽ, അന്യപുരുഷനെ കൂടാതെ ജീവിക്കണം; അല്ലെങ്കിൽ, ഭർത്താവും ഭാര്യയും തമ്മിൽ രമ്യപ്പെടണം. ഭർത്താവ് തന്റെ ഭാര്യയെ ഉപേക്ഷിക്കുകയുമരുത്." (1 കൊറി. 7: 10, 11).

പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ ഈ വാക്കുകൾ കഴിഞ്ഞ ഇരുപതുനൂറ്റാണ്ടിലധികകാലത്തേക്കു സഭയുടെ നിയമമാണ്. ഇന്ന് അതിനു മാറ്റം വരുത്തിയാൽ യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം നാലാം അധ്യായത്തിൽ പറയുന്നതുപോലെ അവർ ദൈവത്തിൽനിന്നകന്നവരായി മാറും. "ഈശോമിശിഹാ ജഡം ധരിച്ചുവെന്ന് ഏറ്റുപറയുന്നവൻ ദൈവത്തിൽനിന്നുള്ളവനാണ്. ഈശോ ശരീരത്തിൽ ആഗതനായെന്ന് ഏറ്റുപറയാത്തവൻ ദൈവത്തിൽനിന്നുള്ളവനല്ല; പ്രത്യുത, വരുമെന്നു നിങ്ങൾ കേട്ടിട്ടുള്ള വ്യാജമിശിഹായിൽനിന്നുള്ളവനത്രേ. അവൻ പണ്ടുമുതലേ ലോകത്തിലുണ്ട്" (1 യോഹ. 4:3).

ഈശോയെ സ്വീകരിക്കുന്നവൻ അവിടുത്തെ പഠനങ്ങളും സ്വീകരിക്കണം. അതിനു മാറ്റം വരുത്താൻ ലോകത്തിന്റെ അരൂപി സമ്മർദം ചെലുത്തും. എന്നാൽ, അതിനു വഴങ്ങാൻ ദൈവാരൂപിയാൽ നയിക്കപ്പെടുന്ന സഭയ്ക്കു സാധ്യമല്ല.

**ദൈവശാസ്ത്രപരമായ അടിസ്ഥാനം**

വിവാഹത്തിന്റെ വിശുദ്ധിയും അവിഭാജ്യതയും അതിൽനിന്ന് ഉരുത്തിരിയുന്ന അജപാലനപരമായ നിയമങ്ങളും സഭാപഠനങ്ങളിൽ ആവർത്തിച്ചു പ്രഖ്യാപിച്ചുപോന്നിരുന്നു.

കർദിനാൾ സറാ മിലാനിലെ മെത്രാപ്പോലീത്തായായിരുന്ന കർദിനാൾ ആഞ്ചെലോ സ്കോളായുടെ വിശദീകരണം ഇവിടെ ചേർക്കുന്നുണ്ട്. വിശുദ്ധ കുർബാനയും വിവാഹമെന്ന കൂദാശയും തമ്മിൽ സ്ഥായിയായ ബന്ധമുണ്ട്. വിവാഹം എന്ന കൂദാശ കർത്താവും സഭയുമായുള്ള ദമ്പതികൾക്കടുത്ത ബന്ധത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതെന്ന് കർദിനാൾ സ്കോളാ വ്യക്തമാക്കുന്നു.

2014 ലെയും 2015 ലെയും സിനഡിനുശേഷം പ്രസിദ്ധീകരിച്ച 'അമോരിസ് ലെത്തീസ്യ' എന്ന അപ്പസ്തോലികപ്രബോധനത്തിൽ, വി. ജോൺപോൾ രണ്ടാമന്റെ 'ഫമിലിയാരിസ് കൊൺസോർസ്യോ'യിലെന്നപോലെ, വിവാഹമോചനശേഷം സിവിലായി വിവാഹിതരാകുന്നവർക്ക് വിശുദ്ധ കുർബാന സ്വീകരിക്കാൻ സാധിക്കുകയില്ല എന്ന് കൃത്യമായി പ്രസ്താവിക്കാത്തത് സങ്കടകരമായ ഒരു പോരായ്മയാണെന്ന് കർദിനാൾ ആഞ്ചെലോ സ്കോളാ 2018 ൽ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹം തുടരുന്നു: മുൻ പ്രമാണരേഖകളിലെ നിയമങ്ങൾ തള്ളിക്കളയുന്നില്ലെങ്കിലും അത് എടുത്തു പറയാത്തത് 'അമോരിസ് ലെത്തീസ്യ'യെ അടിസ്ഥാനമാക്കി പല വ്യാഖ്യാനങ്ങൾക്കും ഇടം നൽകി. അതിലെ 351–ാമത്തെ അടിക്കുറിപ്പ് സഭാപഠനത്തിൽ മാറ്റം വരുത്തുന്നതിന് അനുവദിക്കുന്നു എന്നു വ്യാഖ്യാനിക്കപ്പെട്ടു. എന്നാൽ, കർദിനാൾ സറാ എഴുതുന്നു: "പരമ്പരാഗതമായ സഭാപഠനത്തിനു നിർണായകമായ മാറ്റം വരുത്തണമെങ്കിൽ ഫ്രാൻസീസ് മാർപാപ്പാ അതൊരു അടിക്കുറിപ്പിലൂടെ നടത്തുമെന്നു ഞാൻ കരുതുന്നില്ല."

കർദിനാൾ സ്കോളാ പറയുന്നത് ദിവ്യകാരുണ്യസ്വീകരണം ഒഴികെ മറ്റു പല കാര്യങ്ങളും ഇവർക്ക് അനുവദനീയമായിട്ടുണ്ടെന്നുള്ളതാണ്. അദ്ദേഹം ബനഡിക്ട് പതിനാറാമന്റെ 'സ്നേഹത്തിന്റെ കൂദാശ' നമ്പർ 29 ലെ ആശയങ്ങളും അവതരിപ്പിക്കുന്നുണ്ട്.

വിവാഹമോചിതരും എന്നാൽ, പുതിയ ബന്ധത്തിൽ ജീവിക്കുന്നവരുമായവർ അജപാലനപരമായ ശ്രദ്ധ അർഹിക്കുന്നുണ്ട്. എന്നാൽ, സത്യത്തോടുള്ള പ്രതിബദ്ധത ഇവർക്ക് വിശുദ്ധ കുർബാന നല്കുന്നതിൽനിന്ന് അജപാലകരെ പിന്തിരിപ്പിക്കുകയും വേണം.

ഈ അധ്യായം സമാപിപ്പിച്ചുകൊണ്ട് കർദിനാൾ സറാ ഹൃദയസ്പൃക്കായ ഒരു ഉപദേശം വിവാഹമോചിതരും വീണ്ടും വിവാഹിതരുമായവർക്കും നല്കുന്നുണ്ട്. അവർക്ക് ഒന്നുകൂടി കൂദാശാപരമായി വിവാഹിതരാകാനും വിശുദ്ധ കൂദാശകൾ സ്വീകരിക്കാനും സാധിക്കാത്തതിന്റെ വ്യക്തിപരമായ ഹൃദയവേദന മനസ്സിലാക്കുന്നു എന്നു പറഞ്ഞതിനുശേഷം അവരോടു പറയുന്നു: "ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു. പ്രിയപ്പെട്ടവരേ, നിങ്ങളുടെ അമ്മയായ വിശുദ്ധ കത്തോലിക്കാസഭ കടുംപിടിത്തക്കാരിയും നിർദയയും ആണെന്നു കരുതരുതേ. നിങ്ങൾക്കു സങ്കടപ്പെടാനും ഇങ്ങനെ കരുതാനും കാരണങ്ങളുണ്ട്. എന്നാൽ, സുവിശേഷങ്ങളിലെ ഈശോയെത്തന്നെ കഠിനഹൃദയനും മനുഷ്യത്വമില്ലാത്തവനുമായി കാണാൻ ഇടവരരുത്."

സ്നേഹിതരേ, നിങ്ങൾ സഭാമാതാവിനെ സ്നേഹിക്കുക. നിങ്ങളുടെ അവസ്ഥയ്ക്കു മാറ്റം വരുത്താൻ സാധിക്കാത്തതുകൊണ്ട് വി. കുർബാന സ്വീകരണത്തിന് അണയാതിരിക്കുക. പള്ളിയിൽവന്ന് സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിനെ ആരാധിക്കുക. ഞാൻ പലപ്പോഴും ചുങ്കക്കാരനെപ്പോലെ എനിക്കുവേണ്ടി പ്രാർഥിക്കുന്നു. "ദൈവമേ, പാപിയായ എന്നിൽ കനിയണമേ." (ലൂക്കാ 18: 13). നിങ്ങൾക്കും ഈ പ്രാർഥന സ്വന്തമാക്കാം. ആവുന്നിടത്തോളം നന്മ ചെയ്യുക. സഭാ മാതാവിനോടു ഹൃദയത്തിൽ കയ്പേറിയ ചിന്തകൾ വച്ചുപുലർത്താതിരിക്കുക. ഇപ്രകാരമുള്ള ഉപദേശങ്ങളാണ് കർദിനാൾ സറാ നല്കുന്നത്.

1964 ജനുവരി മാസം 5–ാം തീയതി വിശുദ്ധ പോൾ ആറാമൻ പാപ്പാ വിശുദ്ധനാട് സന്ദർശിച്ചപ്പോൾ നസ്രത്തിൽവച്ചു ചെയ്ത പ്രസംഗവും ഈ അധ്യായത്തിൽ ഉദ്ധരിക്കുന്നുണ്ട്.

നസ്രത്തിലെ കുടുംബത്തിൽനിന്നു പഠിക്കേണ്ട ആദ്യപാഠം നിശ്ശബ്ദതയാണെന്നാണ് പോൾ ആറാമൻ പാപ്പാ പറഞ്ഞത്. തുടർന്ന്, പ്രാർഥനയും ആന്തരികജീവിതവും അഭ്യസിക്കണം.


കുടുംബം സ്നേഹസമൂഹമാണെന്നാണ് നസ്രത്തിൽനിന്നു പഠിക്കേണ്ട മറ്റൊരു പാഠം. സ്നേഹസമൂഹത്തിന്റെ ലാളിത്യവും സൗന്ദര്യവും നാമവിടെ ദർശിക്കുന്നു. ഈ സ്നേഹം സ്വഭാവത്താലേ പരിപാവനവും അവിഭാജ്യവുമാണ്. അടുത്ത പാഠം തൊഴിലിന്റെയും അധ്വാനത്തിന്റെയുമാണ്. അധ്വാനത്തിനു രക്ഷാകരമായ ഒരു മാനമുണ്ടെന്ന് നസ്രത്തിലെ തിരുക്കുടുംബം നമ്മെ പഠിപ്പിക്കുന്നു. അതിൽനിന്നാണ് തൊഴിലിന്റെ മാഹാത്മ്യം നമ്മൾ തിരിച്ചറിയേണ്ടതെന്നും വിശുദ്ധ പോൾ ആറാമൻ പാപ്പാ ഉദ്ബോധിപ്പിച്ചു. തിരുക്കുടുംബം ക്രിസ്തീയകുടുംബങ്ങൾക്ക് ഉത്തമ മാതൃകയാണെന്ന് ഗ്രന്ഥകാരൻ പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്.

■





# സാനിയ മിർസയുഗം അവസാനിക്കുന്നു



സനിൽ പി. തോമസ്

**ആ**റാം വയസ്സിൽ ടെന്നീസ് റാക്കറ്റ് കൈയിലെടുത്ത സാനിയ മിർസ മുപ്പത്തേഴാം വയസ്സിൽ റാക്കറ്റ് താഴെ വയ്ക്കുമ്പോൾ ഇന്ത്യൻ വനിതാ ടെന്നീസിൽ ഒരു യുഗസമാപ്തിയാണ് ദൃശ്യമാകുന്നത്. പോയവർഷം വിടവാങ്ങൽ പ്രഖ്യാപിച്ച സാനിയയ്ക്ക് പരിക്കുമൂലം യു.എസ്. ഓപ്പൺ കളിക്കാനായില്ല. അതിനാൽ മടങ്ങിയെത്തി, ജനുവരി 16 നു തുടങ്ങിയ ഓസ്ട്രേലിയൻ ഓപ്പണിലും അടുത്ത മാസം 19 നു തുടങ്ങുന്ന ദുബായ് ടെന്നീസ് ചാമ്പ്യൻഷിപ്പിലും മത്സരിച്ച് രംഗം വിടുകയാണ്.

ഓസ്ട്രേലിയൻ ഓപ്പണിൽ രോഹൻ ബോപ്പണ്ണയുമൊത്ത് മിക്സ്ഡ് ഡബിൾസിൽ മത്സരിക്കുന്ന സാനിയയ്ക്ക് ഗ്രാൻഡ് സ്ലാമുകളിൽനിന്നുള്ള വൈകാരികമായ വിടവാങ്ങലാകുമത്. 2005 ൽ ഓസ്ട്രേലിയൻ ഓപ്പണിലൂടെയായിരുന്നു സാനിയയുടെ ഗ്രാൻഡ്സ്ലാം അരങ്ങേറ്റം. മെൽബൺ പാർക്കിലെ സ്പോർട്സ് കോംപ്ലെക്സിൽ ഇത്തവണത്തെ ടൂർണമെന്റിൽ കളിക്കുമ്പോൾ സാനിയയ്ക്ക് പിന്നിട്ട നാളുകളിലേക്ക് ഒരു തിരിഞ്ഞുനോട്ടവുമാകും, അഭിമാനപൂർവകമായ തിരിഞ്ഞുനോട്ടം.

നാല് ഒളിംപിക്സ്, ഡബിൾസിലും മിക്സ്ഡ് ഡബിൾസിലുമായി ആറു ഗ്രാൻഡ് സ്ലാം കിരീടങ്ങൾ. വനിതാ ടെന്നീസ് അസോസിയേഷൻ (ഡബ്ലിയു. ടി.എ.) ടൂർണമെന്റുകളിൽ 42 കിരീടങ്ങൾ. ലോകറാങ്കിങ്ങിൽ 30 നുള്ളിൽ സ്ഥാനം നേടിയ (2007 ഓഗസ്റ്റ് 27 ന് ഇരുപത്തേഴാം റാങ്ക്) താരം. വനിതാ ഡബിൾസിൽ ലോക ഒന്നാം നമ്പർ കളിക്കാരി. ഏഷ്യൻ ഗെയിംസിലും കോമൺവെൽത്ത് ഗെയിംസിലും മെഡൽനേട്ടം. ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച വനിതാ ടെന്നീസ് താരമെന്ന ലേബൽ സാനിയയ്ക്ക് അവകാശപ്പെട്ടത്.

നിരുപമ മേങ്കാദും കിരൺ ബേദിയും നിരുപമ വൈദ്യനാഥനുമൊക്കെ തുടക്കമിട്ട ഇന്ത്യയുടെ ടെന്നീസ് മികവ് സാനിയയിലൂടെ പൂർണതയിൽ എത്തുകയായിരുന്നു. ഇമ്രാൻ മിർസയുടെയും നസീമയുടെയും മകളായി 1986 നവംബർ 15 നു മുംബൈയിൽ ജനിച്ച സാനിയ മിർസയുടെ കുടുംബം ഹൈദരാബാദിലേക്കു മാറിയശേഷമാണ് സാനിയയിലെ ടെന്നീസ് താരം ശ്രദ്ധിക്കപ്പെട്ടത്. ഹൈദരാബാദ് സെന്റ് മേരീസ് കോളജിൽനിന്നു ബിരുദം നേടുമ്പോൾ സാനിയ മിർസ ഇന്ത്യയുടെ ഒന്നാംനമ്പർ വനിതാതാരമായി മാറിക്കഴിഞ്ഞിരുന്നു.

തുടക്കത്തിൽ പിതാവായിരുന്നു പരിശീലകൻ. പിന്നീട് റോജർ ആൻഡേഴ്സിന്റെ ശിക്ഷണം ലഭിച്ചു. കരുത്തേറിയ ഫോർഹാൻഡ് ഷോട്ടുകളും ഇരുകരങ്ങളും ഉപയോഗിച്ചുള്ള ബാക്ക് ഹാൻഡ് ശൈലിയുമായി സാനിയ ടെന്നീസ് കോർട്ടുകൾ കീഴടക്കി. 2003 ഫെബ്രുവരിയിലായിരുന്നു പ്രഫഷണൽരംഗത്തെ അരങ്ങേറ്റം. 2013 വരെ മാത്രമാണു സിംഗിൾസിൽ ശ്രദ്ധയൂന്നിയത്. പിന്നീട് ഡബിൾസ് ആയി ഇഷ്ടയിനം.

2010 ൽ പാക്കിസ്ഥാൻ ക്രിക്കറ്റ് താരം ശുഹൈബ് മാലിക്കിനെ വിവാഹം കഴിച്ച സാനിയയെ പിന്നീട് പാക്കിസ്ഥാൻകാരിയായി കാണാൻ ചിലർ ശ്രമിച്ചു. മറുവശത്ത് സാനിയയുടെ വസ്ത്രധാരണത്തെ ചിലർ മതവിരുദ്ധതയായി കാണാനും ഒരുങ്ങി. പക്ഷേ, സാനിയ എന്നും ഇന്ത്യക്കാരിയായി ജീവിച്ചു. രാജ്യത്തിനായി കളിച്ചു. ഫോൺ നമ്പർ എഴുതിക്കൊടുത്തിട്ട് എന്ത് ആവശ്യമുണ്ടെങ്കിലും തന്നെ വിളിക്കാൻ മറക്കണ്ട എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞത് സാനിയയുടെ രാജ്യസ്നേഹത്തിന് അടിവരയിട്ടുകൊണ്ടാണ്.

പ്രസവത്തിനായി 2018 ൽ മത്സരരംഗംവിട്ട സാനിയ ഇസ്ഹാൻമിർസ മാലിക്കിന്റെ അമ്മയായി 2020 ൽ തിരിച്ചുവന്നു. "സത്യം പറഞ്ഞാൽ, എന്റെ ഇഷ്ടത്തിനു കാര്യങ്ങൾ തീരുമാനിക്കുന്ന സ്വഭാവക്കാരിയാണു ഞാൻ. അതുകൊണ്ടാണ് പരുക്കുമൂലം വിടവാങ്ങൽ നേരത്തേയാക്കേണ്ടെന്നു തീരുമാനിച്ചതും." കഴിഞ്ഞവർഷം വിരമിക്കാനുള്ള തീരുമാനം മാറ്റിയതിനെക്കുറിച്ച് സാനിയ പ്രതികരിച്ചു. 2022 ലെ ഡബ്ലിയു ടി.എ. ഫൈനൽസോടെ വിരമിക്കാനായിരുന്നു ആദ്യതീരുമാനം. അപ്പോഴാണ് കൈമുട്ടിനു പരുക്കേറ്റത്.

പരുക്കിനു കീഴടങ്ങാൻ തയ്യാറല്ലെന്നു വ്യക്തമാക്കിയ സാനിയ മത്സരിച്ചുതന്നെ കോർട്ട് വിടാൻ ആഗ്രഹിച്ചു. ഒരു കായികതാരത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ ഉത്തമോദാഹരണം. പരുക്കുമൂലം മത്സരിക്കാതെ രംഗം വിട്ടാൽ അതൊരു കീഴടങ്ങലാകുമെന്ന് സാനിയയിലെ കരുത്തയായ വനിത ചിന്തിച്ചു. ഈ നിശ്ചയദാർഢ്യമാണ് മതവും രാജ്യവുമൊക്കെപ്പറഞ്ഞു വിമർശിക്കാൻ തുടങ്ങിയവരുടെ വായടപ്പിച്ചതും. കായികലോകം അവൾക്കൊപ്പം നിന്നു. രാജ്യം സാനിയയ്ക്കുപിന്നിൽ ഒറ്റക്കെട്ടായി. രാജ്യത്തിനുവേണ്ടി കളിക്കളത്തിൽ സമർപ്പിക്കപ്പെട്ട ജീവിതത്തിനു ലഭിച്ച അംഗീകാരമായിരുന്നു ആ ദൃഢമായ പിന്തുണ.

ബെയ്ജിങ് ഒളിംപിക്സിൽ (2008) കളിച്ച സാനിയ 2021 ൽ ടോക്കിയോ ഒളിംപിക്സിലും മത്സരിച്ച് ഒളിംപിക് മത്സരവേദി വിട്ടപ്പോൾ ഒരു ദുഃഖം മാത്രം ബാക്കി. സാധ്യമാകുമായിരുന്നൊരു ഒളിംപിക് മെഡൽ വഴുതിമാറിയതിലെ ദുഃഖം. 1996 ൽ അറ്റ്ലാന്റയിൽ ലിയാൻഡർ പെയ്സ് വെങ്കലം നേടിയശേഷം ടെന്നീസ്കോർട്ടിൽനിന്നൊരു ഒളിംപിക്മെഡൽ സാനിയയിലൂടെ ഇന്ത്യ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, 2016 ൽ റിയോയിൽ സാനിയ – രോഹൻ ബോപ്പണ്ണ ടീം മിക്സ്ഡ് ഡബിൾസിൽ നാലാം സ്ഥാനംകൊണ്ടു തൃപ്തിപ്പെട്ടു. സെമിഫൈനലിൽ യു.എസിന്റെ വീനസ് വില്യംസ് – രാജീവ് റാം സഖ്യത്തോടായിരുന്നു തോൽവി (6–2, 2–6, 3–10). പൊരുതിത്തോറ്റുവെന്നുതന്നെ പറയാം. വെങ്കല മെഡലിനായുള്ള മത്സരത്തിലാകട്ടെ ചെക്ക് താരങ്ങളായ റാദേക് സ്റ്റെഫാനെക്കു – ലൂസി ഹ്രദെകാ സഖ്യത്തോടായിരുന്നു തോൽവി (1–6, 6–7).

പക്ഷേ, 2012 ൽ ലണ്ടൻ ഒളിംപിക്സിൽ മിക്സ്ഡ് ഡബിൾസിൽ തന്റെ മെഡൽസാധ്യത തകർത്തത് ടെന്നീസ് അസോസിയേഷനാണെന്ന് സാനിയ കുറ്റപ്പെടുത്തി. 'എയ്സ് എഗേൻസ്റ്റ് ഓഡ്സ്' (Ace against Odds)എന്ന ആത്മകഥയിൽ ഇക്കാര്യം സാനിയ പരാമർശിച്ചിട്ടുണ്ട്. രോഹൻ ബോപ്പണ്ണയുമായി നല്ലതുപോലെ സെറ്റ് ആയിരുന്ന മിക്സ്ഡ് ഡബിൾസ് ടീം അഴിച്ചുപണിത് ലിയാൻഡർ പെയ്സിനെ പങ്കാളിയാക്കിയതോടെ താളംതെറ്റിയെന്നു സാനിയ വിശ്വസിക്കുന്നു. സാനിയയുടെ മിക്സഡ് ഡബിൾസ് പങ്കാളിയാകുന്നതിനെച്ചൊല്ലി ഉടലെടുത്ത തർക്കം മഹേഷ് ഭൂപതി – ലിയാൻഡർ പെയ്സ് സൗഹൃദവും തകർത്തു. ഈ സൗന്ദര്യപ്പിണക്കം ഡേവിസ് കപ്പിൽ ഇന്ത്യയുടെ സാധ്യതകളും ഇല്ലാതാക്കി.

സ്വിറ്റ്സർലൻഡിന്റെ മർട്ടീനാ ഹിംഗിസുമൊത്ത് മൂന്നുതവണ ഗ്രാൻഡ്സ്ലാം ഡബിൾസിൽ ജയിച്ച സാനിയ മിക്സ്ഡ് ഡബിൾസിൽ രണ്ടു തവണ ഗ്രാൻഡ്സ്ലാം വിജയിച്ചത് മഹേഷ് ഭൂപതിയുമൊത്തായിരുന്നു. 2014 ൽ യു.എസ്. ഓപ്പൺ ജയിച്ചപ്പോൾ ബ്രസീൽ താരം ബ്രൂണോ സോറെസ് ആയിരുന്നു കൂട്ട്. മർട്ടീനയുമൊത്ത് തുടരെ മൂന്നു മേജർ കിരീടങ്ങൾ ചൂടിയ സാനിയ 2016 ൽ ഡബിൾസിൽ ലോക ഒന്നാം നമ്പരുമായി. ഈ കൂട്ടുകെട്ടിന് സാന്റിന എന്നു പേരും വീണു. ടെന്നീസ് ലോകം ആസ്വദിച്ചൊരു കൂട്ടുകെട്ടായിരുന്നത്.

മനസ്സ് ചിന്തിക്കുംപോലെ ശരീരം വഴങ്ങുന്നില്ല എന്നു തോന്നിയാൽ കളിക്കളം വിടാൻ താരങ്ങൾ തയ്യാറാകുക പതിവാണ്. സാനിയ മിർസയും ഇപ്പോൾ അങ്ങനെ ചിന്തിക്കുന്നു. സാനിയയ്ക്കുശേഷം ആര് എന്ന ചോദ്യത്തിന് ഇന്ത്യ ഉത്തരം കണ്ടെത്തിയിട്ടില്ല എന്ന യാഥാർഥ്യം അവശേഷിക്കുന്നു. പരിശീലകയായി സജീവമായാൽ ഒരുപക്ഷേ, സാനിയതന്നെ പുത്തൻതാരങ്ങളെ കണ്ടെത്തും. പക്ഷേ, ഇന്ത്യൻ വനിതാ ടെന്നീസിൽ വലിയൊരു ശൂന്യത അവശേഷിപ്പിച്ചാണ് അടുത്ത മാസം സാനിയ മത്സരരംഗം വിടുന്നത്.

■



*ജസ്റ്റിസ് എൻ. നഗരേഷിൽനിന്നു സാഹിതീസോപാനം അവാർഡ് റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സ്വീകരിക്കുന്നു. പ്രഫ. എം.കെ. സാനു, ഡോ. ജോർജ് തയ്യിൽ, പ്രഫ. ഏബ്രഹാം അറയ്ക്കൽ, ഇഗ്നേഷ്യസ് ഗോൺസാൽവസ്, ഫാ. തോമസ് പുതുശ്ശേരി, ബോബി ജോൺ തുടങ്ങിയവർ സമീപം.*

Deepanalam Weekly

RNI No : 16998/68
Vol. 55 No. 46 Date of Publication 19 Jan 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം അർക്കദിയാക്കോൻ തീർത്ഥാടനദൈവാലയത്തിൽ

# മൂന്നുനോമ്പ് തിരുനാൾ

**2023 ജനുവരി 29 ഞായർ**
6.45 am കൊടിയേറ്റ്, ലദീഞ്ഞ്
ആർച്ചുപ്രീസ്റ്റ്
റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ

**2023 ജനുവരി 30 തിങ്കൾ**
10.00 am തിരുനാൾ റാസ, സന്ദേശം
മാർ ജോസഫ് പെരുന്തോട്ടം
(മെത്രാപ്പോലീത്താ, ചങ്ങനാശേരി അതിരൂപത)

**2023 ജനുവരി 31 ചൊവ്വ**
10.30 am ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്
(പാലാ രൂപത മെത്രാൻ)
1.00 pm ചരിത്രപ്രസിദ്ധമായ **കപ്പൽപ്രദക്ഷിണം**

**2023 ഫെബ്രുവരി 1 ബുധൻ**
10.30 am ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
മാർ ജോസ് പുളിക്കൽ
(കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ)



## DEEPTHI GROUP OF NURSING INSTITUTIONS

**Hyderabad** (Saradha Nagar) | **Nalgonda** (Shanthi Nagar)

**കോഴ്സുകൾ**
B.Sc (N)
G.N.M.
POST B.Sc. (N)

**ഞങ്ങളുടെ പ്രത്യേകതകൾ**
• മെഡിക്കൽ കോളജിൽ പരിശീലനം • ബാങ്ക് ലോൺ സൗകര്യം • ഫീസ് തവണകളായി അടയ്ക്കാം • കേരളഭക്ഷണം • കേരളത്തിൽ നിന്നുള്ള അധ്യാപകർ • കോളജ് കാമ്പസിൽത്തന്നെ ഹോസ്റ്റൽ • പ്രവേശനം പെൺകുട്ടികൾക്കു മാത്രം • പഠനത്തോടൊപ്പം IELTS, OET കോച്ചിംഗ്.

കൂടുതൽ വിവരങ്ങൾക്ക്:
കുറവിലങ്ങാട് പള്ളിക്കവലയിൽ മരിയ ടവറിൽ പ്രവർത്തിക്കുന്ന കോളജ് ഓഫീസുമായി ബന്ധപ്പെടുക.
കെ.സി. ബേബി (കോളജ് സ്റ്റാഫ്), ഫോൺ: 04822-299409, 9440246409

കാൽനൂറ്റാണ്ടിന്റെ വിശ്വസ്തപാരമ്പര്യം

## സെന്റ് വിൻസെന്റ് ഹോസ്പിറ്റൽ, കുറവിലങ്ങാട്

PH: 04822-231636, 9495175636

**ചികിത്സാവിഭാഗങ്ങൾ:**
. ജനറൽ മെഡിസിൻ . പീഡിയാട്രിക്സ് . ഓർത്തോപീഡിക്സ് . ഒഫ്താൽമോളജി . നെഫ്രോളജി (ഒന്നിടവിട്ട വ്യാഴാഴ്ചകളിൽ) . ENT (തിങ്കൾ, ബുധൻ, വെള്ളി) . കാർഡിയോളജി (വിസിറ്റിംഗ്) . ഡയാലിസിസ് (ഞായർ ഒഴികെ എല്ലാ ദിവസവും) . ക്ലിനിക്കൽ സൈക്കോളജി & കൗൺസലിംഗ് . ആയുർവേദം . ഫിസിയോതെറാപ്പി (എല്ലാ ദിവസവും)

അഡ്മിനിസ്ട്രേറ്റർ

ഒരു പതിറ്റാണ്ടിന്റെ വിശ്വസ്തപാരമ്പര്യം

## MGH KURAVILANGAD മാതാ ഗ്ലാസ് ഹൗസ്

വൈക്കംറോഡ്, കുറവിലങ്ങാട് ഫോൺ: 9400663279, 9846169741
Email - mghkuravilangad@gmail.com

Hinges, Tower Bolts, Locks, Kitchen Accessories, Bathroom Fittings, Curtain Accessories, Plywoods, Multiwood, MDF, HDF, Hylam sheet, Glass Etching, Colouring, Acid Work, Beveling, Polishing, etc...

SAINT-GOBAIN Godrej dorsët Sleek THE KITCHEN SPECIALIST
FABER AIR MATTERS EUROPA THE REAL SECURITY Bestwood GREENPANEL

പ്രായമായവർക്കും വൈകല്യമുള്ളവർക്കും പരിചരണവും ആശ്വാസവുമായി

## CHAITHANYA CARE HOME

CHAITHANYA TRUST HOSPITAL COMPLEX
KOZHA P.O., KURAVILANGAD
PH: 04822-23 11 33, MOB: 9656511333, 9745300576
E-mail: cthospital109@gmail.com



**ഞങ്ങളുടെ സേവനങ്ങൾ**
- 24 മണിക്കൂറും മികച്ച നിലവാരമുള്ള നേഴ്സിംഗ് പരിചരണം
- ഫിസിയോ തെറാപ്പിക്കുള്ള സൗകര്യം
- Suction, ഓക്സിജൻ, ബ്ലഡ് ടെസ്റ്റ്, ഇൻജക്ഷൻ തുടങ്ങിയ എല്ലാവിധ നേഴ്സിംഗ് സേവനങ്ങളും









- ഡോക്ടറുടെ സേവനം 24 മണിക്കൂറും ആവശ്യാനുസരണം.
- ആംബുലൻസ് സൗകര്യം
- എ.സി. & നോൺ എ.സി. മുറികൾ
- മാനസികോല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
- രുചികരവും ആരോഗ്യപ്രദവുമായ ഭക്ഷണം.
- ആവശ്യാനുസരണം ആശുപത്രിസേവനം.
- ഓരോ രോഗിയുടെയും അവസ്ഥയ്ക്കനുസരിച്ചു കൃത്യമായ ഇടവേളകളിലുള്ള പ്രത്യേക നിരീക്ഷണവും ചികിത്സകളും.

- മാനേജർ

കുറവിലങ്ങാട് മുത്തിയമ്മേ



ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
ഒരു വിശ്വാസി, കുറവിലങ്ങാട്

മുത്തിയമ്മയുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
കുറുപ്പന്തറ


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org